VOL NO: 07 I ISSUE 03
www.nerpatham.com
mail@nerpatham.com
2023 JANUARY 21 I ₹10

# നേർപഥം

വാരിക



# കേരള മുസ്‌ലിം നവോത്ഥാനവും യാഥാസ്ഥിതികരുടെ അവകാശവാദങ്ങളും

സാംസ്കാരികമായി മുന്നോട്ടും ആദർശപരമായി പിന്നോട്ടുമുള്ള പ്രയാണമാണ് വിശ്വാസിയെ സംബന്ധിച്ചിടത്തോളം നവോത്ഥാനം. സമുദായത്തിന്റെ ഇന്നലെകളിൽ വേവും ചൂടും അനുഭവിച്ചവർക്കേ ഇന്നിന്റെ ശീതളച്ഛായയിൽ ആശ്വാസം കണ്ടെത്താൻ കഴിയൂ. ഒരു ജനതയുടെ പുരോഗതിയൊന്നാകെ തടഞ്ഞുനിർത്തിയവർ ഭൂതകാലത്തിന്റെ മേന്മകൾ എണ്ണിയെണ്ണി പറയുന്നത് കേൾക്കുമ്പോൾ സഹതാപം തോന്നുക സ്വാഭാവികം!

## ചിട്ടയായ ജീവിതവും ആരോഗ്യവും

|| എസൻഷ്യൽ പ്രാക്റ്റീസും സർക്കാർ ദുർവ്യാഖ്യാനങ്ങളും

|| പ്രവാചകന്മാരും അദൃശ്യകാര്യങ്ങളും വ്യാജ ആദർശവാദികളുടെ ദുർവ്യാഖ്യാനങ്ങളും

|| 'ഉദരനിമിത്തം ബഹുകൃതവേഷം' കെട്ടരുത്; ചാനൽ അവതാരകരോട് സുപ്രീം കോടതി



സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

Enrol Now!

# GreenHome
RESIDENTIAL CAMPUS

## സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

**For Boys Grade 5 to 8**
**For Girls Grade 6 & 7**

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0313

# നേർപഥം

വാരിക

2023 ജനുവരി 21
1444 ജുമാദുൽ ഉഖ്റാ 27
പുസ്തകം 07 / ലക്കം 03






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി 10

## കേരള മുസ്‌ലിം നവോത്ഥാനവും യാഥാസ്ഥിതികരുടെ അവകാശവാദങ്ങളും

മുജീബ് ഒട്ടുമ്മൽ

മുഖമൊഴി

05 ‘ഉദരനിമിത്തം ബഹുകൃതവേഷം’ കെട്ടരുത്; ചാനൽ അവതാരകരോട് സുപ്രീം കോടതി

ജാലകം

06 ഫിത്നകൾ സൂക്ഷിക്കുക
കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ

മധുരം ജീവിതം

07 അല്ലാഹു അനുഗ്രഹിച്ചവർ
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

യുവപഥം

08 വിച്ഛേദിക്കാനാവാത്ത ബന്ധം
ദുൽക്കർഷാൻ അലനല്ലൂർ

പാചകപഥം

15 തക്കാളി സോസ്
സലീന ബിൻത് മുഹമ്മദലി

ബാലപഥം

16 പൊഴിയുന്ന പുണ്യങ്ങൾ
ഷാസിയ നസ്‌ലി
വിവ: ഇബ്നുഅലി എടത്തനാട്ടുകര

ലേഖനം

18 ഇസ്‌ലാം:പ്രബോധനം,പ്രസ്ഥാനം ചില സമകാലിക ചിന്തകൾ
ടി.കെ.അശ്റഫ് /ഉസ്മാൻ പാലക്കാഴി

ക്വുർആൻ ദർശനം

23 സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം

25 കപ്പൽ സഞ്ചാരത്തിലെ ദൈവിക ദൃഷ്ടാന്തങ്ങൾ
ഡോ. ടി. കെ യൂസുഫ്

ലേഖനം

26 എസൻഷ്യൽ പ്രാക്റ്റീസും സർക്കാർ ദുർവ്യാഖ്യാനങ്ങളും
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം

30 പ്രവാചകന്മാരും അദൃശ്യകാര്യങ്ങളും വ്യാജ ആദർശവാദികളുടെ ദുർവ്യാഖ്യാനങ്ങളും
മൂസ സ്വലാഹി കാര

ആരോഗ്യപഥം

33 ചിട്ടയായ ജീവിതവും ആരോഗ്യവും
ജാസ്മിൻ കെ.പി പാലക്കാഴി

വനിതാപഥം

34 സത്യവിശ്വാസിനിയായ ഭാര്യ
ഉസ്മാൻ പാലക്കാഴി



# തൊഴിലവസരങ്ങൾ സൃഷ്ടിച്ച് യുവതയെ സക്രിയമാക്കണം: വിസ്ഡം യൂത്ത്

പെരിന്തൽമണ്ണ: രാജ്യത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് യുവതയെ സക്രിയമായി ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ അധികൃതർ തയ്യാറാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം അഭിപ്രായപ്പെട്ടു.

തൊഴിൽരാഹിത്യം ലഹരിപദാർഥങ്ങളുടെ വിപണിയെ സജീവമാക്കി നിർത്തുന്നുവെന്ന വിമർശനത്തെ ഗൗരവമായി കാണണം. തൊഴിൽ -വിദ്യാഭ്യാസ രംഗങ്ങളിലെ സംവരണ സമുദായങ്ങളുടെ ആശങ്കകൾ പരിഹരിക്കാനും അവർക്ക് കൂടുതൽ അവസരങ്ങൾ ഉണ്ടാക്കുവാനും നടപടികൾ സ്വീകരിക്കണം. കലാ സാംസ്കാരിക വേദികൾ മനസ്സുകൾ തമ്മിൽ ഇണക്കുന്നതും വിഭാഗീയ ചിന്തകളെ നിരാകരിക്കുന്നതുമാകാൻ അധികൃതർ ശ്രദ്ധിക്കണം. സ്വതന്ത്രവാദവും നവനാസ്തികതയും കേരളത്തിൽ ഫാഷിസത്തിന് വഴിയൊരുക്കുകയാണെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

പ്രതിനിധി സമ്മേളനം പി.വി.അബ്ദുൽ വഹാബ് എംപി ഉദ്ഘാടനം ചെയ്തു. ഹാരിസ് കായക്കൊടി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, ട്രഷറർ നാസിർ ബാലുശ്ശേരി, അബ്ദുല്ല ഫാസിൽ, ഫൈസൽ മൗലവി, ഒ. മുഹമ്മദ് അൻവർ, താജുദ്ദീൻ സ്വലാഹി, ടി.കെ നിഷാദ് സലഫി, അൻഫസ് മുക്റം, ഡോ. ഫസലുറഹ്മാൻ, ഡോ. അബ്ദുൽ മാലിക്, ഡോ. പി.പി നസീഫ്, ജംഷീർ സ്വലാഹി, ഷിനാജുദ്ദീൻ, ഫിറോസ് ഖാൻ സ്വലാഹി, മുസ്തഫ മദനി, ബഷീർ വി.പി പ്രസംഗിച്ചു.

# സംഘപരിവാരങ്ങൾ ഇന്ത്യയെ നാണംകെടുത്തുന്നു:
## പി.വി അബ്ദുൽ വഹാബ് എംപി

പെരിന്തൽമണ്ണ: വർഗീയരാഷ്ട്രീയം കൊണ്ട് രാജ്യത്തെ പൗരൻമാരെ വിഭജിക്കുകയും ന്യൂനപക്ഷങ്ങളെ അക്രമത്തിലൂടെ അരക്ഷിതരാക്കുകയും ചെയ്തുകൊണ്ട് ബിജെപി ലോക രാജ്യങ്ങൾക്കിടയിൽ ഇന്ത്യയെ നാണം കെടുത്തുകയാണ് എന്ന് പി.വി. അബ്ദുൽ വഹാബ് എംപി അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നൂറോളം രാജ്യങ്ങളിൽ ഉണ്ടായ മനുഷ്യാവകാശങ്ങളെ കുറിച്ചുള്ള ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ പഠന റിപ്പോർട്ടിൽ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള ബുൾഡോസർ രാജിനെക്കുറിച്ചുവരെ പരാമർശമുണ്ട്.

ഇന്ത്യയിലെ മുസ്‌ലിംകൾക്കും ന്യൂനപക്ഷങ്ങൾക്കുമെതിരെയുള്ള അക്രമപരമ്പരയെക്കുറിച്ചും അതിൽ പരാമർശമുണ്ട്. രാജ്യത്തിന്റെ സാമൂഹിക തകർച്ചയും വിഭാഗീയതയും ലക്ഷ്യമാക്കുന്ന ഫാഷിസ്റ്റ് പ്രത്യയ ശാസ്ത്രത്തിനെതിരെ സൈദ്ധാന്തികമായി യുവത പോരാടണം. കേരളത്തിലെ സാംസ്കാരിക കലാവേദികൾ പോലും ഫാഷിസത്തിന്റ കുഴലൂത്തിന് അവസരമൊരുക്കുന്ന അധികാരികളുടെ സമീപനം അപലപനീയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# 'ഉദരനിമിത്തം ബഹുകൃത വേഷം' കെട്ടരുത്; ചാനൽ അവതാരകരോട് സുപ്രീം കോടതി

വിദ്യാഭ്യാസം മുതൽ രാഷ്ട്രീയം വരെയുള്ള മണ്ഡലങ്ങളിൽ മതേതര, ജനാധിപത്യ നിലപാടുകൾ പിന്തള്ളപ്പെടുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മാധ്യമങ്ങൾ ഇതിനൊപ്പമാണ് പൊതുവെ നിലയുറപ്പിച്ചിട്ടുള്ളത്. ഏതൊരു വിഷയത്തിലും ഭരണകൂട സമീപനങ്ങൾക്കു മേൽക്കൈ ലഭിക്കുംവിധം അവ തങ്ങളുടെ നിലപാടുകൾ രൂപപ്പെടുത്തുന്നു. മതവിദ്വേഷം, ജാതിവാദം തുടങ്ങിയവയൊക്കെ പല നിലകളിൽ ഊട്ടിയുറപ്പിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളോട് മാധ്യമങ്ങൾ സ്വീകരിക്കുന്ന സമീപനം പലപ്പോഴും അത്രമേൽ വിമർശനാത്മകമാകാറില്ല. 'മൃദുവർഗീയത' എന്ന ഒന്ന് പൊതുവിൽ സ്വീകാര്യമായിക്കഴിഞ്ഞിരിക്കുന്നു! ന്യൂനപക്ഷവിരുദ്ധ, മത, ജാതിവിവേചനങ്ങളുടെ സ്വരം മാധ്യമങ്ങളിൽ നേരിട്ടും അല്ലാതെയും മുഴങ്ങാറുണ്ട് എന്നതാണ് വസ്തുത.

ഈ സാഹചര്യത്തിൽ ടിവി ചാനലുകളുമായി ബന്ധപ്പെട്ട് സുപ്രീം കോടതി ഈയിടെ നടത്തിയ പരാമർശങ്ങൾ ഏറെ ശ്രദ്ധേയവും പ്രസക്തവുമാണ്. 'രാജ്യത്ത് വിദ്വേഷം പടർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നത് ടി.വി ചാനൽ അവതാരകരാണെ'ന്നും 'ഉദര നിമിത്തം ബഹുകൃത വേഷം' കെട്ടുന്നതിന് അറുതിവരുത്താൻ കനത്ത പിഴ പോലുള്ള കടുത്ത നടപടി അനിവാര്യമാണെന്നുമാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്.

വിദ്വേഷ പ്രചാരകരായ അവതാരകർക്കെതിരെ അതിരൂക്ഷമായ വിമർശനമാണ് കോടതി നടത്തിയിരിക്കുന്നത്. ഇത്തരം അവതാരകർക്ക് തടയിടാൻ എന്തു ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കണമെന്ന് ജസ്റ്റിസുമാരായ കെ.എം. ജോസഫും ബി.വി. നാഗരത്നയും കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. വിദ്വേഷ പ്രസംഗങ്ങൾക്കും കുറ്റകൃത്യങ്ങൾക്കുമെതിരായ ഒരു കൂട്ടം ഹരജികൾ പരിഗണിക്കുകയായിരുന്നു ഇരു ജഡ്ജിമാരും. മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും എതിരെ സുദർശൻ ടി.വി ചീഫ് എഡിറ്റർ നടത്തിയ അത്യന്തം പ്രകോപനപരമായ വിദ്വേഷ പ്രസംഗം അഡ്വ. നിസാം പാഷ വായിച്ചുകേൾപ്പിച്ചതിനെ തുടർന്നായിരുന്നു ഇത്.

'അടിസ്ഥാന പ്രശ്നം റേറ്റിങ്ങാണ്. ഇതിനായി ചാനലുകൾ മത്സരിക്കുകയാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ, എൻ.ബി.എസ്.എയും ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ല. പത്രം വായിക്കുന്നതുപോലെയല്ല വാർത്താ ചാനൽ കാണുന്നത്. അവർ ഭിന്നതയുണ്ടാക്കുകയാണ്. മസ്തിഷ്കത്തെ സ്വാധീനിക്കുന്ന ശക്തമായ മാധ്യമമാണത്. വിശിഷ്യാ ഇളംതലമുറയെ. എന്തൊരു അഭിപ്രായ രൂപവത്കരണമാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്, മറ്റേത് മാധ്യമങ്ങളെക്കാളും ഫലപ്രദമായും വേഗത്തിലും നിങ്ങളത് ചെയ്യുന്നുണ്ട്. അതിനാൽ എൻ.ബി.എസ്.എക്ക് ഇക്കാര്യത്തിൽ വ്യക്തത വേണം' കോടതി പറഞ്ഞു.

ചാനൽ അവതാരകർക്ക് തങ്ങൾ മാർഗനിർദേശം നൽകിയിട്ടുണ്ടെന്ന് എൻ.ബി.എസ്.എ മറുപടി നൽകിയപ്പോൾ എത്ര അവതാരകരെ നിങ്ങൾ ഇതുവരെ വിളിപ്പിച്ചിട്ടുണ്ട്, മറ്റുള്ളവർക്ക് ഒരു സന്ദേശമാകുന്ന തരത്തിൽ അവതാരകരെ നിങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ടോ, ആരാണ് ഒരു പരിപാടിയുടെ ഉള്ളടക്കം നിയന്ത്രിക്കുന്നത് എന്നെല്ലാം കോടതി ചോദിക്കുകയുണ്ടായി.

കോടതി പറഞ്ഞതുപോലെ റേറ്റിങ്ങാണ് ചാനലുകളുടെ അടിസ്ഥാന പ്രശ്നം. പിന്നെ നിലനിൽപും. റേറ്റിങ്ങിനായി വിവാദ വാർത്തകൾ ഉണ്ടാകണം. ഇല്ലെങ്കിൽ ഉണ്ടാക്കും. നിലനിൽപിനായി ഭരണകൂടത്തെ പ്രീണിപ്പിക്കണം. അപ്പോൾ പല വാർത്തകളും തമസ്കരിക്കേണ്ടിവരും. ചിലത് പൊലിപ്പിച്ചു കാണിക്കേണ്ടിവരും. ഈ അവസ്ഥക്ക് മാറ്റമുണ്ടാകാൻ സുപ്രീംകോടതിയുടെ ഇടപെടൽ കാരണമാകുമെന്ന് പ്രതീക്ഷിക്കാം.



# ഫിത്നകൾ സൂക്ഷിക്കുക

**കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ**

: 9947452245


ഫിത്നയിൽനിന്ന് അകന്നു ജീവിക്കുന്നവർക്കാണ് വിജയമുള്ളത് എന്ന് നബി(സ്വ) മൂന്നുവട്ടം ആവർത്തിച്ചു പറഞ്ഞതായി ഹദീസ് ഗ്രന്ഥമായ അബൂദാവൂദിൽ കാണാം. സമൂഹത്തിന്റെ നേരായ അവസ്ഥയിൽ കുഴപ്പമുണ്ടാക്കുക എന്നതാണ് 'ഫിത്ന' എന്ന പദംകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ജീവിക്കുന്ന കാലമത്രയും നന്മ വർധിപ്പിക്കണമെന്ന ബോധവും പരലോകത്ത് രക്ഷപ്പെടണമെന്ന ചിന്തയുമുള്ളവർ എപ്പോഴും ജാഗ്രത പുലർത്തേണ്ട മഹാവിപത്താണ് ഫിത്ന. മതപ്രബോധന പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന ഏതൊരാളും സമൂഹത്തിലെ ഫിത്നകളെ തിരിച്ചറിയുകതന്നെ വേണം.

പുരോഗമനം എന്ന പേരിൽ വിദ്യാഭ്യാസമേഖലയിൽ പുതിയ സമീപനങ്ങൾ അവതരിപ്പിക്കുന്നതിന്റെ പിന്നിൽ ചില ദുഷ്ടലാക്കുകൾ ഉണ്ടെന്ന കാര്യം ചിന്തിക്കുന്നവർ തിരിച്ചറിഞ്ഞതാണല്ലോ. മതം പ്രചരിപ്പിച്ചാൽ ദൈവവിശ്വാസവും അതുവഴി സദാചാരചിന്തയും വളരും. അത് നിരീശ്വര, നിർമത ആദർശങ്ങളുടെ വ്യാപനത്തിനും അധികാര നിലനിൽപിനും സംസ്ഥാപനത്തിനും തടസ്സമാവും എന്ന ചിന്തയാണ് മേൽപറഞ്ഞ പരിഷ്ക്കരണ പ്രവർത്തനങ്ങൾക്കു പിന്നിലെ രസതന്ത്രം. മതത്തിനോടുള്ള വിരോധത്തെക്കാൾ അധികാരത്തിൽ പറ്റിക്കൂടാനുള്ള ഭ്രമമാണെന്നർഥം. സമാനമായ ദുഷ്ടലാക്കുകൾ എല്ലാ മേഖലകളിലും സജീവമാണെന്ന് നാം തിരിച്ചറിയണം; വിശിഷ്യാ മതരഗത്തും.

തൽക്കാലം ആളെക്കൂട്ടാനും അധികാരമുറപ്പിക്കാനും സ്വപ്നം കണ്ട് ഇവർ പുതിയ ഇഷ്യൂകൾ സമൂഹചർച്ചയിലേക്ക് ഇറക്കിവിടും. സോഷ്യൽ മീഡിയകൾ ഇത്തരം കൗശലക്കാർക്ക് നല്ലൊരു പ്ലാറ്റ്ഫോമാണ്. ജനങ്ങൾ ഇത്തരം എല്ലിൻ കഷ്ണങ്ങളിൽ കടിച്ചുതൂങ്ങുമ്പോൾ തക്കം നോക്കി കാര്യങ്ങൾ നേടുക എന്നതാണ് തന്ത്രം.

മതപ്രബോധനം അതിന്റെ തനിമയിൽ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവർ ജാഗ്രത പുലർത്തേണ്ട സന്ദർഭമാണിത്. പ്രബോധനരംഗം അവിടെയും ഇവിടെയും തട്ടിത്തടഞ്ഞ് നിലച്ചുകൂടാ. നേരെ ചൊവ്വെ ഗുണകാംക്ഷയോടെ വിശ്വാസവും സംസ്കാരവും സമൂഹത്തെ ബോധ്യപ്പെടുത്തിയാൽ, അത് കേൾക്കാനാഗ്രഹിക്കുന്ന, ജീവിതം നല്ല വഴിയിലേക്ക് തിരിച്ചുവിടാനാഗ്രഹിക്കുന്ന എത്രയോ മനുഷ്യർ പ്രബോധന വഴിയിൽ കാതുതിരിച്ചിരിക്കുന്നുണ്ട്. ആ വഴിയിൽ യുക്തിഭദ്രമായി, സദ്വിചാരത്തോടെ മുന്നോട്ടു പോകുന്നതിന് പകരം കണ്ടതിനും കേട്ടതിനും പ്രതികരിച്ച് മതരംഗം കലുഷിതമാക്കിയാൽ ആയുഷ്കാലം നഷ്ടപ്പെടുമെന്ന് മാത്രമല്ല, ഏറ്റെടുത്ത ബാധ്യതയിൽ വീഴ്ച വരുത്തുക മൂലം ശപിക്കപ്പെട്ട ജന്മമായി മാറുകയും ചെയ്യും. ഭിന്നതകളേറെയുണ്ട് നാട്ടിൽ. അത് വലുതാവുകയേയുള്ളൂ. ആ ചളിക്കുഴിയിൽ വീണ് സ്വയം നശിച്ച പാഴ്ജീവിതങ്ങൾ ചിന്തിക്കുന്നവർക്ക് പാഠമാവണം. എല്ലാവരും നന്മ സ്വീകരിക്കണം എന്ന ഗുണകാംക്ഷയാണ് പ്രബോധനത്തിന്റെ കാതൽ. സത്യസന്ധമായ പ്രബോധന വീഥിയിൽ വരുന്ന എതിർപ്പുകളെ ആൾബലം കൊണ്ടോ, അധികാരശക്തികൊണ്ടോ നേരിടാൻ വിശ്വാസികൾക്ക് ബാധ്യതയില്ല. പ്രമാണബദ്ധമായ സംവേദനങ്ങളിൽ കൂടി, ഗുണകാംക്ഷ നിറഞ്ഞ സദുപദേശങ്ങളിൽ കൂടി വേണം നമുക്ക് ലക്ഷ്യത്തിലെത്താൻ. ചെയ്തത് വേണ്ടായിരുന്നു എന്ന് മരണ നേരത്തെങ്കിലും ഖേദിക്കേണ്ടി വരുന്ന ഒരവസ്ഥ വരാതിരിക്കാൻ, എന്തു കാര്യമായാലും ചെയ്യുന്നതിന്റെയു പറയുന്നതിന്റെയും മുമ്പ് നൂറുവട്ടം ആലോചിക്കണം നമ്മൾ. ബുദ്ധിയുള്ളവന്റെ നാവ് ഹൃദയത്തിന്റെ പിന്നിലും, വിഡ്ഢിയുടെ നാവ് ഹൃദയത്തിന്റെ മുന്നിലും നടക്കുമെന്ന പഴമൊഴി അർഥവത്താണ്.

പ്രബോധനകൂട്ടായ്മയിൽ പ്രവർത്തനങ്ങൾ തുടരുന്നവരും തുടങ്ങുന്നവരും നല്ല സൂക്ഷ്മതയും ജാഗ്രതയും പുലർത്തേണ്ട ഘട്ടങ്ങളിൽ കൂടിയാണ് നാം കടന്നുപോകുന്നത്. മതം മുറുകെപിടിച്ചു ജീവിക്കുന്നവർക്ക് തീക്കനൽ പിടിക്കുന്ന അനുഭവങ്ങളുണ്ടാവുമെന്ന നബിവചനം മറക്കാതിരിക്കുക. നേരിന്റെ വഴിയിൽ സ്രഷ്ടാവിന്റെ അനുഗ്രഹം ഉണ്ടാകുമെന്നുറപ്പാണ്.



# അല്ലാഹു അനുഗ്രഹിച്ചവർ

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

'നിന്റെ അനുഗ്രഹം ലഭിച്ചവരുടെ മാർഗത്തിൽ (വഴി നടത്തേണമേ). നിന്റെ കോപത്തിന് വിധേയരായവരുടെയോ വഴിപിഴച്ചവരുടെയൊ മാർഗത്തിലല്ല' (ഖുർആൻ 1:7).

അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചവരുടെ മാർഗത്തിലാവാനാണ് വിശ്വാസി എപ്പോഴും ആഗ്രഹിക്കേണ്ടത്. ആരാണ് അവർ? ഖുർആൻ തന്നെ പറഞ്ഞു തന്നു: "ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധർ, രക്തസാക്ഷികൾ, സച്ചരിതർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!" (ഖുർആൻ 4:69).

*ഒന്ന്) പ്രവാചകൻമാർ:* ലോകത്ത് കഴിഞ്ഞുപോയ ഓരോ സമൂഹത്തിലേക്കും അല്ലാഹു അവരിൽ നിന്നുതന്നെയുള്ള ഏറ്റവും യോഗ്യനായ, സത്യസന്ധനായ ഒരാളെ തെരഞ്ഞെടുത്തു പ്രവാചകത്വം നൽകി പ്രബോധനത്തിനുള്ള ഉത്തരവാദിത്തം ഏൽപിച്ച് നിയോഗിക്കുന്നു. ആ പ്രവാചകൻ സമൂഹത്തിന്റെ മാർഗദർശിയും അവരിലെ ഏറ്റവും വലിയ ജ്ഞാനിയും പിൻപറ്റേണ്ട മാതൃകാ ജീവിതത്തിനുടമയുമായിരിക്കും.

നാം ജീവിക്കുന്ന തലമുറ ഉൾപ്പെടുന്ന ലോകസമൂഹത്തിലേക്ക് ആ രീതിയിൽ 1450 വർഷങ്ങൾക്ക് മുമ്പ് മക്കയിൽ നിയോഗിക്കപ്പെട്ട പ്രവാചകനാണ് മുഹമ്മദ്(സ്വ). അദ്ദേഹത്തിലൂടെ മാനവർക്ക് ലഭിച്ച വേദഗ്രന്ഥമാണ് ഖുർആൻ. ഖുർആനും പ്രവാചക ചര്യയുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ. ലളിതവും പ്രായോഗികവുമാണ് ഇസ്‌ലാം എന്ന് സ്വജീവിതത്തിലൂടെ കാണിച്ചുതന്ന പ്രവാചകന്റെ പാതയാണ് അന്ത്യനാൾവരെയുമുള്ളവർ പിന്തുടരേണ്ടത്.

*രണ്ട്) സത്യസന്ധർ:* സത്യവിശ്വാസം ഉൾകൊണ്ട്, കർമങ്ങൾ കൊണ്ട് സുതാര്യജീവിതം സാധ്യമാക്കിയ ഏതൊരു വിശ്വാസിക്കും എത്തിപ്പിടിക്കാവുന്ന പദവിയാണിത്. ഖുർആൻ ചില പ്രവാചകൻമാരെ പ്രത്യേകമായി സിദ്ദീക് (സത്യസന്ധൻ) എന്ന വിശേഷിപ്പിച്ചതായി കാണാം.

നബി(സ്വ) അബൂബക്റി(റ)നെ സിദ്ദീക് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. നബി(സ്വ) ബൈത്തുൽ മുക്ദിസിലേക്ക് രാപ്രയാണവും അവിടുന്ന് ആകാശയാത്രയും നടത്തി എന്നത് ഖുറൈശി സമൂഹത്തിലെ ഒരാൾക്കും വിശ്വസിക്കാനായില്ല. അവർ അത് നിഷേധിച്ച ഘട്ടത്തിൽ ലവലേശം സംശയമോ ആലോചനയോ ഇല്ലാതെ എന്റെ പ്രവാചകനെ ഞാൻ സത്യപ്പെടുത്തിയിരിക്കുന്നു എന്ന പ്രഖ്യാപനമാണ് അതിനു കാരണം. അപ്പോൾ, പ്രവാചക ദർശനത്തെ ആപേക്ഷികമായി തോന്നിയേക്കാവുന്ന ന്യായാന്യായങ്ങളുടെ മൂശയിലേക്ക് മാറ്റാതെ ദൈവിക കൽപനകളാണെന്ന ദൃഢബോധ്യം കൊണ്ട് ഒരാൾക്ക് എത്തിപ്പിടിക്കാവുന്ന പദവിയാണത്. ജീവിതത്തിൽ മുഴുനീളം സത്യസന്ധത പാലിക്കുന്ന ഒരാൾക്ക് ലഭിക്കാവുന്ന പദവിയാണത്.

*മൂന്ന്) രക്തസാക്ഷികൾ:* കേൾവികൊണ്ട് പരിചിതമായ പദം. നിർവഹണം കൊണ്ട് പ്രയാസകരമായ ഉത്തരവാദിത്തം. ഇസ്‌ലാമിക ആദർശം നിലനിർത്തുന്നതിന് വേണ്ടി സ്വന്തം ജീവൻ ബലിയർപ്പിച്ച മഹാൻമാർ. ശത്രുവിനോടുള്ള പോരാട്ടത്തിലാണത് സാധ്യമാകുന്നത്. ഇങ്ങോട്ട് ആക്രമണത്തിന് വരാത്ത നിരപരാധികളായ മനുഷ്യരെ ആക്രമിച്ച് സ്വയം മരണത്തിന് കീഴടങ്ങുന്നവർക്ക് അത്തരം പദവി ഇസ്‌ലാം നൽകുന്നില്ല.

*നാല്) സച്ചരിതർ:* പേര് സൂചിപ്പിക്കുന്ന പോലെ തന്നെ വിശാലമായ പദം. വിശ്വാസം ഉൾകൊണ്ട്, സൽക്കർമങ്ങൾ ചെയ്ത്, ദൈവഭയത്തോടെ ജീവിക്കുന്ന ആർക്കും എത്തിച്ചേരാവുന്ന പദവി. അല്ലാഹുവിന്റെ കോപത്തിനു വിധേയരായവരുടെ (യഹൂദികൾ) മാർഗത്തിൽനിന്നും പ്രവാചകൻമാരുടെ വഴിയിൽനിന്ന് തെറ്റിപ്പോയവരുടെ (നസ്വാറാക്കൾ) മാർഗത്തിൽ നിന്നും ശരിയായ ദൈവിക മാർഗത്തിലേക്ക് ഞങ്ങളെ വഴിനടത്തേണമേ എന്ന പ്രാർഥനയോടെയാണ് ഖുർആനിലെ ഈ അധ്യായം അവസാനിക്കുന്നത്.



# വിച്ഛേദിക്കാനാവാത്ത ബന്ധം

**ദുൽക്കർഷാൻ അലനല്ലൂർ**

പ്രവാസ ജീവിതത്തിന്റെ തുടക്ക നാളുകൾ. അത്യാവശ്യം തിരക്കുള്ള ഒരു ഷോപ്പിൽ താൽക്കാലികമായി ജോലിയിൽ പ്രവേശിച്ചു. രാവും പകലും അറബികളും ബംഗാളികളും ഫിലിപ്പീൻസും ഇംഗ്ലീഷുകാരും ഇന്ത്യക്കാരിൽ തന്നെ പല സംസ്ഥാനത്തുള്ളവരും ആണും പെണ്ണും വലിയവരും ചെറിയവരും ഒക്കെയായി രാവും പകലും ഷോപ്പിൽ കയറിയിറങ്ങും.

ഒരു ദിവസം ഒരു പിതാവ് അദ്ദേഹത്തിന്റെ ആറോ ഏഴോ വയസ്സ് വരുന്ന രണ്ട് മക്കളെയും കൂട്ടി ഷോപ്പിൽ വന്നു. അത്യാവശ്യം വിലപിടിപ്പുള്ള സാധനമാണ് അവർക്ക് വേണ്ടത്. ആ പിതാവ് അവരെ രണ്ടു പേരെയും അവർ ഇഷ്ടപ്പെടുന്ന സാധനങ്ങൾ ഇരിക്കുന്ന ഏരിയയിലേക്ക് പറഞ്ഞുവിട്ടു. എന്നിട്ട് അദ്ദേഹം നേരെ കൗണ്ടറിൽ വന്നുകൊണ്ട് എന്നോട് പറഞ്ഞു:

“രണ്ടുപേരും നല്ല ഭ്രാന്തന്മാരാണ്. അവർ ആവശ്യപ്പെടുന്ന വസ്തുവിന് നല്ല തുകയാകും. അതുകൊണ്ട് സാധനം എടുത്തുവരുമ്പോൾ അവരുടെ മുന്നിൽ വെച്ച് ഞാൻ കുറച്ച് പണം തരാം. നിങ്ങൾ അത് എണ്ണിയിട്ട് പണം തികയില്ലല്ലോ എന്ന് പറയണം.”

ഞാൻ സമ്മതിച്ചു. പക്ഷെ, എന്റെ മനസ്സിൽ ആ സമയത്ത് ഒരുപാട് ചിന്തകൾ കടന്നുവന്നു. ഏറെ സന്തോഷത്തോടെ പിതാവിന്റെ കൂടെ അവരുടെ ആഗ്രഹം നിറവേറ്റിക്കൊടുക്കുമെന്ന പ്രതീക്ഷയിൽ വന്ന രണ്ട് കൊച്ചു മക്കൾ! മക്കളുടെ ആവശ്യം പൂർത്തീകരിക്കാൻ ആവശ്യമായ തുക തന്റെ കൈയിലില്ലെങ്കിലും അവരെ കൂടെ കൊണ്ടുവന്ന് അവർക്ക് സന്തോഷം പകർന്നു നൽകാൻ ശ്രമിക്കുന്ന ദരിദ്രനായ പിതാവ്!

പറഞ്ഞതുപോലെ അവർ അവരുടെ ഇഷ്ട സാധനവുമായി കൗണ്ടറിന്നരികിലെത്തി; കൂടെ പിതാവും. ഞാൻ വില പറഞ്ഞു. പിതാവ് കീശയിൽനിന്നും കാശെടുത്ത് തന്നു. ഞാൻ എണ്ണിനോക്കി അവരോട് പറഞ്ഞു: “ഇത് തികയില്ലല്ലോ. എന്തു ചെയ്യും?”

അദ്ദേഹം മക്കളോട് പറഞ്ഞു: “എങ്കിൽ നമുക്ക് അടുത്ത തവണ വരാം. തൽക്കാലം നമുക്ക് ഇത് വാങ്ങിക്കാം.”

ഇങ്ങനെ പറഞ്ഞുകൊണ്ട് ചെറിയ തുക വരുന്ന, അവരെ സമാധാനിപ്പിക്കാനെന്നോണം ചില സാധനങ്ങൾ എടുത്തു. അതിന്റെ കാശു തന്ന് മക്കളോടൊപ്പം തിരിച്ചു നടന്നു. മക്കളാകട്ടെ സംതൃപ്തരല്ലെങ്കിലും എതിർപ്പൊന്നും പ്രകടിപ്പിച്ചില്ല.

ആ പിതാവും അദ്ദേഹത്തിന്റെ രണ്ട് മക്കളും കണ്ണിൽനിന്ന് അകന്നപ്പോൾ, ഇതുപോലെയായിരിക്കുമല്ലോ ഓരോ പിതാവും തന്റെ മക്കളെ നോക്കി വളർത്തുന്നത് എന്ന ചിന്ത മനസ്സിലേക്ക് കടന്നുവന്നു. ഇല്ലായ്മയിലും ദാരിദ്ര്യത്തിലും മക്കളുടെ സന്തോഷം മാത്രം കാണാൻ കൊതിക്കുന്നവർ. തങ്ങളുടെ വയർ നിറക്കാൻ ഒന്നുമില്ലെങ്കിലും പൊന്നോമന മക്കളുടെ വയർ നിറക്കാൻ തത്രപ്പെടുന്നവർ. ഇന്ന് നാം അനുഭവിക്കുന്ന നേട്ടങ്ങൾക്കു പിന്നിൽ പിതാവ് എന്ന വലിയ മനുഷ്യന്റെ വിയർപ്പും കണ്ണുനീരുമുണ്ടാകും. മാതാവിന്റെ തുല്യതയല്ലാത്ത ത്യാഗത്തിന്റെ, സ്നേഹത്തിന്റെ പിന്തുണയുണ്ടാകും. നാമത് അറിയാതെ പോകരുത്.

ആഇശ(റ)യുടെ വീട്ടിൽ വിശന്നുവലഞ്ഞ ഒരു മാതാവും രണ്ട് കുട്ടികളും ചെന്ന് ഭക്ഷിക്കാൻ എന്തെങ്കിലും തരണമെന്ന് പറഞ്ഞപ്പോൾ ആഇശ(റ) തനിക്കും റസൂലിനും കരുതിവെച്ചിരുന്ന മൂന്ന് കാരക്ക എടുത്ത് ആ സ്ത്രീയുടെ കൈകളിൽ വച്ചുകൊടുത്തു. ഓരോ കാരക്ക വീതം അവർ തന്റെ ഇടതും വലതും ഇരിക്കുന്ന മക്കൾക്ക് നൽകി. മൂന്നാമത്തേത് തന്റെ വായിലേക്ക് വെക്കാൻ ഒരുങ്ങിയപ്പോൾ കിട്ടിയ കാരക്ക ഭക്ഷിച്ചുകഴിഞ്ഞ മക്കൾ വീണ്ടും കൈ നീട്ടി. ആ സന്ദർഭത്തിൽ തന്റെ വായിലേക്ക് നീട്ടിയ കാരക്ക രണ്ടായി പകുത്ത് മക്കളുടെ കൈകളിൽ വെച്ചുകൊടുത്തു ആ മാതാവ്. ഇത് ആഇശ(റ)യെ വല്ലാതെ അത്ഭുതപ്പെടുത്തി.

റസൂൽ(സ്വ) വന്ന സന്ദർഭത്തിൽ ആഇശ(റ) തനിക്കുണ്ടായ അനുഭവം പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞത് ‘ആ സ്ത്രീക്ക് സ്വർഗമുണ്ട്’ എന്നായിരുന്നു. മാതൃസ്നേഹത്തിന്റെ ആഴവും മക്കളോട് കാണിക്കുന്ന കാരുണ്യത്തിന്റെ പ്രാധാന്യവും പ്രതിഫലവും ഇത് വ്യക്തമാക്കുന്നു.

ഓരോ മാതാവും പിതാവും തങ്ങളുടെ വളർച്ചയിലും ഉയർച്ചയിലും ആനന്ദിക്കുന്നവരാണ്. അവർ

ക്കെന്തെങ്കിലും ആപത്ത് സംഭവിക്കുമോ എന്ന് ഭയപ്പെടുന്നവരും ഒന്നും വരാതിരിക്കാൻ പ്രാർഥിക്കുന്നവരുമാണ്. മക്കൾക്ക് രോഗം വരുമ്പോൾ ഉറക്കമിളച്ച് കാവലിരിക്കുന്നവരാണ്. ഇതൊന്നും മക്കൾ വിസ്മരിച്ചുകൂടാ. മാതാപിതാക്കളോട് കരുണ കാണിക്കുവാനും അവരോട് മാന്യമായി പെരുമാറുവാനും കരുണാനിധിയായ റബ്ബ് കൽപിക്കുന്നതിന്റെ പ്രാധാന്യം മക്കൾ മനസ്സിലാക്കണം.

അല്ലാഹു പറയുന്നു: "മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു-ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടുവർഷം കൊണ്ടുമാണ്- എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം." (31:14).

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽവെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക" (17:23).

"തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കാൻ മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു. നിനക്ക് യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കുവാൻ അവർ (മാതാപിതാക്കൾ) നിന്നോട് നിർബന്ധപൂർവം ആവശ്യപ്പെട്ടാൽ അവരെ നീ അനുസരിച്ചുപോകരുത്. എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്" (29:8).

മാതാപിതാക്കളെ അല്ലാഹുവും റസൂലും പഠിപ്പിച്ചതുപോലെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യാതെ അവരോട് ധിക്കാരം കാണിക്കുകയും അവരെ ഉപേക്ഷിക്കുകയും ചെയ്യുന്നത് സ്വർഗം നഷ്ടപ്പെടാൻ കാരണമാകും.

നബി(സ്വ) പറഞ്ഞതായി അബൂഹുറയ്റ(റ) ഉദ്ധരിക്കുന്നു: "തന്റെ മാതാപിതാക്കളെ ഒരാളെയോ രണ്ടാളെയും തന്നെയോ (അവരുടെ) വാർധക്യകാലത്ത് തനിക്ക് കിട്ടിയിട്ട് സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കാത്തവൻ നിന്ദ്യനാണ്! നിന്ദ്യനാണ്! നിന്ദ്യനാണ്!" (മുസ്ലിം).

തങ്ങളുടെ മക്കൾ അല്ലാഹുവിനെ മാത്രം ആരാധിച്ചും നിർബന്ധവും ഐച്ഛികവുമായ കർമങ്ങൾ അനുഷ്ഠിച്ചും പ്രബോധന പ്രവർത്തനങ്ങളിൽ നിരതരായും സൽകർമങ്ങളിൽ മത്സരിച്ചും ജീവിക്കുന്നത് കാണുന്ന മാതാപിതാക്കൾക്ക് എന്തുമാത്രം സന്തോഷമുണ്ടായിരിക്കും! അവർക്ക് മക്കളിൽനിന്നും ലഭിക്കുന്ന കൺകുളിർമയല്ലേ അതെല്ലാം. എന്നാൽ മക്കൾ സത്യനിഷേധത്തിലും വഴികേടിലും ജീവിക്കുമ്പോൾ അത് മാതാപിതാക്കളെ എത്രമാത്രം വേദനിപ്പിക്കും! എത്രയോ കൗമാരക്കാർ നിത്യേന മയക്കുമരുന്ന് കേസുകളിലും ലൈംഗിക പീഡന കേസുകളിലും പിടിക്കപ്പെടുന്നുണ്ട്. അതിന്റെ വാർത്തകൾ ഫോട്ടോ സഹിതം പത്രങ്ങളിലും സാമൂഹ്യ മാധ്യമങ്ങളിലും വരുന്നത് അവരുടെ മാതാപിതാക്കളും കാണുമല്ലോ. അന്നേരം അവർ അനുഭവിക്കുന്ന മാനസിക വേദനയോളം വരുമോ മറ്റു വേദനകൾ?

സ്വന്തം മാതാപിതാക്കളെ വേദനിപ്പിക്കുകയും വെറുപ്പിക്കുകയും ചെയ്യുന്നത് ഗുരുതരമായ തെറ്റാണ്. ഒരു നബിവചനം കാണുക;നബി(സ്വ) പറഞ്ഞതായി അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്(റ) ഉദ്ധരിക്കുന്നു: "മഹാപാപങ്ങൾ എന്നാൽ, അല്ലാഹുവിനോട് പങ്കുചേർക്കലും മാതാപിതാക്കളെ വെറുപ്പിക്കലും ആളെ കൊലപ്പെടുത്തലും കള്ളസത്യം ചെയ്യലുമാകുന്നു" (ബുഖാരി, മുസ്ലിം).

വിശ്വാസികളായ മക്കൾ മാതാപിതാക്കൾക്ക് താങ്ങാണ്, തണലാണ്, തുണയാണ്, സംരക്ഷണമാണ്.

അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "സ്വാലിഹായ ഒരാളുടെ പദവി സ്വർഗത്തിൽ അല്ലാഹു ഉയർത്തി നൽകുന്നതാണ്. അപ്പോൾ അയാൾ തന്റെ റബ്ബിനോട് ചോദിക്കും: 'എന്റെ റബ്ബേ, എങ്ങനെയാണ് ഇതെനിക്ക് ലഭിച്ചത്?' അപ്പോൾ അല്ലാഹു പറയും: 'നിന്റെ സന്താനം നിനക്കുവേണ്ടി പാപമോചനത്തിന് തേടിയതുകൊണ്ട്" (അഹ്മദ്).

അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ഒരു മനുഷ്യൻ മരണപ്പെടുന്നതോടുകൂടി അവന്റെ കർമങ്ങൾ മുറിഞ്ഞുപോകും. മൂന്ന് കാര്യങ്ങളൊഴികെ: നിലനിൽക്കുന്ന ദാനധർമം, ഉപകാരപ്രദമായ അറിവ്, അവന് വേണ്ടി പ്രാർഥിക്കുന്ന സ്വാലിഹായ സന്താനം" (മുസ്ലിം).

മാതാപിതാക്കൾ മക്കളെ പോറ്റി വളർത്തുന്നത് പല പരീക്ഷണങ്ങളും ത്യാഗങ്ങളും സഹിച്ചും ക്ഷമിച്ചും പ്രതിസന്ധികളോട് ഏറ്റുമുട്ടിയും പ്രയാസങ്ങളെ തരണം ചെയ്തുമാണ്. അവരുടെ ഈ പ്രയാസവും വേദനയുമൊന്നും അവർ മക്കളെ അറിയിക്കാറില്ല.

മാതാപിതാക്കളെ സ്നേഹിക്കുക, സംരക്ഷിക്കുക. അവർക്കു വേണ്ടി നിരന്തരം പ്രാർഥിക്കുക. ഇത് മക്കളുടെ കടമയാണ്. ഇതാണ് മാതാപിതാക്കൾ മക്കളിൽനിന്ന് ആഗ്രഹിക്കുന്നത്.

അല്ലാഹു പറഞ്ഞു: "...എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക" (17:24).



# കേരള മുസ്‌ലിം നവോത്ഥാനവും യാഥാസ്ഥിതികരുടെ അവകാശവാദങ്ങളും

**മുജീബ് ഒട്ടുമ്മൽ**
: 9744431890

**സാംസ്‌കാരികമായി മുന്നോട്ടും ആദർശപരമായി പിന്നോട്ടുമുള്ള പ്രയാണമാണ് വിശ്വാസിയെ സംബന്ധിച്ചിടത്തോളം നവോത്ഥാനം. സമുദായത്തിന്റെ ഇന്നലെകളിൽ വേവും ചൂടും അനുഭവിച്ചവർക്കേ ഇന്നിന്റെ ശീതളച്ഛായയിൽ ആശ്വാസം കണ്ടെത്താൻ കഴിയൂ. ഒരു ജനതയുടെ പുരോഗതിയൊന്നാകെ തടഞ്ഞുനിർത്തിയവർ ഭൂതകാലത്തിന്റെ മേന്മകൾ എണ്ണിയെണ്ണി പറയുന്നത് കേൾക്കുമ്പോൾ സഹതാപം തോന്നുക സ്വാഭാവികം!**

വിജ്ഞാനത്തിന്റ പുതിയ മേഖലകൾ വികസിപ്പിച്ച് വ്യക്തിനിഷ്ഠമായ സ്വാതന്ത്ര്യത്തിനും ചിന്താപരമായ നവീകരണത്തിനും വേണ്ടി വാദിച്ച മനുഷ്യവർഗ പ്രബുദ്ധതയുടെ പ്രകാശനമായിരുന്നത്രെ യൂറോപ്പിലെ നവോത്ഥാനം. ഇറ്റലിയിലെ ഫ്‌ളോറൻസിൽ നവോത്ഥാനം ആരംഭിച്ചപ്പോൾ രാഷ്ട്രീയ, സാമൂഹികാന്തരീക്ഷം, സാമ്പത്തിക-ഉൽപാദന ബന്ധങ്ങളിലെ മാറ്റങ്ങൾ തുടങ്ങിയ പല കാരണങ്ങളും നവോത്ഥാനത്തിനായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ശരിയായ ദൈവവിശ്വാസങ്ങളും ആചാരങ്ങളും കൈവെടിഞ്ഞ് മതം കേവലം പുരോഹിതൻമാരുടെ താൽപര്യങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കപ്പെട്ടപ്പോൾ മനം മടുത്തുപോയ ജനങ്ങൾ തെരഞ്ഞെടുത്ത മാർഗങ്ങൾ മാറ്റങ്ങളുടെതായപ്പോൾ മതത്തെ വലിച്ചെറിയുകയായിരുന്നു. പുതിയ മാറ്റത്തെ നവോത്ഥാനമായി അവർ കണ്ടു. അതാണ് യൂറോപ്പിലെ നവോത്ഥാനമായി വ്യാഖ്യാനിക്കപ്പെടുന്നത്.

ഇങ്ങനെ നവോത്ഥാന പ്രക്രിയകൾക്ക് ലോകത്ത് വ്യത്യസ്ത മാനങ്ങൾ നൽകിയാണ് അതിന്റ ചരിത്രം മാനവ രാശിയുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്നത്.

തമോ യുഗത്തിലായിരുന്ന മുസ്‌ലിം കൈരളിയെ നവോത്ഥാനത്തിന്റ പടവുകളിലേക്ക് പിടിച്ചുകയറ്റിയ ചരിത്രം സുവ്യക്തമായ കാര്യമാണ്. അവ ചരിത്രപണ്ഡിതരുടെ ഗവേഷണ തൂലികകൾ മലയാള പ്രബുദ്ധതയിൽ ധാരാളം വരച്ചിട്ടിട്ടുണ്ട്. നിരന്തരമായ പരിഷ്‌കരണ പ്രവർത്തനങ്ങളുടെ കുത്തൊഴുക്കിൽ നിർബന്ധിതരായ വളർച്ചയിൽ കഴിഞ്ഞകാല പരിഷ്‌കരണ പ്രവർത്തനങ്ങളുടെ അവകാശം ഏറ്റെടുക്കാനുള്ള ചിലരുടെ അഭിവാഞ്ഛ ആരെയും അത്ഭുതപ്പെടുത്തും. അതിനുവേണ്ടി ചരിത്രത്തെ അപനിർമിക്കുകയും ചരിത്രത്തിൽ പങ്കുചേരാത്ത തങ്ങളുടെ ആശയഗതികളെ പിന്നീട് കൂട്ടിച്ചേർക്കുകയും നുണ പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് നിരാശയുടെ സ്വത്വ രാഷ്ട്രീയം നിലയുറപ്പിക്കാൻ ശ്രമിച്ചത്.

മുസ്‌ലിം നവോത്ഥാന ശ്രമങ്ങളെ കാലങ്ങളായി തങ്ങളുടേതാക്കി മാറ്റാൻ അത് തുടർച്ചയായി വിളിച്ച് പറയേണ്ട ഗതികേടിലാണ് നുണ പ്രചാരകർ. അതിനായി പേജുകളും വേദികളും ഉപയോഗിച്ചു കൊണ്ടേയിരിക്കുന്നു. വസ്തുനിഷ്ഠവും സത്യസന്ധവുമായ ചരിത്രബോധമുള്ള മലയാളികൾക്കിടയിൽ പോലും ഇത്തരം പ്രചാരണങ്ങൾ നടത്തുമ്പോൾ എത്ര അപഹാസ്യരാകുന്നുവെന്ന് ഇവർ ആലോചിക്കാറില്ല. ഞങ്ങളാണ് ഒർജിനൽ എന്ന് തെളിയിക്കേണ്ടിവരുന്നത് തങ്ങളെ കുറിച്ചുള്ള അവമതിപ്പാണെന്നത് ആർക്കും ബോധ്യമാകുന്ന കാര്യങ്ങളാണ്. സമീപകാലങ്ങളിൽ ആൾക്കൂട്ടങ്ങളെ മുന്നിൽ ഇരുത്തി ജാഗരം കൊള്ളിക്കാൻ ഇത്തരം അവകാശവാദങ്ങളുമായി ചരിത്രത്തെ



വളച്ചൊടിക്കാൻ പ്രയാസപ്പെടുകയാണ് ഇവർ. നവോത്ഥാനമെന്ന പദത്തിന് തങ്ങളുടെ ആശയധാരയ്ക്കിണങ്ങുന്ന നിർവചനം നൽകിയാണ് അവർ സമർഥിക്കാൻ ശ്രമിക്കുന്നത്. ചിലർ മതനിരാകരണമാണെന്ന് നിർവചിക്കുമ്പോൾ  മറ്റു ചിലർ ധാർമിക-സദാചാര മൂല്യങ്ങളെ വലിച്ചെറിഞ്ഞ് അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിലൂടെയുള്ള ഉയിർപ്പാണെന്ന് വ്യാഖ്യാനിക്കുന്നു. യൂറോപ്പിലെ നവോത്ഥാനത്തെ ചൂണ്ടിക്കാണിച്ചാണ് ഇതിന് ആശയബലം നൽകാൻ ശ്രമിക്കുന്നത്.

**മുസ്‌ലിം നവോത്ഥാനത്തിന്റ മാനം**

മാനവരാശിയെ ശരിയായ ആത്മീയതയിലേക്കും ഭൗതികാഭിവൃദ്ധിയിലേക്കും നയിക്കാൻ കഴിയുന്ന പ്രപഞ്ച സ്രഷ്ടാവിന്റ മാർഗദർശനമാണ് ഇസ്‌ലാമിക നവോത്ഥാനത്തിന്റ യഥാർഥ മാനം. മനുഷ്യൻ അധഃപതനത്തിന്റ പടുകുഴിയിൽ ആപതിക്കുമ്പോഴെല്ലാം ദൈവിക ദർശനവുമായി പ്രവാചകൻമാർ എല്ലാ കാലത്തും നിയോഗിതരായി ഉത്ഥാന പ്രവർത്തനങ്ങളിൽ നിരതമാകാറുണ്ടെന്നതാണ് മാനവ ചരിത്രം. അന്തിമവേദഗ്രന്ഥമായ വിശുദ്ധ ക്വുർആനും അന്തിമപ്രവാചകനായ മുഹമ്മദ് നബി(സ)യുടെ ജീവിതചര്യയും മനുഷ്യർക്ക് ദിശാബോധം നൽകാനും നൻമയിലേക്കും പുരോഗതിയിലേക്കും മാനവരെ ഉയർത്തിക്കൊണ്ടുവരാനും കാരണമായി. ക്വുർആനിലേക്കും പ്രവാചകചര്യയിലേക്കുമുള്ള ക്ഷണമാണ് ഏത് സമൂഹത്തിലും കുറ്റമറ്റ നവോത്ഥാനം സാധ്യമാവുക എന്നതാണ് ഇസ്‌ലാമിന്റ വീക്ഷണം. പ്രവാചകാഗമന സമയത്തെ അറബികളിലെ അന്ധകാര നിബിഡമായ സമൂഹത്തെ കുറഞ്ഞ സമയം കൊണ്ട് ലോകത്തിന് മാതൃകയായ ഉത്തമ സമൂഹമായി സംസ്‌കരിച്ചെടുക്കുവാൻ വിശുദ്ധ ക്വുർആനിന്റെആശയങ്ങൾക്ക് സാധിച്ചു.

ചരിത്രം ഇന്നേവരെ ദർശിച്ചിട്ടില്ലാത്ത തരത്തിൽ അവരെ എല്ലാം

**മുസ്‌ലിം നവോത്ഥാന ശ്രമങ്ങളെ കാലങ്ങളായി തങ്ങളുടേതാക്കി മാറ്റാൻ അത് തുടർച്ചയായി വിളിച്ച് പറയേണ്ട ഗതികേടിലാണ് നുണപ്രചാരകർ. അതിനായി പേജുകളും വേദികളും ഉപയോഗിച്ചു കൊണ്ടേയിരിക്കുന്നു. വസ്തുനിഷ്ഠവും സത്യസന്ധവുമായ ചരിത്രബോധമുള്ള മലയാളികൾക്കിടയിൽ പോലും ഇത്തരം പ്രചാരണങ്ങൾ നടത്തുമ്പോൾ എത്ര അപഹാസ്യരാകുന്നുവെന്ന് ഇവർ ആലോചിക്കാറില്ല. ഞങ്ങളാണ് ഒർജിനൽ എന്ന് തെളിയിക്കേണ്ടിവരുന്നത് തങ്ങളെ കുറിച്ചുള്ള അവമതിപ്പാണെന്നത് ആർക്കും ബോധ്യമാകുന്ന കാര്യങ്ങമാണ്.**

**വിശ്വാസത്തിലോ ആരാധനാ കർമങ്ങളിലോ ശിർക്ക് വരാതെ ശുദ്ധമായ തൗഹീദിലധിഷ്ടിതമായ ജീവിതം നയിച്ച മമ്പുറം സയ്യിദ് അലവി തങ്ങളെ തെറ്റായി ധരിക്കുന്ന വിധം സമൂഹത്തിൽ വികലമായ വിശ്വാസം പൗരോഹിത്യം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ചില ചരിത്ര സത്യങ്ങൾ നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതുണ്ട്. മുസ്‌ലിം സമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കെതിരെയും ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെയും ശക്തമായി പോരാടിയ സയ്യിദ് ബാ അലവി തങ്ങളും അതേ പാത പിന്തുടർന്ന സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങളും മുസ്‌ലിം നവോത്ഥാനത്തിന് വിത്ത് പാകിയവരാണ്. മുസ്‌ലിം സമൂഹങ്ങളിൽ നടമാടിയിരുന്ന അനാചാരങ്ങളിൽ ഒന്നായ നേർച്ചോൽസവങ്ങൾക്കെതിരെ ഫദ്ൽ പൂക്കോയ തങ്ങൾ നൽകിയ മതവിധി (ഫത്‌വ ) ചരിത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.**

തികഞ്ഞ ജനതയാക്കി മാറ്റി. വിനയത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും മൂർത്തീമദ്ഭാവവും ത്യാഗത്തിന്റ നെരിപ്പോടിലൂടെ ലോക ചരിത്രത്തിന്റ ഗതിമാറ്റിയ വരുമായി അവർ മാറി. സമൂഹത്തെ രക്ഷയിലേക്കും നവോത്ഥാനത്തിലേക്കും നയിക്കാവുന്ന പ്രായോഗിക മാർഗങ്ങളാണ് വിശുദ്ധ ഖുർആനും പ്രവാചകചര്യയും മുന്നോട്ട് വെക്കുന്നത് എന്നതിന്റ നേർസാക്ഷ്യമാണ് പ്രവാചകാനുചരൻമാരും തുടർന്ന് വന്ന ഇസ്‌ലാമിക സമൂഹവും. ഇസ്‌ലാമിന്റ അടിസ്ഥാന പ്രമാണങ്ങളുടെ തനത് ആശയങ്ങൾ പ്രബോധനം ചെയ്താൽ മാത്രമാണ് സാമൂഹിക നവോത്ഥാനം മുസ്‌ലിംകളിൽ സാധ്യമാകൂവെന്ന് സാരം.

**കേരള മുസ്‌ലിം നവോത്ഥാനത്തിലേക്കുള്ള പടവുകൾ**

ക്രിസ്താബ്ദം പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ ലോകത്തിന്റ വിവിധ കോണുകളിൽ തുടക്കം കുറിച്ച ഇസ്‌ലാമിക നവോത്ഥാന സംരംഭങ്ങളുടെ അലയൊലികൾ ഇന്ത്യയിലും എത്തിച്ചേർന്നു. അറേബ്യൻ ഉപദ്വീപിലെ മുസ്‌ലിംകളിൽ ഉണ്ടായ വിശ്വാസജീർണതകൾക്കും ആദർശ രാഹിത്യത്തിനുമെതിരെ ഇസ്‌ലാമിക നവോത്ഥാനവുമായി രംഗത്ത് വന്ന മഹാപണ്ഡിതൻ ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബിന്റ സമകാലികനും സതീർഥ്യനുമായിരുന്ന ശാഹ് വലിയുല്ലാഹി ദഹ്‌ലവി ഡൽഹി കേന്ദ്രമാക്കി ഉത്തരേന്ത്യയിൽ ഇസ്‌ലാമിക പ്രബോധനമാരംഭിച്ചു. അഫ്ഗാൻ മുതൽ ബർമ വരെ വ്യാപിച്ച് കിടന്ന മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായിരുന്നു സിന്ധുഗംഗ സമതലം. പതിനാറാം നൂറ്റാണ്ടിൽ അഹ്മദ് സർഹിന്ദിയുടെ പ്രബോധനപ്രവർത്തനങ്ങൾ കൊണ്ട് വിപ്ലവം സൃഷ്ടിച്ചിരുന്ന പ്രദേശമായിരുന്നു ഡൽഹിയും അതിന്റ പരിസര പ്രദേശങ്ങളും. അതിന്റ തുടർച്ചയായാണ് ശാഹ് വലിയുല്ലാഹി ദഹ്‌ലവി നിർവഹിച്ചത്. അദ്ദേഹത്തിന്റ മക്കളും പേരമക്കളും വലിയ ദൗത്യമായി ഏറ്റെടുത്ത് പ്രവർത്തന രംഗം സജീവമായതോടെ വഹാബി മൂവ്മെന്റ് എന്ന പേരിൽ പരിവർത്തനത്തിന്റ പടഹധ്വനി മുഴക്കി മുന്നേറിക്കൊണ്ടിരുന്നു.

ഒന്നാം സ്വാതന്ത്ര്യസമരവും പത്തൊമ്പതാം നൂറ്റാണ്ടിൽ വിദ്യാഭ്യാസ പ്രചാരകനായി നിറഞ്ഞുനിന്ന സർസയ്യിദ് അഹ്മദ് ഖാനും ഇരുപതാം നൂറ്റാണ്ടിലെ പ്രസിദ്ധ കവി അല്ലാമാ ഇഖ്ബാലുമെല്ലാം നവോത്ഥാന മുന്നേറ്റങ്ങളിലെ ബാക്കിപത്രങ്ങളായി ജ്വലിച്ചുനിന്നവരാണ്. ഉത്തരേന്ത്യയിലെ ഇസ്‌ലാഹീ മൂവ്മെന്റിൽനിന്ന് വെളിച്ചം കിട്ടിയ സയ്യിദ് അഹ്മദ് ദഹ്‌ലവിയും ഇസ്മാഈൽ ദഹ്‌ലവിയും പതിനെട്ടാം നൂറ്റാണ്ടിന്റ അന്ത്യത്തിൽ ആലപ്പുഴയിലെത്തുകയായിരുന്നു. കൊച്ചിയിലും ആലപ്പുഴയിലും ഗുജറാത്തിൽ നിന്നും മറ്റും വന്ന് താമസമാക്കിയ അനേകം സേട്ട് കുടുംബങ്ങൾക്കിടയിൽ സയ്യിദ് അഹ്മദ് പ്രബോധനം നടത്തി. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യുടെ ഗ്രന്ഥങ്ങളിൽ അവഗാഹമുണ്ടായിരുന്ന അബ്ദുൽ കരീം മൗലാനാ അവിടത്തെ ഖാദിയും ഖത്വീബുമായി പ്രബോധനം നടത്തി നവോത്ഥാനത്തിന്റ സലഫീ മാതൃക സൃഷ്ടിച്ചു. സ്വാതന്ത്ര്യസമര സേനാനിയായ ഇ. മൊയ്തു മൗലവിയുടെ പിതാവായ മരക്കാർ മുസ്‌ലിയാർ മൗലാനയുടെ ശിഷ്യനായിരുന്നുവെന്നത് നവോത്ഥാനത്തിന്റ മാർഗം എളുപ്പമാക്കി. മലബാറിലെ മുസ്‌ലിം നവോത്ഥാന ചരിത്ര രചനകളിളും സലഫി ജാഗരണമാണ് നടന്നിട്ടുള്ളതെന്ന് കാണാം. വിശ്വാസത്തിലോ ആരാധനാ കർമങ്ങളിലോ ശിർക്ക് വരാതെ ശുദ്ധമായ തൗഹീദിലധിഷ്ഠിതമായ ജീവിതം നയിച്ച മമ്പുറം സയ്യിദ് അലവി തങ്ങളെ തെറ്റായി ധരിക്കുന്ന വിധം സമൂഹത്തിൽ വികലമായ വിശ്വാസം പൗരോഹിത്യം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ചില ചരിത്ര സത്യങ്ങൾ നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതുണ്ട്. മുസ്‌ലിം സമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കെതിരെയും ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെയും ശക്തമായി പോരാടിയ സയ്യിദ് ബാ അലവി തങ്ങളും അതേ പാത പിന്തുടർന്ന സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങളും മുസ്‌ലിം നവോത്ഥാനത്തിന് വിത്ത് പാകിയവരാണ്. മുസ്‌ലിം സമൂഹങ്ങളിൽ നടമാടിയിരുന്ന അനാചാരങ്ങളിൽ ഒന്നായ നേർച്ചോൽസവങ്ങൾക്കെ

തിരെ ഫദ്ൽ പൂക്കോയ തങ്ങൾ നൽകിയ മതവിധി (ഫത്‌വ) ചരിത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സയ്യിദ് ഫദൽ പൂക്കോയ തങ്ങളുടെ മലയാളത്തിലുള്ള ഖുത്വുബയാണ് ബ്രിട്ടീഷുകാരെ ഭയപ്പെടുത്തിയിരുന്നതെന്ന് ലോഗന്റെ ഡയറിയിലും മലബാർ ഗസറ്റിലും രേഖപ്പെടുത്തിയിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റ തുടക്കത്തിൽ കേരളത്തെ തൊട്ടുണർത്തിയ നവോത്ഥാന പാതയിൽ മുന്നിൽ നടന്ന മഹാപണ്ഡിതനാണ് സയ്യിദ് സനാഉല്ലാഹ് മഖ്ദി തങ്ങൾ. ക്രൈസ്തവ പാതിരിമാർ ബ്രിട്ടീഷ് ഗവൺമെന്റിന്റ സഹായത്തോടെ ക്രൈസ്തവത പ്രചരിപ്പിക്കുകയും ഇസ്‌ലാമിനെ ഭത്സിക്കുകയും ചെയ്തുകൊണ്ട് വൻ പ്രചാരണങ്ങൾ നടത്തിയിരുന്ന കാലം. അതിനെ പ്രതിരോധിക്കാൻ മുസ്‌ലിം പണ്ഡിതരിലൊരാളും മുന്നോട്ട് വരാതായപ്പോൾ മക്തി തങ്ങൾ രംഗത്ത് വരികയായിരുന്നു. സർക്കാർ ഉദ്യോഗം (സാൾട്ട് ഇൻസ്പക്ടർ) രാജിവെച്ച് പ്രബോധന രംഗത്ത് സജീവമായി. മുസ്‌ലിംകൾക്കിടയിൽ അജ്ഞതയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തി വാഴുകയായിരുന്നു. പ്രഭാഷണവും രചനയുമായി ധൈഷണികമായി മുസ്‌ലിം സമൂഹത്തെ ഉണർത്താൻ അദ്ദേഹത്തിന് സാധിച്ചു. 1922ൽ മരണപ്പെട്ട മാഹിൻ ഹമദാനി തങ്ങൾ ഇസ്‌ലാമിക നവോത്ഥാന പ്രവർത്തനങ്ങൾക്ക് മുന്നിൽ നടന്ന മഹാ മാനുഷിയായിരുന്നു. തിരുവിതാംകൂറിൽ വിജ്ഞാനത്തിന്റ പ്രകാശഗോപുരമായി ഉയർന്നുവന്ന വക്കം അബ്ദുൽ ഖാദിർ മൗലവി നവോത്ഥാനത്തിന്റ പടയോട്ടത്തിൽ നായകസ്ഥാനം വഹിച്ച മഹാനായിരുന്നു. തിരുവിതാംകൂർ രാജകൊട്ടാരത്തിലെ ദുർഭരണത്തിനെതിരെയും മുസ്‌ലിംകളിലെ അന്ധവിശ്വാസങ്ങൾക്കെതിരെയും ഒന്നിച്ച് പടപൊരുതിയ നവോത്ഥാന നായകനായിരുന്നു അദ്ദേഹം. പത്രമാധ്യമങ്ങളിലൂടെ ആശയപോരാട്ടം നടത്തി സമൂഹത്തെ സമുദ്ധരിക്കാൻ ശ്രമിച്ച വ്യക്തിയായിരുന്നു അദ്ദേഹം. കൊടുങ്ങല്ലൂരിലെ ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കോട്ടപുറത്ത് സീതി മുഹമ്മദ് സാഹിബ്, മണപ്പാട്ട് കുഞ്ഞി മുഹമ്മദ് ഹാജി തുടങ്ങിയ സലഫി ചിന്തകരായ പരിഷ്കർത്താക്കൾ സമുദായത്തിന്റ വിദ്യാഭ്യാസ വിപ്ലവത്തിന്റ സൂത്രധാരകരാണ്. കെ.എം സീതി സാഹിബും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബുമെല്ലാം ആദർശ പ്രബോധനത്തിലൂടെ സമൂഹത്തെ ഉത്ഥാനത്തിലേക്ക് കൈപിടിച്ചുയർത്തിയവരാണ്. ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി മതപഠന രംഗത്ത് ഉണ്ടാക്കിയ വിപ്ലവം മദ്റസ പ്രസ്ഥാനത്തിന്റ വളർച്ചക്ക് വെളിച്ചമായിരുന്നു. മദ്റസകളുടെ എണ്ണം പറഞ്ഞ് അഭിമാനിക്കുന്ന തരത്തിലേക്ക് സമുദായത്തെ കൈപിടിച്ചുയർത്തിയത് ഈ മഹാനുഭാവന്റ ത്യാഗപൂർണമായ പ്രവർത്തനമാണ്. എംസിസി സഹോദരങ്ങളും കെഎം മൗലവിയുമെല്ലാം മുസ്‌ലിം സമുദായത്തെ ധൈഷണികമായി ഉയർത്തി കൊണ്ടു വന്നത് അവരുടെ നവോത്ഥാന പ്രവർത്തനങ്ങളിലൂടെയാണ്. ഇങ്ങനെ ലോകത്തിന്റ വിവിധ ഭാഗങ്ങളിലും ഉത്തരേന്ത്യയിലും മുസ്‌ലിംകൾക്കിടയിലുണ്ടായ സലഫീ ജാഗരണമാണ് കേരളത്തിലെ മുസ്‌ലിം സമൂഹത്തെ മതപരമായും ഭൗതികമായും പുരോഗതിയിലേക്ക് എത്തിച്ച നവോത്ഥാന പാതയിലേക്ക് നയിച്ചത്.

**മുസ്‌ലിം സമുദായത്തെ വിശ്വാസപരമായും ആചാരപരമായും ദയനീമാംവിധം അധഃപതനത്തിലേക്ക് നയിച്ചുകൊണ്ടിരുന്നത് സൂഫീ ചിന്താധാരയാണ്. സർവശക്തനും പരമകാരുണികനുമായ അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്ന ഇസ്‌ലാമിന്റെ അടിത്തറയായ ഏകദൈവവിശ്വാസത്തിൽനിന്ന് വ്യതിചലിപ്പിച്ചുകൊണ്ടാണ് അധഃപതനത്തിന്റ കുഴിതോണ്ടിയത്. ശുഹദാക്കൾ, ഔലിയാക്കൾ, ശൈഖുമാർ, ഖോജമാർ, പോരിശ കൂടിയവരും കുറഞ്ഞവരുമായ പുരോഹിതൻമാർ, കറാമത്തുകളെന്ന പേരിൽ അസ്വഭാവികമായ ചില ചെയ്തികളിലൂടെ രംഗത്ത് വന്ന തങ്ങൻമാർ തുടങ്ങിയവരായിരുന്നു സമൂഹത്തിന്റ ആരാധ്യൻമാർ.**



### സമുദായികാവസ്ഥയും പുരോഹിതൻമാരും

മുസ്‌ലിം സമുദായത്തെ വിശ്വാ

**കേരള മുസ്‌ലിംകളിൽ ഒത്തൊരുമ നൽകാനാണ് 1921ൽ കേരള മുസ്‌ലിം ഐക്യസംഘത്തിന് രൂപം നൽകിയത്. ഇതിന്റെ പ്രവർത്തനഫലമായി ഉണ്ടാകുന്ന മുസ്‌ലിം സമുദായത്തിലെ പരിവർത്തനങ്ങൾ തങ്ങളുടെ ചൂഷണ പ്രവർത്തനങ്ങൾക്ക് തടയിടുമെന്ന് ഭയന്ന് ചിലർ ഇതിൽനിന്നും വേറിട്ടു പോകുകയും സംഘത്തിന്റെ പ്രവർത്തനങ്ങളെ അധിക്ഷേപിക്കുകയും ചെയ്തു. മുസ്‌ലിം പൊതുജനം വിദ്യനേടുന്നത് ഭയന്ന ഇവർ അതിനെതിരെ പല ഫത്‌വകളും ഇറക്കി. ഇവരാണിപ്പോൾ നവോത്ഥാനത്തിന്റെ പിതൃത്വം അവകാശപ്പെട്ട് രംഗം കൊഴുപ്പിക്കുന്നത്!**

സപരമായും ആചാരപരമായും ദയനീമാംവിധം അധഃപതനത്തിലേക്ക് നയിച്ചുകൊണ്ടിരുന്നത് സൂഫീ ചിന്താധാരയാണ്. സർവശക്തനും പരമകാരുണികനുമായ അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്ന ഇസ്‌ലാമിന്റെ അടിത്തറയായ ഏകദൈവവിശ്വാസത്തിൽനിന്ന് വ്യതിചലിപ്പിച്ചുകൊണ്ടാണ് അധഃപതനത്തിന്റ കുഴിതോണ്ടിയത്. ശുഹദാക്കൾ, ഔലിയാക്കൾ, ശൈഖുമാർ, ഖോജമാർ, പോരിശ കൂടിയവരും കുറഞ്ഞവരുമായ പുരോഹിതൻമാർ, കറാമത്തുകളെന്ന പേരിൽ അസ്വഭാവികമായ ചില ചെയ്തികളിലൂടെ രംഗത്ത് വന്ന തങ്ങൻമാർ തുടങ്ങിയവരായിരുന്നു സമൂഹത്തിന്റ ആരാധ്യൻമാർ. 'യാ മുഹ്‌യിദ്ദീൻ, മമ്പുറം തങ്ങളേ' തുടങ്ങിയ വിളികൾ സാർവത്രികമാക്കി. പ്രാർഥനകൾ അല്ലാഹു അല്ലാത്തവരിലേക്ക് അർപ്പിക്കാനുള്ള സമുദായത്തിന്റ അജ്ഞതയെ തിരുത്താൻ പുരോഹിതൻമാർ മടിച്ചു. രോഗങ്ങൾക്ക് ആധുനിക വൈദ്യചികിൽസ സ്വീകരിക്കാൻ പലരും വിമുഖത കാണിച്ചു. വസൂരിക്കും കോളറക്കും പിഞ്ഞാണമെഴുതി കുടിക്കാനും മന്ത്രിച്ചൂതിയ വെള്ളം കുടിക്കാനും മന്ത്രച്ചരട് ധരിക്കാനും ഏലസ് കെട്ടാനും നിർബന്ധിക്കുകയായിരുന്നു പൗരോഹിത്യം. എന്നിട്ടും രോഗശമനം ലഭിച്ചില്ലെങ്കിൽ മൗലിദും റാത്തീബും കഴിക്കാനാവശ്യപ്പെടുകയാണ് പതിവ്. ഒരു സ്ത്രീ പ്രസവിക്കാൻ നേരം മാന്യമായ ചികിൽസ നൽകുന്നതിനു പകരം നഫീസത്ത് മാല പാടി നേർച്ചയാക്കുന്ന സമ്പ്രദായമായിരുന്നു പൗരോഹിത്യം സമുദായത്തെ പഠിപ്പിച്ചിരുന്നത്. മാലപ്പാട്ടും കുപ്പിപ്പാട്ടും പോലെയുള്ളവ ഈണത്തിൽ പാടി ആത്മീയ നിർവൃതിയിലാകുമായിരുന്നു... ഇങ്ങനെ വിശ്വാസ സംസ്കരണ മേഖലയിൽനിന്ന് പൂർണമായും സമുദായത്തെ അകറ്റി അന്ധവിശ്വാസങ്ങളിൽ തളച്ചിടാനായിരുന്നു പുരോഹിതൻമാർ ധൃതിപ്പെട്ടത്. സാമ്പത്തിക ചൂഷണമായിരുന്നു ഇതിലൂടെ ഇവർ ലക്ഷ്യമാക്കിയിരുന്നത്.

ഇത്തരം ആചാരങ്ങളും വിശ്വാസങ്ങളും ഇപ്പോഴും വെച്ചുപുലർത്തുന്നവരാണ് മുസ്‌ലിം നവോത്ഥാനത്തിന്റ അവകാശവാദവുമായി വന്നിരിക്കുന്നത് എത്ര അപഹാസ്യമാണത്. ഭൗതികവും മതപരവുമായ വിദ്യാഭ്യാസത്തിൽനിന്ന് സമുദായത്തെ തടഞ്ഞ് നിറുത്തിയാണ് ചൂഷണങ്ങൾക്ക് പാകപ്പെടുത്തിയത്. അറബി അക്ഷരങ്ങൾ ബോഡിലെഴുതുന്നത് വിലക്കിയും ഇംഗ്ലീഷ് ഭാഷക്ക് നരകത്തിന്റ ഭാഷ എന്ന പദവി കൽപിച്ച് നൽകിയും മലയാള ഭാഷയെ ആര്യനെഴുത്ത് എന്ന് വിശേഷിപ്പിച്ചും സമുദായത്തെ അക്ഷരങ്ങളിൽനിന്ന് പുരോഹിതൻമാർ അകറ്റി നിറുത്തി. ചന്ദനക്കുടവും നേർച്ചകളും അരങ്ങുവാണിരുന്നു. കൊടിക്കുത്ത്, ചന്ദനക്കുടം എന്നിവയെ സാമൂഹ്യ ആചാരമായിക്കണ്ടു. ഖബ്ർസ്ഥാനിൽ കത്തപ്പുര കെട്ടി 'ഖബ്ർ ഓത്തിന്' കൂലി നിശ്ചയിച്ച് ആളെ നിറുത്തും. ചാവടിയന്തിരം മുതൽ ധാരാളം ആചാരങ്ങളാണ് മരണ വീട്ടിൽ നടക്കുക, ഓരോന്നിനും കൈമടക്കും ഭക്ഷണവും യഥേഷ്ടമുണ്ടാകും. ഇങ്ങനെ സമുദായത്തെ അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ആലയിൽ തളച്ചിട്ട് സമുദായത്തെ ചൂഷണം ചെയ്യുന്ന തിരക്കിലായിരുന്നു സൂഫീ നേതൃത്വം.

കേരള മുസ്‌ലിംകളിൽ ഒത്തൊരുമ നൽകാനാണ് 1921ൽ കേരള മുസ്‌ലിം ഐക്യസംഘത്തിന് രൂപം നൽകിയത്. ഇതിന്റെ പ്രവർത്തനഫലമായി ഉണ്ടാകുന്ന മുസ്‌ലിം സമുദായത്തിലെ പരിവർത്തനങ്ങൾ തങ്ങളുടെ ചൂഷണ പ്രവർത്തനങ്ങൾക്ക് തടയിടുമെന്ന് ഭയന്ന് ചിലർ ഇതിൽനിന്നും വേറിട്ടു പോകുകയും സംഘത്തിന്റെ പ്രവർത്തനങ്ങളെ അധിക്ഷേപിക്കുകയും ചെയ്തു. മുസ്‌ലിം പൊതുജനം വിദ്യനേടുന്നത് ഭയന്ന ഇവർ അതിനെതിരെ പല ഫത്‌വകളും ഇറക്കി. ഇവരാണിപ്പോൾ നവോത്ഥാനത്തിന്റെ പിതൃത്വം അവകാശപ്പെട്ട് രംഗം കൊഴുപ്പിക്കുന്നത്!

### നവോത്ഥാനം അവകാശപ്പെടുന്നവരോട്

കേരളത്തിലെ മുസ്‌ലിം സമൂഹത്തെ അന്ധകാരത്തിൽ തളച്ചിടാനുള്ള ശ്രമങ്ങളിൽനിന്ന് മോചിപ്പിക്കാനാണ് സലഫി പരിഷ്കർത്താക്കൾ സമൂഹത്തിൽ അധ്വാനിച്ചത്. അപ്പോഴെല്ലാം

അതിനെ പ്രതിരോധിക്കാനുള്ള ശ്രമങ്ങളിൽ മുഴുകിയവർക്ക് എപ്പോഴാണ് നവോത്ഥാനത്തിന്റ മേലങ്കി ചാർത്തപ്പെട്ടത്?

സ്ത്രീവിദ്യാഭ്യാസത്തിനെതിരെ പ്രമേയം കൊണ്ടുവന്നവർ അത് തിരുത്താതെ വിദ്യാഭ്യാസ മുന്നേറ്റത്തിൽ ഹർഷ പുളകിതരാകുന്നു! ആധുനിക വൈദ്യചികിൽസയെ നിരാകരിച്ച് മാലയിലും ഏലസിലും തകിടിലും പിഞ്ഞാണത്തിലും ശമനമുണ്ടെന്ന് പ്രചരിപ്പിച്ചത് തിരുത്താതെ നവോത്ഥാനത്തെ എങ്ങനെ അവകാശപ്പെടാനാകും? കൂണുപോലെ മുളച്ച് പൊങ്ങുന്ന സിദ്ധചികിൽസാകേന്ദ്രങ്ങളുടെയും അവിടങ്ങളിൽ നടക്കുന്ന ചൂഷണങ്ങളുടെയും ഉത്തരവാദി ആരാണ്? അതിനെ തള്ളിപ്പറയാൻ മടി കാണിക്കുന്നതെന്താണ്? ഇസ്‌ലാമിക പ്രമാണങ്ങൾക്ക് വിരുദ്ധമായി പഴയതിലേക്ക് തിരിച്ച് പോകണമെന്ന് ആണയിടുന്ന പൗരോഹിത്യം സമുദായത്തെ അധഃപതനത്തിലേക്ക് തിരിച്ച് വിളിക്കുകയാണ്.

മുടിയും മണ്ണും ചട്ടിയും പ്രവാചകന്റേതെന്ന് അവകാശപ്പെട്ടു ജനങ്ങളുടെ അജ്ഞതയെ ചൂഷണം ചെയ്ത് തടിച്ച് കൊഴുക്കുന്നവർ നവോത്ഥാനത്തിന്റെ പിതൃത്വവാദം ഉന്നയിച്ച് അപഹാസ്യരാകുകയാണ്. ഭൗതികലാഭം മാത്രം കൊതിച്ചുകൊണ്ടാണ് ജനങ്ങളെ നേർമാർഗത്തിൽനിന്ന് ഇവർ തടയുന്നത്. അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക” (ക്വുർആൻ 9:34). ■





# തക്കാളി സോസ്

**സലീന ബിൻത് മുഹമ്മദലി**

കുട്ടികൾക്ക് ഏറെ ഇഷ്ടമുള്ള ഒരു വിഭവമാണ് തക്കാളി സോസ്. കടകളിൽനിന്ന് വാങ്ങാൻ കിട്ടുമെങ്കിലും കേടുവരാതിരിക്കാൻ അതിൽ പ്രിസർവേറ്റീവ്സ് ചേർത്തിട്ടുണ്ടാകുമെന്നതിനാൽ അത് ഉപയോഗിക്കുന്നത് അത്ര നന്നല്ല. വീട്ടിൽ നമുക്കുതന്നെ സോസ് ഉണ്ടാക്കിയാൽ ധൈര്യമായി ഉപയോഗിക്കാം. ഇപ്പോൾ തക്കാളിക്ക് വില വളരെ കുറവാണ്. ഇതുതന്നെ സോസ് ഉണ്ടാക്കുവാനുള്ള അവസരം. കടയിൽനിന്നു ലഭിക്കുന്നതിനെക്കാൾ രുചികരവും ഹെൽത്തിയുമായ സോസ് നമുക്കൊന്ന് ഉണ്ടാക്കി നോക്കിയാലോ?

**ആവശ്യമായവ:**

| | | | |
|---|---|---|---|
| തക്കാളി | : 1 കിലോ. | ഗ്രാമ്പൂ | : 5 എണ്ണം. |
| വിനാഗിരി | : 1/3 കപ്പ്. | കറുവപ്പട്ട | : 1 മീഡിയം കഷ്ണം. |
| പഞ്ചസാര | : 1/2 കപ്പ്. | പെരുംജീരകം | : 1/2 റ്റീസ്പൂൺ. |
| പച്ചമുളക് / ഉണക്കമുളക് | : 4 എണ്ണം. | ചെറിയ ജീരകം | : 1/2 റ്റീസ്പൂൺ. |
| ഉപ്പ് പാകത്തിന്. | | ഇഞ്ചി-വെള്ളുത്തുള്ളി പേസ്റ്റ് | : 1.5 റ്റീസ്പൂൺ |
| ഏലക്ക | : 4 എണ്ണം. | സവാള | : 1 എണ്ണം. |

**ഉണ്ടാക്കുംവിധം:**

ആദ്യമായി തക്കാളി നല്ലവണ്ണം കഴുകി വൃത്തിയാക്കി വയ്ക്കണം. ഒരു പാത്രത്തിൽ ആവശ്യത്തിനു വെള്ളം ഒഴിച്ച് അതിൽ തക്കാളി യിട്ട് തിളപ്പിക്കുക. നന്നായി തിളച്ച് തൊലി അടർന്നു വരുന്ന പരുവമാകുമ്പോൾ തീ ഓഫ് ചെയ്യാം. ശേഷം തക്കാളി അതിൽനിന്നെടുത്ത് തണുത്ത വെള്ളതിൽ ഇട്ടുവയ്ക്കുക. ചൂട് നന്നായി പോയ ശേഷം തക്കാളിയുടെ തൊലി മുഴുവനായും അടർത്തിക്കളഞ്ഞ് മിക്സിയിലിട്ട് നല്ലവണ്ണം പേസ്റ്റ് ആക്കിയെടുക്കുക.

ഗ്രാമ്പൂ, കറുകപ്പട്ട, മുളക്, സവാള, ഏലക്ക, പെരുംജീരകം, ചെറിയജീരകം തുടങ്ങിയ ചേരുവകൾ ചെറുതായി ചതച്ച് ഇഞ്ചി, വെള്ളുത്തുള്ളി പേസ്റ്റും കൂടെ ചേർത്ത് ഒരു വൃത്തിയുള്ള തുണിയിൽ കിഴി കെട്ടി എടുക്കുക. അടികട്ടിയുള്ള ഒരു പാൻ അടുപ്പിൽ വച്ച് തക്കാളി പേസ്റ്റ് ഒഴിച്ച് ഇളക്കുക. ഉണ്ടാക്കിവച്ച കിഴി കൂടി അതിൽ ഇട്ട് ഇളക്കി ചൂടാക്കുക. നന്നായി ചൂടായി കുറുകാൻ തുടങ്ങുമ്പോൾ വിനാഗിരി, പഞ്ചസാര, പാകത്തിന് ഉപ്പ് എന്നിവ ചേർത്ത് നന്നായി തിളച്ച് കുറുകുന്നതുവരെ ഇളക്കുക. ശേഷം കിഴി പുറത്തെടുത്ത് തക്കാളിച്ചാറിലേക്ക് നന്നായി പിഴിഞ്ഞ് അതിലെ സത്ത് മുഴുവൻ ഇറങ്ങാൻ അനുവദിക്കുക. നന്നായി ഇളക്കിക്കൊണ്ടിരിക്കണം

20-25 മിനുട്ടിനു ശേഷം തീ ഓഫ് ചെയ്യാം. തണുത്ത ശേഷം കുപ്പിയിലാക്കി സൂക്ഷിക്കാം. ഫ്രിഡ്ജിൽ സൂക്ഷിച്ചാൽ കൂടുതൽ ദിവസം കേടുകൂടാതെയിരിക്കും. ■



നീണ്ടകഥ

# പൊഴിയുന്ന പുണ്യങ്ങൾ

ഷാസിയ നസ്‌ലി
വിവ: ഇബ്‌നു അലി എടത്തനാട്ടുകര

നീണ്ട ദിനത്തിലെ മുഷിഞ്ഞ ക്ലാസ്സിനൊടുവിൽ സന്ന വീട്ടിലേക്ക് പോകാനായി സ്‌കൂൾ ബസിൽ കയറിയിരുന്നു. അവളുടെ കൊച്ചനിയൻ തൻസാർ പഠിക്കുന്ന ബോയ്സ് പ്രൈമറി സ്‌കൂളിന് മുമ്പിലൂടെയാണ് സ്‌കൂൾബസ് കടന്നുപോകാറുള്ളത്. പ്രായവ്യത്യാസം മറന്ന് അവരിരുവരും നല്ല സൗഹൃദത്തിൽ ഏറെനേരം ഒരുമിച്ച് ചെലവഴിക്കാറുണ്ട്; തൻസാറിന്റെ അരുമയായ പൂച്ചക്കുട്ടി 'ഫെലിക്സ്' അവന്റെ സമയത്തിൽ കുറെ കവർന്നെടുക്കാറുണ്ടെങ്കിലും.

പതിവ് പോലെ പുസ്തകങ്ങൾ കൈകളിലേന്തി ഗേറ്റിനരികിൽ നിൽക്കുന്ന അനിയൻ തൻസാറിനെ സ്‌കൂൾ ബസ് കടന്നുപോകവെ സന്ന കണ്ടു. തലയാട്ടി ബസിന്റെ കിളിവാതിലിലൂടെ അനിയനുമായി ചെറുതായി കൈവീശി സന്ന തന്നെത്താൻ പറഞ്ഞു: 'കമ്പ്യൂട്ടർ റൂമിലേക്കായിരിക്കും...'

അവനും പുഞ്ചിരിച്ച് കൈവിശീ. എന്നൊക്കെ തൻസാർ കമ്പ്യൂട്ടർ റൂമിലേക്ക് പോകാൻ പദ്ധതിയിട്ടോ അന്നൊക്കെ അവൻ സ്‌കൂൾ ഗേറ്റിനരികെ കാത്തുനിന്ന് സന്നക്ക് സൂചന നൽകാറാണ് പതിവ്. തൻസാർ കമ്പ്യൂട്ടറുകളെ ഏറെ സ്നേഹിച്ചിരുന്നു. വീട്ടിലൊരെണ്ണം ഉണ്ടായിരുന്നെങ്കിലും പുതുപുത്തനായതുകൊണ്ടും ഇന്റർനെറ്റ് കണക്ഷൻ ഉള്ളതുകൊണ്ടും സ്‌കൂളിലെ വേഗതയേറിയ കമ്പ്യൂട്ടറിനോടായിരുന്നു അവന് ഏറെ പ്രിയം.

സ്‌കൂൾ ബാഗ് അവളുടെ കിടപ്പറയുടെ തറയിലേക്കിട്ട് കട്ടിലിലേക്ക് ചാടിക്കയറവെ സന്ന മന്ത്രിച്ചു. 'വീട്ടിലിരിക്കാൻ എന്തൊരു സുഖം!'

'ഹൊ, മറ്റൊരു തിരക്കുപിടിച്ച ദിവസം കൂടി അങ്ങനെ തീർന്നു കിട്ടി'- അവൾ നെടുവീർപ്പിട്ടു. ബാഗിൽ നിന്ന് പുസ്തകങ്ങളെടുത്ത് മേശയിൽ നിരത്തി. സയൻസ്, കണക്ക്, ഐ.ടി... അവൾ ഉറക്കെ പറഞ്ഞു: 'ബോറിംഗ്!'

അവൾ ഗൃഹപാഠം ചെയ്യാൻ തുടങ്ങി. കൂടുതൽ ചെയ്യാനുള്ളതുകൊണ്ടോ അവൾക്കത് ആസ്വദിക്കാൻ പറ്റിയതുകൊണ്ടോ അല്ല, മറിച്ച് ജോലി പെട്ടെന്ന് പൂർത്തിയാക്കി സ്വസ്ഥമായി ഇരിക്കാമല്ലോ എന്നോർത്താണ്. ഒരു മണിക്കൂർ നീണ്ട കണക്ക് പഠനത്തിനൊടുവിൽ അവസാന ചോദ്യത്തിലെത്തി നിൽക്കുമ്പോൾ വാതിലിൽ ഒരു മുട്ടു കേട്ടു.

"അസ്സലാമു അലൈക്കും"- അവളുടെ കൊച്ചനിയൻ റൂമിലേക്ക് കടന്നുവന്നു.

"വ അലൈക്കുമുസ്സലാം"- അവൾ പ്രതിവചിച്ചു.

"അയ്യോ വയ്യേ, നിന്റെ കണക്ക് ഗൃഹപാഠം ചെയ്യാൻ സഹായിക്കാൻ എന്നെക്കൊണ്ടാവില്ല മോനേ"- ഒരു കൈയിൽ കണക്ക് ടെസ്റ്റും



മറുകൈയിൽ കാൽകുലേറ്ററും ചുണ്ടിൽ കടിച്ചുപിടിച്ച പെൻസിലുമായി വന്ന അനിയനോട് അവൾ പറഞ്ഞു.

“നിനക്ക് അറിയാമല്ലോ. എനിക്ക് കണക്ക് ഇഷ്ടമേയല്ലെന്ന്. ആകട്ടെ നീ എപ്പോഴാണ് തിരിച്ചെത്തിയത്”- അവൾ ചോദിച്ചു.

“അഞ്ചു മിനുട്ട് മുമ്പ്. ദയവുചെയ്ത് എന്നെ സഹായിക്കൂ. എന്റെ സുന്ദരി താത്തയല്ലേ... പ്ലീസ്”- അവൻ കെഞ്ചി. “കുറച്ച് നേരം മതി. എന്റെ ഒരേയൊരു താത്തയല്ലേ... നല്ല താത്തയല്ലേ...”- തൻസാർ അവളെ സോപ്പിട്ടു.

“ശരി. നിന്റെ ഒരേയൊരു സഹോദരിയാണ്. അതുകൊണ്ട് എനിക്ക് ഏറ്റവും നല്ലവളാകാതെ നിവൃത്തിയില്ലല്ലോ. ശരി, തുടങ്ങാം. ഏകാകൃതയോടെയായിരിക്കണം. കുട്ടിക്കളി പാടില്ല”-അവൾ പറഞ്ഞു.

സന്ന വേഗത്തിൽ നന്നായി വിശദീകരിച്ചുവെങ്കിലും തൻസാറിന്റെ തലയിൽ പതുക്കെയാണ് കയറുന്നത്.

“അങ്ങനെയല്ല, നീളവും വീതിയും തമ്മിൽ ഗുണിച്ചാലാണ് ദീർഘ ചതുരത്തിന്റെ വിസ്തീർണം കണക്കാക്കാനാവുക”- വിസ്തീർണം എപ്പോഴും കുഴക്കിയിരുന്ന സഹോദരനോട് അവൾ വിശദീകരിച്ചു.

“അക്കങ്ങളൊക്കെ വലുതും നീണ്ടതുമാണ്. എനിക്കെങ്ങനെയാണ് അത് ഗുണിക്കാൻ സാധിക്കുക?”- തൻസാറിന്റെ മറുപടി.

നിരങ്ങി നീങ്ങുന്ന ശബ്ദം കേട്ട സന്നയും തൻസാറും പുസ്തകത്തിൽനിന്ന് തലയുയർത്തി. ഫെലിക്സ് ആയിരുന്നു അത്. അവൻ വാതിലിന്റെ പിന്നിൽ നിന്ന് പാളിനോക്കുന്നു.

“പൂച്ചക്കുട്ടിയെ എന്റെ ബെഡിൽ കയറ്ററുത്. അവന്റെ രോമം കാണുന്നത് എനിക്ക് അറപ്പാണ്”- സന്ന എതിർത്തു.

തന്റെ പൂച്ചക്കുഞ്ഞിനോട് സൗഹൃദത്തോടെ കൈവീശി തൻസാർ പറഞ്ഞു: “താത്താ, കണക്കിൽ ശ്രദ്ധിക്ക്. ഫെലിക്സ് പാവമാണ്. അവൻ ആരെയും ശല്യപ്പെടുത്തില്ല.”

“ശരി...ശരി... കണക്കിലേക്ക് വാ! ശാസ്ത്രജ്ഞൻമാർ കാൽകുലേറ്റർ എന്നൊരു സാധനം കണ്ടുപിടിച്ചത് വലിയ തുകകൾ കൂട്ടാനും കിഴിക്കാനും മറ്റുമാണ്”- സന്ന കാൽകുലേറ്റർ മുകളിലേക്ക് എറിഞ്ഞുപിടിച്ചുകൊണ്ട് പറഞ്ഞു.

“അയ്യേ! പരീക്ഷക്ക് കാൽകുലേറ്റർ കൊണ്ടുപോകുകയോ! ഞങ്ങൾക്കതിന് അനുവാദമില്ല”- തൻസാർ പറഞ്ഞു.

“നിനക്ക് കാൽകുലേറ്റർ ഉപയോഗിക്കാം. അതിന് പുതിയ നിയമം ഉണ്ട്”- സന്ന വിശദീകരിച്ചു.

“അത് കലക്കി! പരീക്ഷിൽ ഞാനിനി പറന്നു വെട്ടും”- തൻസാർ ഉള്ളുതുറന്ന് ചിരിച്ചു.

സദ്യകഴിഞ്ഞ് സന്നയും ഉമ്മയും തൻസാറിന്റെ കൂടി സഹായത്തോടെ ഭക്ഷണം തയാറാക്കി. സത്യത്തിൽ സഹായമെന്ന പേരിൽ തൻസാർ ആകെ വലിച്ചുവാരി കുളമാക്കുകയാണ് ചെയ്തത്. സന്ന സാലഡ് തയാറാക്കി, മേശ ശരിയാക്കി. നമസ്കാരം കഴിഞ്ഞെത്തിയ ബാപ്പയും അവസാനം മിനുക്കുപണികൾക്ക് ഒപ്പംകൂടി. അവരെല്ലാവരും ഒരുമിച്ച് ഭക്ഷണത്തിനിരുന്നു.

(തുടരും)



ലേഖനം

അഭിമുഖം

# ഇസ്‌ലാം: പ്രബോധനം, പ്രസ്ഥാനം ചില സമകാലിക ചിന്തകൾ 3

ടി.കെ.അശ്റഫ് / ഉസ്മാൻ പാലക്കാഴി

? *ഫെബ്രുവരി 12 ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട്ടു വച്ച് ഒരു കോൺഫറൻസ് നടത്താൻ തീരുമാനിച്ചിരിക്കുകയാണല്ലോ. എന്താണ് അതിന്റെ ലക്ഷ്യം? കെഎൻഎമ്മിന്റെയും സമസ്തയുടെയും സമ്മേളനങ്ങൾ കഴിഞ്ഞ് താമസിയാതെ തന്നെ വലിയൊരു സമ്മേളനം നടത്താൻ തീരുമാനിച്ചത് മൽസരബുദ്ധി കാണിക്കലാണ് എന്ന വിമർശനം സാമൂഹ്യമാധ്യമങ്ങളിലൂടെ ചിലർ നടത്തുന്നുണ്ട്? ഇവരോട് എന്താണ് പറയാനുള്ളത്?*

! ഒരു സംഘടനയുടെ ആശയാദർശങ്ങളും നയനിലപാടുകളും പൊതുജനങ്ങളെ അറിയിക്കുവാൻ എക്കാലത്തും ഏറെ ഫലപ്രദമായ മാർഗമാണ് ഇത്തരത്തിലുള്ള ഒരുമിച്ചുകൂടലുകൾ. ഈ ലക്ഷ്യം വച്ചു കൊണ്ട് 'മതം സുരക്ഷയാണ്' എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടനാരൂപം പ്രാപിക്കും മുമ്പ് 'ദഅ്‌വ സമിതി' എന്ന ബാനറിൽ ബൃഹത്തായ ഒരു സമ്മേളനം കോഴിക്കോട്ടു വച്ച് നടത്തിയിട്ടുണ്ട്. അതിനു ശേഷം കോഴിക്കോട് സ്വപ്ന നഗരിയിൽ വച്ച് വിപുലമായ രീതിയിൽ അന്താരാഷ്ട്ര ക്വുർആൻ കോൺഫറൻസ് നടത്തിയിട്ടുണ്ട്. എന്നാൽ അതിനു ശേഷം വർഷങ്ങളായി അതുപോലൊരു പരിപാടി സംഘടിപ്പിച്ചിട്ടില്ല. കോവിഡിന്റെ കടന്നുവരവോടുകൂടി ഒത്തുചേരാനുള്ള സാഹചര്യം അടഞ്ഞതാണ് കാരണം.

ഇപ്പോൾ ആ തടസ്സം നീങ്ങിയിട്ടുണ്ട്. വർഷങ്ങൾക്ക് ശേഷം ഒരു കൂടിച്ചേരലിനു പറ്റിയ അന്തരീക്ഷം തെളിഞ്ഞു വന്നപ്പോൾ സമ്മേളനം തീരുമാനിച്ചു എന്നു മാത്രം. സമ്മേളനത്തിനു വേണ്ടി ഒരു സമ്മേളനം, മറ്റുള്ളവരുടെ സമ്മേളനം കാണുമ്പോൾ ബദലായി ഒരു സമ്മേളനം എന്നത് നമ്മുടെ നയമല്ല.

> **മുസ്‌ലിം സമുദായം ഗുതരമായ ചില പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഫാസിസം അധികാരം കൈയാളുന്നു. സർവ മേഖലകളിലേക്കും പടർന്നുകയറുന്നു. അധികാരം ഉപയോഗിച്ചുകൊണ്ട് മുസ്‌ലിം പൈതൃകങ്ങളെ തുടച്ചുനീക്കാൻ ശ്രമിക്കുന്നു. മുസ്‌ലിംകളുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങൾ പോലും മാറ്റിക്കൊണ്ടിരിക്കുന്നു. പല മുസ്‌ലിം പള്ളികൾക്കുമേലും അവകാശവാദമുന്നയിക്കുന്നു. പൗരത്വവിഷയത്തിൽ മുസ്‌ലിംകളോട് അനീതി കാണിക്കുന്നു. ഏക സിവിൽകോഡ് നടപ്പിലാക്കാനായി നിയമ നിർമാണ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഫാസിസത്തിന്റെ ഭീഷണികളെ ചൂണ്ടിക്കാണിച്ചുകൊണ്ട്, അതിനെ പ്രതിരോധിക്കാൻ ഞങ്ങളേയുള്ളൂ, നിങ്ങളെ സംരക്ഷിക്കാൻ ഞങ്ങൾക്കേ കഴിയൂ എന്നു വരുത്തിത്തീർത്ത് പുതുതലമുറയെ ലിബറലിസത്തിലേക്കും മതനിരാസത്തിലേക്കും കൊണ്ടുപോകാനുള്ള ചിലരുടെ ശ്രമങ്ങൾ മറുവശത്ത്. ഇത്തരം ഭീഷണികളെ നേരിടേണ്ട മതനിരപേക്ഷ കക്ഷികൾക്കിടയിൽ ഐക്യം കാണപ്പെടുന്നില്ല. മുസ്‌ലിംകളാകട്ടെ ഫാസിസത്തെ എങ്ങനെ നേരിടുമെന്ന വിഷയത്തിൽ പോലും ഭിന്നതയിലാണ്. ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ മുസ്‌ലിം സമുദായത്തിന് ശരിയായ വഴിയും വെളിച്ചവും പകർന്നുനൽകുക ഒരു ഇസ്‌ലാമിക സംഘടനയുടെ ഉത്തരവാദിത്തമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു.**

ണ്ടിരിക്കുന്നു. അതിനാൽ തന്നെ ആത്മീയ ചൂഷണ കേന്ദ്രങ്ങളുടെ വലയിൽ അവർ അകപ്പെടുന്നു.

മാത്രമല്ല, മുസ്‌ലിം സമുദായം ഗുതരമായ ചില പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഫാസിസം അധികാരം കൈയാളുന്നു. സർവ മേഖലകളിലേക്കും പടർന്നുകയറുന്നു. അധികാരം ഉപയോഗിച്ചുകൊണ്ട് മുസ്‌ലിം പൈതൃകങ്ങളെ തുടച്ചുനീക്കാൻ ശ്രമിക്കുന്നു. മുസ്‌ലിംകളുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങൾ പോലും മാറ്റിക്കൊണ്ടിരിക്കുന്നു. പല മുസ്‌ലിം പള്ളികൾക്കുമേലും അവകാശവാദമുന്നയിക്കുന്നു. പൗരത്വവിഷയത്തിൽ മുസ്‌ലിംകളോട് അനീതി കാണിക്കുന്നു. ഏക സിവിൽകോഡ് നടപ്പിലാക്കാനായി നിയമ നിർമാണ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഫാസിസത്തിന്റെ ഭീഷണികളെ ചൂണ്ടിക്കാണിച്ചുകൊണ്ട്, അതിനെ പ്രതിരോധിക്കാൻ ഞങ്ങളേയുള്ളൂ, നിങ്ങളെ സംരക്ഷിക്കാൻ ഞങ്ങൾക്കേ കഴിയൂ എന്നു വരുത്തിത്തീർത്ത് പുതുതലമുറയെ ലിബറലിസത്തിലേക്കും മതനിരാസത്തിലേക്കും കൊണ്ടുപോകാനുള്ള ചിലരുടെ ശ്രമങ്ങൾ മറുവശത്ത്.

ഇത്തരം ഭീഷണികളെ നേരിടേണ്ട മതനിരപേക്ഷ കക്ഷികൾക്കിടയിൽ ഐക്യം കാണപ്പെടുന്നില്ല.

മനുഷ്യത്വം തന്നെ ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന, മൃഗങ്ങളും മനുഷ്യരും തമ്മിൽ വേർതിരിയുന്ന അതിർവരമ്പുകൾ പോലും ലംഘിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിവാഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറിക്കൊണ്ടിരിക്കുന്നു. ആണും ആണും തമ്മിലും പെണ്ണും പെണ്ണും തമ്മിലും മനുഷ്യനും മൃഗങ്ങളും തമ്മിലും, എന്തിനേറെ രക്തബന്ധമുള്ള അടുത്ത ബന്ധുക്കൾ തമ്മിൽ പോലും ലൈംഗിക ബന്ധം ആവാമെന്ന അവസ്ഥയാണുള്ളത്!

അങ്ങനെ മാനുഷിക ഗുണമായ ലജ്ജയും സംസ്കാരവും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇതൊന്നും യാദൃച്ഛികമായി സംഭവിക്കുന്നതല്ല. ബോധപൂർവമായ ശ്രമങ്ങൾ അതിനു പിന്നിലുണ്ട്. ചില വിദ്യാർഥി സംഘടനകളും എൻജിഒകളും അതിന്റെ പ്രചാരകരായി വർത്തിക്കുന്നു. ഭരണവ്യവസ്ഥയുടെ പിന്തുണയും അതിന് ലഭിക്കുന്നു. അങ്ങനെ സാമൂഹിക ക്രമത്തെ തന്നെ മാറ്റിമറിക്കാൻ ശ്രമം നടക്കുന്ന സാഹചര്യം നിലനിൽക്കുന്നു. ആത്മീയ ദാരിദ്ര്യം അനുഭവിക്കുന്ന മനുഷ്യർ പെരുകിക്കൊ



**ചില സംഘടനകളും നേതാക്കളും പ്രഭാഷകരും സ്വന്തം നിലനിൽപിനു വേണ്ടിയും അവർ ആഭ്യന്തരമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് മറപിടിക്കാനുമൊക്കെയായി മറ്റുള്ളവർക്കെതിരെ ആരോപണത്തിന്റെ പൊയ്‌വെടികൾ ഉതിർക്കുമ്പോൾ അതിന്റെ പിന്നിൽ കൂടി സ്വന്തം അജണ്ട മറന്ന് മുന്നോട്ടു പോയിക്കൂടാ. ആ ജാഗ്രത വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനുണ്ട്.**

മുസ്‌ലിംകളാകട്ടെ ഫാസിസത്തെ എങ്ങനെ നേരിടുമെന്ന വിഷയത്തിൽ പോലും ഭിന്നതയിലാണ്. ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ മുസ്‌ലിം സമുദായത്തിന് ശരിയായ വഴിയും വെളിച്ചവും പകർന്നുനൽകുക ഒരു ഇസ്‌ലാമിക സംഘടനയുടെ ഉത്തരവാദിത്തമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ സമ്മേളനം പ്രഖ്യാപിച്ചിരിക്കുന്നത്.

? *ഈയൊരു ഘട്ടത്തിൽ തന്നെയാണല്ലോ മുജാഹിദ് സമ്മേളനം നടന്നത്. ശേഷം സമസ്തയും വലിയൊരു സമ്മേളനം സംഘടിപ്പിച്ചു. ഈ സമ്മേളനങ്ങളുടെ പേരിൽ തർക്കവിതർക്കങ്ങൾ നടന്നുകൊണ്ടിക്കുകയാണ്. ഈയൊരു സാഹചര്യം വിസ്ഡംമനസ്സിലാക്കുന്നില്ലേ?*

! വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനെ സംബന്ധിച്ചിടത്തോളം അതിന്റെ അജണ്ട നിശ്ചയിക്കുന്നത് അതിന്റെ പണ്ഡിതന്മാരും അതിന്റെ സംസ്ഥാന കൂടിയാലോചനാ സമിതിയും ചേർന്ന് കൊണ്ടാണ്. മറ്റുള്ള സംഘടനകളും ആളുകളും പുറത്തിടുന്ന അജണ്ടകൾ ഏറ്റെടുത്ത് അവരുടെ പിന്നിൽ കൂടുക എന്നത് വിസ്ഡത്തിന്റെ ശൈലിയുമല്ല. അത് മുജാഹിദ് പ്രസ്ഥാനത്തിന്റെ പാരമ്പര്യവുമല്ല.

ചില സംഘടനകളും നേതാക്കളും പ്രഭാഷകരും സ്വന്തം നിലനിൽപിനു വേണ്ടിയും അവർ ആഭ്യന്തരമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് മറപിടിക്കാനുമൊക്കെയായി മറ്റുള്ളവർക്കെതിരെ ആരോപണത്തിന്റെ പൊയ്‌വെടികൾ ഉതിർക്കുമ്പോൾ അതിന്റെ പിന്നിൽ കൂടി സ്വന്തം അജണ്ട മറന്ന് മുന്നോട്ടു പോയിക്കൂടാ. ആ ജാഗ്രത വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനുണ്ട്.

പ്രവാചകൻമാരഖിലവും പ്രബോധനം ചെയ്ത ഏകദൈവാദർശത്തിലേക്കും അന്തിമദൂതന്റെ ചര്യയിലേക്കുമുള്ള ക്ഷണമാണ് വിസ്ഡം നടത്തിക്കൊണ്ടിരിക്കുന്നത്. മുസ്‌ലിം സമുദായത്തിൽ നിലവിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിപാടനം ചെയ്യുവാനുള്ള തീവ്രശ്രമമാണ് വിസ്ഡം നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങളിലേക്കും ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുവാൻ സംഘടന സാധിക്കുന്നത്ര ശ്രമിക്കുന്നുണ്ട്. അതോടൊപ്പം ഇസ്‌ലാമും മുസ്‌ലിംകളും നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ ധൈര്യസമേതം അഡ്രസ്സ് ചെയ്യുകയും സമൂഹത്തിന് കൃത്യമായ ദിശാബോധം നൽകുകയും ചെയ്യുക എന്നതും ഈ സംഘടനയുടെ ഉദ്ദേശ്യമാണ്

ഈ ലക്ഷ്യങ്ങളിൽനിന്ന് തെറ്റാതെ മുന്നോട്ടു പോകുന്ന ഈ പ്രസ്ഥാനത്തെയും അതിന്റെ ആശയാദർശങ്ങളെയും ആരെങ്കിലും തെറ്റുധരിക്കുകയോ തെറ്റിദ്ധരിപ്പിക്കുകയോ ആരോപണങ്ങളുന്നയിക്കുകയോ ചെയ്യുന്നുവെങ്കിൽ തെറ്റുധാരണ തിരുത്താനാവശ്യമായ വിശദീകരണം നൽകുകയും തെറ്റിദ്ധരിപ്പിക്കുന്നവർക്കും ആരോപകർക്കും മറുപടി പറയേണ്ടതുണ്ടെങ്കിൽ മറുപടി പറഞ്ഞുകൊണ്ടും വിശദീകരിക്കേണ്ടത് വിശദീകരിച്ചുകൊണ്ടും മുന്നോട്ട് പോവുക എന്നതും ഇതിന്റെ ഭാഗമായിരിക്കും. അത് കണ്ടില്ലെന്ന് നടിക്കുകയോ ആരോപണങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാതെ പോവുകയോ ചെയ്യുന്ന ശൈലിയില്ല. ഗുണകാംക്ഷയോടുകൂടി ആ ഉത്തരവാദിത്തം ഇതിന്റെ കൂടെ നിർവഹിക്കും.

അതല്ലാതെ ഏതെങ്കിലും ഒരു സമ്മേളനത്തിന് മറുപടിയായോ അല്ലെങ്കിൽ അതിനോട് മത്സരിക്കുകയോ ചെയ്യുക എന്ന ഒരു ശൈലി, അല്ലെങ്കിൽ അങ്ങനെയൊരു നയം പ്രസ്ഥാനത്തിനില്ല.



*? സംസ്ഥാന സ്കൂൾ കലോത്സവ വേദിയിൽ ഒരു പെൺകുട്ടി നടത്തിയ മോണോ ആക്ട് ഇന്ന് സാമൂഹ്യ മാധ്യമങ്ങളിൽ വൈറലാണ്. ജനങ്ങൾക്കിടയിൽ ചർച്ചാവിഷയമാണ്. അതിൽ ആ കുട്ടി 'എനിക്ക് പറയാനുള്ളത് മതം തലയ്ക്കു പിടിച്ച മദയാനകളോടാണ്. ഭക്ഷണത്തിൽ, ഉടുപ്പിൽ, കലയിൽ, കല്യാണത്തിൽ ഒക്കെ നിങ്ങൾ മതം കലർത്തി വിറളി പൂണ്ട് അലറുമ്പോൾ ഒരിക്കൽ കൂടി ഞാൻ പറയുന്നു ഇത് കേരളമാണ്' എന്ന് പറയുന്നത് കാണാം. ഇതിനെക്കുറിച്ച് എന്തു പറയുന്നു?*

! ഭക്ഷണത്തിന്റെയും വേഷത്തിന്റെയും പേരിൽ നാടിനെ വെട്ടിമുറിക്കാനും പരസ്പരം വൈരമുണ്ടാക്കാനും ഫാസിസ്റ്റുകൾ മതത്തെ ദുരുപയോഗം ചെയ്യുന്നതിനെയാണ് ഇങ്ങനെ വിമർശിക്കുന്നതെങ്കിൽ നമുക്ക് അംഗീകരിക്കാം. കാരണം അവരാണ് ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയുമൊക്കെ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കാനും കുഴപ്പമുണ്ടാക്കാനും ശ്രമിക്കുന്നവർ.

എന്നാൽ ഈ മോണോ ആക്ട് ആകെ പരിശോധിച്ചാൽ മതം പ്രാകൃതമാണെന്നും അതിന്റെ നിയമങ്ങൾ ആധുനികതക്ക് ചേർന്നതല്ല എന്നുമുള്ള ചിന്ത പുതുതലമുറയിൽ ബോധപൂർവം വരുത്താനാണ് ശ്രമിക്കുന്നത് എന്ന് മനസ്സിലാകും. ഒരു ലിബറൽ സമൂഹസൃഷ്ടിയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. അതിൽ ഇസ്‌ലാമിനെയാണ് നല്ലൊരു സമയം കടന്നാക്രമിക്കുന്നതും. തൂക്കമൊപ്പിക്കാനായി മറ്റു മതങ്ങളെയും പരാമർശിക്കുന്നുണ്ട് എന്ന് മാത്രം.

ഇസ്‌ലാമിക പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട ഒരു ആദർശവും ആചാരവും പ്രാകൃതമാണെന്ന് ആർക്കും ഇന്നുവരെ തെളിയിക്കാൻ ആയിട്ടില്ല. ഇസ്‌ലാമിന്റെ പേരിൽ പൗരോഹിത്യം കടത്തിക്കൂട്ടിയ പുത്തൻ ആചാരങ്ങളെയോ ഇസ്‌ലാമിക നിലപാടുകൾ അവതരിപ്പിക്കുന്നതിലുള്ള ചിലരുടെ അവധാനത ഇല്ലായ്മയോ ചൂണ്ടിക്കാണിച്ച് ഇസ്‌ലാമിനെ പഴി പറയുന്നത് അർഥശൂന്യതയാണ്.

'മതം എന്നാൽ നിങ്ങളുടെ അടിവസ്ത്രം പോലെയാണ്. അത് എല്ലാവരുടെ മുമ്പിലും ഇടക്കിടക്ക് ആരും ഉയർത്തിക്കാണിക്കാറില്ലല്ലോ' എന്ന് ഒരിക്കൽ ആരോ എഴുതിയതായി സോഷ്യൽ മീഡിയയിൽ കണ്ടതായി ഓർക്കുന്നു. ഈ ആശയത്തിന്റെ വകഭേദമാണ് ഇപ്പോൾ കുട്ടികളെ ഉപയോഗിച്ച് കലോത്സവ വേദികളിലൂടെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. മതത്തെ സ്വകാര്യജീവിതത്തിൽ ഒതുക്കി നിർത്തണമെന്നും അതിനെ പൊതുസമൂഹത്തിലേക്ക് കൊണ്ടുവരാൻ പാടില്ലെന്നുമുള്ള ആശയമാണത്.

> **ഇസ്‌ലാമിന്റെ ഓരോ ആശയവും സുവ്യക്തമാണ്. അതിന്റെ അടിത്തറ ഏകദൈവാരാധനയാണ്. അത് വർഗീയതയും വിഭാഗീയതയും ഒട്ടും തൊട്ടു തീണ്ടാത്തതാണ്. 'നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച സ്രഷ്ടാവിനെ മാത്രം' ആരാധിക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇസ്‌ലാം വിലക്കിയ ഏതെങ്കിലും കാര്യം നന്മയാണ്, അത് അനുവദിക്കേണ്ടതാണ് എന്ന് ഒരാൾക്കും തെളിയിക്കാൻ സാധ്യമല്ല. ലഹരി, പലിശ, വ്യഭിചാരം, രക്തം ചിന്തൽ... ഇതെല്ലാം ഇസ്‌ലാം വിലക്കിയ തിന്മകളാണ്. ഇതിൽ ഏതിലാണ് നന്മയുള്ളത്? ഇസ്‌ലാം അനുവദിച്ച ഒരു കാര്യവും വിലക്കേണ്ടതാണ് എന്നും പറയാൻ സാധ്യമല്ല.**

മതം ആരും കാണാതെ ഒളിച്ചുവയ്ക്കേണ്ട ഒന്നാണോ? ഒരിക്കലുമല്ല! അത് അഭിമാനത്തോടെ പ്രഖ്യാപിക്കണം എന്നാണ് സ്രഷ്ടാവിന്റെ കൽപന. എന്തിനാണ് അത് മൂടിവയ്ക്കുന്നത്? എന്തെങ്കിലും വൈകൃതമുണ്ടെങ്കിലല്ലേ അത് മൂടിവയ്ക്കേണ്ടതുള്ളൂ. ഇസ്‌ലാമിന്റെ ഓരോ ആശയവും സുവ്യക്തമാണ്. അതിന്റെ അടിത്തറ ഏകദൈവാരാധനയാണ്. അത് വർഗീയതയും വിഭാഗീയതയും ഒട്ടും തൊട്ടു തീണ്ടാത്തതാണ്. 'നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച സ്രഷ്ടാവിനെ മാത്രം' ആരാധിക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

ഇസ്‌ലാം വിലക്കിയ ഏതെങ്കിലും കാര്യം നന്മയാണ്, അത് അനുവദിക്കേണ്ടതാണ് എന്ന് ഒരാൾക്കും തെളിയിക്കാൻ സാധ്യമല്ല. ലഹരി, പലിശ, വ്യഭിചാരം, രക്തം ചിന്തൽ... ഇതെല്ലാം ഇസ്‌ലാം വിലക്കിയ തിന്മകളാണ്. ഇതിൽ ഏതിലാണ് നന്മയുള്ളത്? ഇസ്‌ലാം അനുവദിച്ച ഒരു കാര്യവും വിലക്കേണ്ടതാണ് എന്നും പറയാൻ സാധ്യമല്ല.

*? ഭക്ഷണത്തിലും വസ്ത്രത്തിലുമടക്കം ഭൗതിക രംഗത്തെ വ്യവഹാരങ്ങളിലൊന്നും മതം പാടില്ല എന്നാണെങ്കിൽ പിന്നെ എവിടെയാണ് മതം പ്രകടമാക്കേണ്ടത് എന്ന ചോദ്യം പ്രസക്തമല്ലേ?*

മതം വീട്ടിനുള്ളിൽ മാത്രം ഒതുക്കി വയ്ക്കേണ്ടതാണ് എന്ന കാഴ്ചപ്പാട് ശരിയല്ല. ജീവിതത്തിന്റെ നിഖില മേഖലകളിലും പ്രാവർത്തികമാക്കാനുള്ളതാണ് മതം എന്നാണ് ഇസ്‌ലാമം പറയുന്നത്. എല്ലാ രംഗത്തും ഒരു വിശ്വാസി മതമനുസരിച്ചാണ് ജീവിക്കേണ്ടത്. രാവിലെ എഴുന്നേൽക്കുന്ന

ത് മുതൽ രാത്രി കിടക്കുന്നതുവരെയും, ജനനം മുതൽ മരണം വരെയും മതമനുസരിച്ച് ജീവിക്കാൻ നിർദേശിക്കപ്പെട്ടവനാണ് മുസ്‌ലിം.

ഭക്ഷണത്തിൽ മതമുണ്ട്. അനുവദനീയവും വിശുദ്ധവുമാകണം ഭക്ഷണം. ശവം, രക്തം, പന്നിമാംസം പോലുള്ളവ നിഷിദ്ധമാണ്. അമിതമായി ഭക്ഷിക്കാൻ പാടില്ല. വലതുകൈകൊണ്ടാണ് തിന്നുകയും കുടിക്കുകയും ചെയ്യേണ്ടത്. മുമ്പും ശേഷവും കൈ കഴുകണം. ഇരുന്ന് കഴിക്കണം. ഭക്ഷണത്തിൽ ഊതരുത്. ഭക്ഷണം വേസ്റ്റ് ആക്കരുത്. ചാരിയിരുന്ന് ഭക്ഷിക്കരുത്. കമിഴ്ന്നു കിടന്ന് ഭക്ഷിക്കരുത്...

സ്വർണത്തിന്റെയും വെള്ളിയുടെയും പാത്രങ്ങളിൽ തിന്നുവാനും കുടിക്കുവാനും പാടില്ല. അല്ലാഹുവിന്റെ നാമത്തിലാണ് തുടങ്ങേണ്ടത്. ഭക്ഷണശേഷം അല്ലാഹുവിനെ സ്തുതിക്കണം. ഭക്ഷണം തന്നവർക്ക് വേണ്ടി പ്രാർഥിക്കണം. ഭക്ഷണം നിലത്ത് വീണാൽ പെറുക്കിയെടുത്ത് കഴുകി കഴിക്കണം. ഭക്ഷണത്തെ കുറ്റപ്പെടുത്തരുത്. മദ്യം വിളമ്പുന്ന സദസ്സിൽ പോലും ഇരിക്കരുത്... ഇങ്ങനെ ഭക്ഷണ കാര്യത്തിൽ പാലിക്കേണ്ട മതപരമായ കൽപനകൾ ഒട്ടേറെയുണ്ട്. ഭക്ഷണത്തിൽ മതമുണ്ട് എന്നർഥം.

? *മുസ്‌ലിം സ്ത്രീയുടെ വസ്ത്രധാരണ രീതി എന്നും ആക്ഷേപിക്കപ്പെടുന്ന ഒന്നാണ്. കർണാടകയിൽ കലാലയങ്ങൾക്കകത്ത് തലമറയ്ക്കാനുള്ള അവകാശത്തിനു വേണ്ടി മുസ്‌ലിം വിദ്യാർഥിനികൾ നിയമപോരാട്ടത്തിലാണ്. തല മറയ്ക്കൽ മതത്തിന്റെ അവിഭാജ്യ ഘടകമല്ല എന്നാണ് കർണാടക ഹൈക്കോടതിയുടെ കണ്ടെത്തൽ. കേരളത്തിലാകട്ടെ വസ്ത്രത്തിൽ മതമില്ല എന്ന കാഴ്ചപ്പാടാണ് ലിബറലിസ്റ്റുകൾ വളർത്തിയെടുക്കാൻ ശ്രമിക്കുന്നത്. എല്ലാവരും ലക്ഷ്യമിടുന്നത് ഇസ്‌ലാമിലെ വസ്ത്രധാരണ രീതിയെയാണ് എന്നത് വ്യക്തമല്ലേ?*

> **ഭക്ഷണത്തിൽ മതമുണ്ട്. അനുവദനീയവും വിശുദ്ധവുമാകണം ഭക്ഷണം. ശവം, രക്തം, പന്നിമാംസം പോലുള്ളവ നിഷിദ്ധമാണ്. ഉടുപ്പിൽ മതമുണ്ട്. കാരണം ആണും പെണ്ണും പുറത്തിറങ്ങുമ്പോൾ ഏതൊക്കെ ഭാഗം മറയ്ക്കണമെന്ന് ഇസ്‌ലാം നർദേശിക്കുന്നുണ്ട്. നഗ്നത മറക്കൽ നിർബന്ധമാണ്. സ്ത്രീ പുരുഷന്റെയും പുരുഷൻ സ്ത്രീയുടെയും വസ്ത്രധാരണ രീതി സ്വീകരിച്ചുകൂടാ. കലയിൽ മതമുണ്ട്. ഒരു മുസ്‌ലിമിന് കലയിലാണെങ്കിലും മതത്തിന്റെ അതിരുകൾ പാലിക്കണം. കല്യാണത്തിൽ മതമുണ്ട്. വധു വരനല്ല, വരൻ വധുവിനാണ് വിവാഹ സമയത്ത് ധനമോ സ്വർണമോ പോലുള്ള എന്തെങ്കിലും വിവാഹ മൂല്യമായി നൽകേണ്ടത്. അതിനാണ് മഹ്ർ എന്നു പറയുന്നത്. ഇപ്പറഞ്ഞതെല്ലാം കേരളത്തിലെ എല്ലാ മതവിശ്വാസികളും നിർബന്ധമായും പാലിക്കണമെന്ന് ആരെങ്കിലും ശഠിച്ചാൽ 'ഇത് കേരളമാണ് കേട്ടോ' എന്ന് ഉച്ചത്തിൽ പറയുന്നതിൽ ന്യായമുണ്ട്. അല്ലാത്തപക്ഷം, ഒരാൾക്കും മറ്റൊരാളുടെ മതവിശ്വാസത്തിൽ ഇടപെടാൻ അവകാശമില്ല. ഇന്ത്യാ രാജ്യം പൗരന് നൽകുന്ന സ്വാതന്ത്ര്യമാണത്.**

! ഉടുപ്പിൽ മതമുണ്ട്. കാരണം ആണും പെണ്ണും പുറത്തിറങ്ങുമ്പോൾ ഏതൊക്കെ ഭാഗം മറയ്ക്കണമെന്ന് ഇസ്‌ലാം നർദേശിക്കുന്നുണ്ട്. നഗ്നത മറക്കൽ നിർബന്ധമാണ്. എന്നാൽ വസ്ത്രത്തിലും ധൂർത്ത് പാടില്ല. വിനയം കാണിക്കണം. സ്ത്രീ പുരുഷന്റെയും പുരുഷൻ സ്ത്രീയുടെയും വസ്ത്രധാരണ രീതി സ്വീകരിച്ചുകൂടാ. പട്ടുവസ്ത്രം സ്ത്രീക്ക് അനുവദനീയമാണ്. പുരുഷന് നിഷിദ്ധമാണ്. ഇങ്ങനെ വസ്ത്രത്തിന്റെ വിഷയത്തിലും ഏറെ നിയമങ്ങളും നിർദേശങ്ങളും ഇസ്‌ലാം നൽകുന്നുണ്ട്. പിന്നെ എങ്ങനെ വസ്ത്രത്തിൽ മതമില്ല ഇന്ന് മുസ്‌ലിമിന് പറയാൻ കഴിയും? മുസ്‌ലിംകൾ ഈ നിയമങ്ങൾ പാലിക്കുന്നതുകൊണ്ട് മറ്റുള്ളവർക്ക് എന്തു ബുദ്ധിമുട്ടാണുള്ളത്?

കലയിൽ മതമുണ്ട്. ഒരു മുസ്‌ലിമിന് കലയിലാണെങ്കിലും മതത്തിന്റെ അതിരുകൾ പാലിക്കണം. കല്യാണത്തിൽ മതമുണ്ട്. വധു വരനല്ല, വരൻ വധുവിനാണ് വിവാഹ സമയത്ത് ധനമോ സ്വർണമോ പോലുള്ള എന്തെങ്കിലും വിവാഹ മൂല്യമായി നൽകേണ്ടത്. അതിനാണ് മഹ്ർ എന്നു പറയുന്നത്. വധുവിന്റെ വീട്ടുകാരിൽനിന്ന് കണക്കു പറഞ്ഞ് ലക്ഷങ്ങളും കാറും സ്വർണവുമൊക്കെ സ്ത്രീധനമായി വാങ്ങുന്നത് നിഷിദ്ധമാണ്. വിവാഹത്തിലൂടെ മാത്രമെ ഒരാണിനും പെണ്ണിനും ഒന്നിച്ചു ജീവിക്കാൻ ഇസ്‌ലാം അനുവാദം നൽകുന്നുള്ളൂ. കച്ചവടത്തിലും മതമുണ്ട്. കച്ചവടം അനുവദനീയമാണ്. മായം ചേർക്കലും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും അളവിലും തൂക്കത്തതിലും കുറവുവരുത്തലും കുറ്റകരമാണ്. പലിശ നിഷിദ്ധമാണ്.

ഇപ്പറഞ്ഞതെല്ലാം കേരളത്തിലെ എല്ലാ മതവിശ്വാസികളും നിർബന്ധമായും പാലിക്കണമെന്ന് ആരെങ്കിലും ശഠിച്ചാൽ 'ഇത് കേരളമാണ് കേട്ടോ' എന്ന് ഉച്ചത്തിൽ പറയുന്നതിൽ ന്യായമുണ്ട്. അല്ലാത്തപക്ഷം, ഒരാൾക്കും മറ്റൊരാളുടെ മതവിശ്വാസത്തിൽ ഇടപെടാൻ അവകാശമില്ല. ഇന്ത്യാ രാജ്യം പൗരന് നൽകുന്ന സ്വാതന്ത്ര്യമാണത്.

**(അവസാനിച്ചില്ല)**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: അശ്ശൂറാ
## (കൂടിയാലോചന)
(മക്കയിൽ അവതരിച്ചത്)

അധ്യായം 42

لَهُۥ مَقَالِيدُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّهُۥ بِكُلِّ شَىْءٍ عَلِيمٌ ﴿١٢﴾ شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحًا وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ وَمَا وَصَّيْنَا بِهِۦٓ إِبْرَٰهِيمَ وَمُوسَىٰ وَعِيسَىٰٓ ۖ أَنْ أَقِيمُوا۟ ٱلدِّينَ وَلَا تَتَفَرَّقُوا۟ فِيهِ ۚ كَبُرَ عَلَى ٱلْمُشْرِكِينَ مَا تَدْعُوهُمْ إِلَيْهِ ۚ ٱللَّهُ يَجْتَبِىٓ إِلَيْهِ مَن يَشَآءُ وَيَهْدِىٓ إِلَيْهِ مَن يُنِيبُ ﴿١٣﴾

12. ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു. (മറ്റുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.
13. നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം - നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക. എന്നകാര്യം-അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു. ആ ബഹുദൈവവിശ്വാസികളെ നിങ്ങൾ ഏതൊരു കാര്യത്തിലേക്ക് ക്ഷണിക്കുന്നുവോ അത് അവർക്ക് വലിയ ഭാരമായി തോന്നിയിരിക്കുന്നു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു തന്റെ അടുക്കലേക്ക് തെരഞ്ഞെടുക്കുന്നു. താഴ്മയോടെ മടങ്ങുന്നവരെ അവങ്കലേക്കുള്ള മാർഗത്തിൽ നയിക്കുകയും ചെയ്യുന്നു.

12). അല്ലാഹു പറയുന്നു: (ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു) ആകാശ ഭൂമികളുടെ അധികാരം അവനു തന്നെ എന്നർഥം. സർവ അനുഗ്രഹത്തിന്റെയും ഭക്ഷണത്തിന്റെയും കാരുണ്യത്തിന്റെയും താക്കോലുകൾ അവന്റെ കൈകളിലാണ്. ഏത് സാഹചര്യങ്ങളിലും ഉപകാരത്തിനും ഉപദ്രവങ്ങൾ തടുക്കാനും എല്ലാ പടപ്പുകളും അല്ലാഹുവിനെ ആവശ്യമുള്ളവരാണ്. മറ്റൊരാൾക്കും യാതൊരു കാര്യത്തിനുമാകില്ല. അല്ലാഹുവാണ് ഉപദ്രവം വരുത്തുന്നവനും ഉപകാരം ചെയ്യുന്നവനും നൽകുന്നവനും തടയുന്നവനുമെല്ലാം. അവങ്കൽനിന്നല്ലാതെ സൃഷ്ടികൾക്ക് യാതൊരു അനുഗ്രഹവും ലഭിക്കില്ല. അവനല്ലാതെ യാതൊരു ഉപദ്രവവും തടയുകയുമില്ല.

مَّا يَفْتَحِ ٱللَّهُ لِلنَّاسِ مِن رَّحْمَةٍ فَلَا مُمْسِكَ لَهَا ۖ وَمَا يُمْسِكْ فَلَا مُرْسِلَ لَهُۥ مِنۢ بَعْدِهِۦ ۚ

"അല്ലാഹു മനുഷ്യർക്ക് വല്ല കാരുണ്യവും തുറന്നുകൊടുക്കുന്നക്ഷം, അത് പിടിച്ചുവെക്കാനാരുമില്ല. അവൻ വല്ലതും പിടിച്ചുവെക്കുന്നപക്ഷം അതിനു ശേഷം അത് വിട്ടുകൊടുക്കാനും ആരുമില്ല" (35:2). അതാണ് ഇവിടെയും പറഞ്ഞത്. (അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു) അവന്റെ ഉദ്ദേശ്യമനുസരിച്ച് വിവിധങ്ങളായ ഉപജീവന

ങ്ങൾ അവന് നൽകുകയും വിശാലമാക്കിക്കൊടുക്കുകയും ചെയ്യുന്നു എന്നർഥം. (അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു) അവനുദ്ദേശിക്കുന്ന ചിലർക്ക് അധികമാവാതെ ആവശ്യത്തിനുമാത്രം പരിമിതപ്പെടുത്തുന്നു. ഇതെല്ലാം അവന്റെ അറിവും യുക്തിയും അനുസരിച്ചാണ്. അതാണ് അല്ലാഹു പറഞ്ഞത്: (തീർച്ചയായും അവൻ ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു. തന്റെ ദാസന്മാരുടെ സാഹചര്യങ്ങളറിഞ്ഞ് തന്റെ യുക്തിയുടെയും ഉദ്ദേശ്യത്തിന്റെയും താൽപര്യമനുസരിച്ചും അവൻ നൽകുന്നു).

13). അല്ലാഹു തന്റെ ദാസന്മാർക്ക് ചെയ്ത ഏറ്റവും വലിയ അനുഗ്രഹമാണിത്. മതങ്ങളിൽ ഏറ്റവും ഉത്തമമായ മതം അവൻ അവർക്ക് നൽകി, നിയമമാക്കി. അത് ഏറ്റവും പരിശുദ്ധവും പരിപാവനവുമാണ്. തന്റെ ദാസന്മാരിൽ ഉത്തമർക്കും തെരഞ്ഞെടുക്കപ്പെട്ടവർക്കും അല്ലാഹു നൽകിയ മതമാണ് ഇസ്‌ലാം. ഈ ആയത്തിൽ പരാമർശിക്കപ്പെട്ട പ്രവാചകന്മാർ (ദൃഢമനസ്കർ) ആണ്. സ്വഭാവത്തിൽ ഉന്നതപദവിയിലുള്ളവർ. എല്ലാ നിലയ്ക്കും പൂർണത പ്രാപിച്ചവർ. അവർക്ക് അല്ലാഹു നിശ്ചയിച്ച നിയമം അവരുടെ സാഹചര്യങ്ങളോട് യോജിക്കുന്നതും അവരുടെ പൂർണതക്ക് നിരക്കുന്നതുമായിരിക്കും. അതെ, അല്ലാഹു അവരെ സമ്പൂർണരാക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തു. അവർ അത് നിർവഹിച്ചതുനിമിത്തം. ഇസ്‌ലാം മതം ഇല്ലായിരുന്നുവെങ്കിൽ ഒരു സൃഷ്ടിക്കും ഉയർച്ച പ്രാപിക്കാനാകുമായിരുന്നില്ല. അത് സൗഭാഗ്യജീവിതത്തിന്റെ ആത്മാവാണ്. സമ്പൂർണവൃത്തത്തിന്റെ കേന്ദ്രബിന്ദുവും. അതാണ് ഈ വിശുദ്ധ ഗ്രന്ഥത്തിലും ഉൾക്കൊള്ളുന്നത്. അതിൽപ്പെട്ട തൗഹീദ്, കർമങ്ങൾ, സ്വഭാവം, മര്യാദകൾ എന്നതിലേക്കാണ് ഇതും ക്ഷണിക്കുന്നത്.

(നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക) മതത്തിന്റെ അടിസ്ഥാനപരവും ശാഖാപരവുമായ എല്ലാ കാര്യവും ശരിയായി നിലനിർത്താൻ അവൻ നിങ്ങളോട് കൽപിക്കുന്നു. നിങ്ങൾ സ്വന്തം ജീവിതത്തിൽ അത് നിലനിർത്തുകയും മറ്റുള്ളവരിൽ അത് നിലനിർത്താൻ പരിശ്രമിക്കുകയും ചെയ്യണം. പുണ്യത്തിലും സൂക്ഷ്മതയിലും നിങ്ങൾ പരസ്പരം സഹായിക്കുക. പാപത്തിലും ശത്രുതയിലും നിങ്ങൾ പരസ്പരം സഹായിക്കുകയും ചെയ്യരുത്. (അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക). മതത്തിന്റെ അടിസ്ഥാനപരവും ശാഖാപരവുമായ എ ല്ലാ കാര്യത്തിലും നിങ്ങൾക്കിടയിൽ യോജിപ്പുണ്ടാകണം. മതപരമായ പ്രശ്നങ്ങളിൽ ഭിന്നത വരാതെ സൂക്ഷിക്കണം. അതിൽ കക്ഷികളായും വിഭാഗങ്ങളായും തിരിയരുത്. അന്യോന്യം ശത്രുത കാണിക്കുകയും ചെയ്യരുത്. മതത്തിന്റെ അടിസ്ഥാന കാര്യങ്ങളിൽ യോജിച്ചവരായിരിക്കണം. മതത്തിന്റെ കാര്യത്തിൽ ഒരുമിക്കണം, ഭിന്നിക്കരുത് എന്ന് പറയുമ്പോൾ ഒരുമിച്ച് ചേർന്നു നിർവഹിക്കാൻ കൽപിച്ച മതകാര്യങ്ങളുമാകാം. ഹജ്ജിനും പെരുന്നാളുകൾക്കും ജുമുഅക്കും ധർമസമരത്തിനും അതല്ലാത്ത ഒരുമിച്ചുചേരാതെ പൂർണമാവാത്ത മറ്റ് ആരാധനകളും ഉൾപ്പെടും.

(ആ ബഹുദൈവ വിശ്വാസികളെ നിങ്ങൾ ഏതൊരു കാര്യത്തിലേക്ക് ക്ഷണിക്കുന്നുവോ അത് അവർക്ക് വലിയ ഭാരമായി തോന്നിയിരിക്കുന്നു) അല്ലാഹുവിനെ മാത്രം ആരാധിക്കാൻ നീ അവരെ ക്ഷണിക്കുന്നു എന്നത് അവർക്ക് വളരെയധികം വിഷമം ഉണ്ടാക്കുന്നുണ്ട്.

وَإِذَا ذُكِرَ ٱللَّهُ وَحْدَهُ ٱشْمَأَزَّتْ قُلُوبُ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ ۖ وَإِذَا ذُكِرَ ٱلَّذِينَ مِن دُونِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ﴿٤٥﴾

"അല്ലാഹുവെപ്പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നതാണ്. അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാലോ അപ്പോഴതാ അവർ സന്തുഷ്ട ചിത്തരാകുന്നു" (39:45). അവരുടെ ചോദ്യവും ഇതിനു തെളിവാണ്:

أَجَعَلَ ٱلْـَٔالِهَةَ إِلَٰهًا وَٰحِدًا ۖ إِنَّ هَٰذَا لَشَىْءٌ عُجَابٌ

"ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കുകയാണോ? തീർച്ചയായും ഇത് ഒരു അത്ഭുതകരമായ കാര്യംതന്നെ" (38:5).

(താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹുവിന്റെ അടുക്കലേക്ക് തെരഞ്ഞെടുക്കുന്നു). തന്റെ സൃഷ്ടികളിൽ നിന്നും ദൗത്യനിർവഹണത്തിന് പറ്റുമെന്ന് അവൻ മനസ്സിലാക്കുന്നവരെ അവൻ തെരഞ്ഞെടുക്കുന്നു. ഇതിൽപെട്ടത് തന്നെയാണ് ഈ സമുദായത്തെ തെരഞ്ഞെടുത്തതും. മറ്റ് സമുദായങ്ങളെക്കാൾ ഈ സമുദായത്തെ ശ്രേഷ്ഠമാക്കി. ഏറ്റവും നല്ല മതമായി അതിനെ തെരഞ്ഞെടുക്കുകയും ചെയ്തു. (താഴ്മയോടെ മടങ്ങുന്നവരെ അവങ്കലേക്കുള്ള മാർഗത്തിൽ നയിക്കുകയും ചെയ്യുന്നു). അല്ലാഹു നൽകുന്ന സന്മാർഗത്തിലേക്കെത്താൻ തന്റെ ദാസനിൽനിന്നും ഉണ്ടാവേണ്ട ഒരു കാരണമാണിത്. തന്റെ ഹൃദയവികാരങ്ങളെ അല്ലാഹുവിലേക്ക് തിരിച്ചുവിടുകയും അവനിലേക്ക് താഴ്മയോടെ മടങ്ങുകയും ചെയ്യുക എന്നത്. സന്മാർഗം ലഭിക്കാനുള്ള പരിശ്രമത്തോടൊപ്പം അവന്റെ ഉദ്ദേശ്യവും നന്നാക്കണം

يَهْدِى بِهِ ٱللَّهُ مَنِ ٱتَّبَعَ رِضْوَٰنَهُۥ سُبُلَ ٱلسَّلَٰمِ

"അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അതുമുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു" (5:16) ■

ലേഖനം



# കപ്പൽ സഞ്ചാരത്തിലെ ദൈവിക ദൃഷ്ടാന്തങ്ങൾ

ഡോ. ടി. കെ യൂസുഫ്
:9349798262

ഭൂമിയിൽ ആദ്യമായി കപ്പൽ നിർമിച്ചത് നൂഹ് നബി(അ) യാണ് എന്നാണ് ഖുർആനിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത്. അല്ലാഹുവിന്റെ ദിവ്യവെളിപാടിലൂടെയാണ് അദ്ദേഹത്തിന് അത് നിർമിക്കാനുള്ള വൈദഗ്ധ്യം ലഭിച്ചത്. അല്ലാഹു പറയുന്നു: 'നമ്മുടെ മേൽനോട്ടത്തിലും, നമ്മുടെ നിർദേശപ്രകാരവും നീ കപ്പൽ നിർമിക്കുക' (ഹൂദ്: 37).

മരപ്പലകകൾ ആണികൾ കൊണ്ട് ബന്ധിപ്പിച്ച് അവയ്ക്കിടയിലൂടെ വെള്ളം കയറുന്നത് തടയുന്ന വല്ല വസ്തുക്കളും തേച്ചുപിടിപ്പിച്ചായിരിക്കും നൂഹ് നബി(അ) അന്ന് കപ്പൽ നിർമിച്ചിരിക്കുക. ഇക്കാര്യവും ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. 'പലകകളും ആണികളുമുള്ള ഒരു കപ്പലിൽ അദ്ദേഹത്തെ നാം വഹിക്കുകയും ചെയ്തു' (ഖമർ:13).

കപ്പൽ എന്തുകൊണ്ടാണ് വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നത്? സമുദ്രജലത്തെക്കാൾ സാന്ദ്രതയുള്ളലോഹങ്ങൾ കൊണ്ട് നിർമിച്ചതും ഭീമാകാരവുമായ കപ്പൽ എന്തുകൊണ്ടാണ് വെള്ളത്തിൽ താണുപോകാത്തത്? വസ്തുക്കളെ വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ അനിവാര്യമായ ആർക്കിമിഡീസ് തത്ത്വം തന്നെയാണ് ഇവിടെയും പ്രയോഗവത്കരിക്കപ്പെടുന്നത്.

വെള്ളത്തിന്റെ സാന്ദ്രതയും സമ്മർദവും അതോടൊപ്പം പൊങ്ങിക്കിടക്കുന്ന വസ്തുവിന്റെ വലിപ്പവും ഇവിടെ പരിഗണനീയമാണ്. അതുകൊണ്ട്തന്നെ കപ്പലുകൾ നല്ല വലിപ്പത്തിലാണ് നിർമിക്കപ്പെടാറുള്ളത്. ഖുർആൻ കപ്പലുകളെ വലിയ പർവതങ്ങളോടാണ് ഉപമിക്കുന്നത്. 'കടലിലൂടെ മലകളെന്നോണം സഞ്ചരിക്കുന്ന കപ്പലുകളും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ' (ശൂറാ: 32).

കപ്പലുകളെ പർവതങ്ങളോട് ഉപമിച്ചതിൽ മറ്റൊരു ദൃഷ്ടാന്തം കൂടി ഉൾകൊള്ളുന്നുണ്ട്. കപ്പലുകളുടെ അടിയിലെ കുറെഭാഗം കടലിൽ താഴ്ന്ന് നിൽക്കുന്നത്പോലെ പർവതങ്ങൾക്കും വേരുകൾ പോലെ മണ്ണിൽ ആണ്ടു കിടക്കുന്ന ഭാഗമുണ്ട്. സമുദ്രജലത്തിലെ സാന്ദ്രതയാണ് കപ്പലുകളെ പൊങ്ങിനിൽക്കാൻ സഹായിക്കുന്ന മറ്റൊരു പ്രതിഭാസം. ഇക്കാര്യം ആർക്കിമിഡീസും ഊന്നിപ്പറയുന്നുണ്ട്. സമുദ്രത്തിൽ ഉപ്പിന്റെ അളവ് വർധിക്കുന്നതിനനുസരിച്ച് അതിലെ സാന്ദ്രതയും വർധിക്കുന്നുണ്ട്. ചാവുകടലിൽ ആളുകൾക്ക് അനായാസം പൊങ്ങിക്കിടക്കാൻ കഴിയുന്നത് അതുകൊണ്ടാണ്.

സമുദ്രജലത്തിനെ അപേക്ഷിച്ച് പുഴകളിലെ വെള്ളം സാന്ദ്രത കുറവുള്ളതാണെങ്കിലും നല്ല ആഴവും പരപ്പുമുണ്ടെങ്കിൽ അതിലൂടെയും കപ്പലോടിക്കാൻ കഴിയും. സമുദ്രങ്ങളെ നിങ്ങൾക്ക് സഞ്ചരിക്കാൻ ഒരുക്കിത്തന്നു എന്ന് പറഞ്ഞതിനനുബന്ധമായി നദികളെയും നിങ്ങൾക്ക് ഒരുക്കിത്തന്നു എന്ന് ഖുർആൻ പറയുന്നുണ്ട്. 'അൻഹാർ' എന്ന പദം അധികം ആഴവും ധാരാളം വെള്ളവുമുള്ള നദികൾക്ക് മാത്രമാണ് അറബി ഭാഷയിൽ പ്രയോഗിക്കാറുള്ളത്.

കപ്പൽ പൊങ്ങിക്കിടക്കുന്നത് ആർക്കിമിഡീസ് തത്ത്വമനുസരിച്ചാണെന്ന പോലെ അവ സഞ്ചരിക്കുന്നത് ന്യൂട്ടന്റെ ഒന്നാം സിദ്ധാന്ത പ്രകാരമാണ്. അതായത് ഒരു നിശ്ചലമായ വസ്തു ബാഹ്യശക്തിയുടെ ഇടപെടലില്ലെങ്കിൽ നിശ്ചലമായിത്തന്നെ നിലനിൽക്കും. പുരാതന പായക്കപ്പലുകൾ കാറ്റിന്റെ ശക്തിയനുസരിച്ചാണ് സഞ്ചരിച്ചിരുന്നത്. ഇക്കാര്യം ഖുർആൻ വ്യക്തമാക്കുന്നതായി കാണാം: 'കടലിലൂടെ മലകളെന്നോണം സഞ്ചരിക്കുന്ന കപ്പലുകളും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അവൻ ഉദ്ദേശിക്കുന്നപക്ഷം അവൻ കാറ്റിനെ അടക്കിനിർത്തും. അപ്പോൾ അവ കടൽപരപ്പിൽ നിശ്ചലമായി നിന്നുപോകും. തീർച്ചയായും അതിൽ ക്ഷമാശീലരും നന്ദിയുള്ളവരുമായ ഏവർക്കും ദൃഷ്ടാന്തങ്ങളുണ്ട്' (ശൂറാ: 32,33).

പുരാതനകാലത്ത് കപ്പൽ നിർമിക്കാൻ ഉപയോഗിച്ചിരുന്ന അസംസ്കൃത വസ്തുക്കൾ, അതിന്റെ സഞ്ചാരത്തിന് ഒരു ചാലകശക്തിയുടെ ആവശ്യകത, പർവതങ്ങൾക്ക് സമാനമായ അവയുടെ വലിപ്പവും ഘടനയും, അടിഭാഗം കടലിലേക്ക് താഴ്ന്നു നിന്നുള്ള അതിന്റെ സഞ്ചാരം, അതിനെ വഹിക്കുന്ന സമുദ്രജലത്തിന്റെ സമ്മർദം, സാന്ദ്രത... ഇങ്ങനെ കപ്പലുകളെക്കുറിച്ചുള്ള ഖുർആൻ പരാമർശങ്ങളെല്ലാം വളരെ കൃത്യവും സൂക്ഷ്മവും ശാസ്ത്രീയവുമാണെന്ന് നമുക്ക് കാണാൻ കഴിയും.



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 11

# എസൻഷ്യൽ പ്രാക്റ്റീസും സർക്കാർ ദുർവ്യാഖ്യാനങ്ങളും

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

> വിദ്യാലയങ്ങൾ നിർദേശിക്കുന്ന യൂണിഫോം ധരിക്കണം എന്ന് മാത്രമാണ് സർക്കാർ നിർദ്ദേശിച്ചതെന്നും ശിരോവസ്ത്രം ധരിക്കരുതെന്ന് സർക്കുലറിൽ പറഞ്ഞിട്ടില്ലെന്നുമായിരുന്നു സോളിസിറ്റർ ജനറൽ തുഷാർ മേത്തയുടെ ഒന്നാമത്തെ പ്രതിരോധം. പൗരത്വ ഭേദഗതി നിയമം പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ അമിത്ഷാ പറഞ്ഞ അതേ ന്യായമാണ് എസ്.ജി കോടതിയിൽ പറഞ്ഞത്. അയൽരാജ്യങ്ങളിൽനിന്നും വരുന്ന ഹിന്ദു, ക്രിസ്ത്യൻ, സിക്ക്, ജൈന, ബുദ്ധ, പാർസി വിഭാഗങ്ങൾക്ക് പൗരത്വം നൽകാം എന്ന് മാത്രമെ പറഞ്ഞുള്ളൂ, മുസ്‌ലിംകൾക്ക് നൽകരുതെന്ന് നിയമത്തിൽ പറഞ്ഞിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് പാർലമെന്റിനെ തെറ്റിദ്ധരിപ്പിക്കാൻ അമിത്ഷാ നടത്തിയ അതേ അഭിനയമാണ് എസ്.ജിയും നടത്തിയത്.

ഇന്ത്യയുടെ പരമോന്നത കോടതിയിൽ രാജ്യത്തിന്റെ മതനിരപേക്ഷതയുടെയും ജനാധിപത്യത്തിന്റെയും മാനവികതയുടെയും ശബ്ദമുയർത്തിക്കൊണ്ട് രാജ്യത്തെ പ്രമുഖരായ മുഴുവൻ നിയമജ്ഞരും അഭിഭാഷകരും ശിരോവസ്ത്ര അവകാശത്തിന് വേണ്ടി ശബ്ദിച്ചപ്പോൾ അതിനെ പ്രതിരോധിക്കാൻ സർക്കാർ അഭിഭാഷകർക്ക് ന്യായങ്ങളുണ്ടായിരുന്നില്ല. സർക്കാറിന്റെ ദുരുദ്ദേശ്യപരമായ സർക്കുലറിനെയും അതിനെ അനുകൂലിച്ച കർണാടക ഹൈക്കോടതിയുടെ വിധിയെയും ന്യായീകരിക്കാനായി ദുർബലമായ ചില വാദങ്ങളും ദുർവ്യാഖ്യാനങ്ങളും മാത്രമായിരുന്നു സർക്കാർ അഭിഭാഷകരുടെ കൈമുതലായുണ്ടായിരുന്നത്. .

വിദ്യാലയങ്ങൾ നിർദേശിക്കുന്ന യൂണിഫോം ധരിക്കണം എന്ന് മാത്രമാണ് സർക്കാർ നിർദ്ദേശിച്ചതെന്നും ശിരോവസ്ത്രം ധരിക്കരുതെന്ന് സർക്കുലറിൽ പറഞ്ഞിട്ടില്ലെന്നുമായിരുന്നു സോളിസിറ്റർ ജനറൽ തുഷാർ മേത്തയുടെ ഒന്നാമത്തെ പ്രതിരോധം. പൗരത്വ ഭേദഗതി നിയമം പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ അമിത്ഷാ പറഞ്ഞ അതേ ന്യായമാണ് എസ്.ജി കോടതിയിൽ പറഞ്ഞത്. അയൽരാജ്യങ്ങളിൽ നിന്നും വരുന്ന ഹിന്ദു, ക്രിസ്ത്യൻ, സിക്ക്, ജൈന, ബുദ്ധ, പാർസി വിഭാഗങ്ങൾക്ക് പൗരത്വം നൽകാം എന്ന് മാത്രമെ പറഞ്ഞുള്ളൂ, മുസ്‌ലിംകൾക്ക് നൽകരുതെന്ന് നിയമത്തിൽ പറഞ്ഞിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് പാർലമെന്റിനെ തെറ്റിദ്ധരിപ്പിക്കാൻ അമിത്ഷാ നടത്തിയ അതേ അഭിനയമാണ് എസ്.ജിയും നടത്തിയത്.

ശിരോവസ്ത്രം ധരിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുസ്‌ലിം വിദ്യാർഥിനികൾ പ്രത്യേകം ഹരജി (pleading) നടത്തിയിട്ടില്ല എന്നാ

യിരുന്നു മറ്റൊരു ന്യായം. മുസ്‌ലിം വിദ്യാർഥിനികൾ നേരത്തെ ശിരോവസ്ത്രം ധരിക്കാറുണ്ടായിരുന്നില്ല, ഇപ്പോൾ ചില സംഘടനകൾ അവരെ പ്രലോഭിപ്പിച്ച് സമരത്തിലേക്ക് കൊണ്ടുവരികയാണ് എന്നതായിരുന്നു മറ്റൊന്ന്. നൂറ്റാണ്ടുകളായി മുസ്‌ലിം സ്ത്രീകൾ ധരിച്ചുവരുന്ന ശിരോവസ്ത്രത്തെ ഇവർ കണ്ടിട്ടേയില്ല എന്നുപറഞ്ഞാൽ ആർക്കാണ് വിശ്വസിക്കാൻ കഴിയുക! ഇനി അത് സത്യമാണെന്ന് സങ്കൽപിച്ചാൽ പോലും ഒരാൾ അയാളുടെ മതാചാരമാണെന്ന് വിശ്വസിക്കുന്ന ശിരോവസ്ത്രം യൂണിഫോമിന് ബുദ്ധിമുട്ടില്ലാത്ത വിധം ധരിക്കുവാനുള്ള മൗലികാവകാശത്തെ ഹനിക്കാൻ ഈ വാദം പര്യാപ്തമാവുന്നില്ല. മുസ്‌ലിം കുട്ടികൾ ശിരോവസ്ത്രം ധരിച്ചതുകൊണ്ടാണ് മറ്റു കുട്ടികൾ കാവി ഷോൾ ധരിച്ചുവന്നത് എന്ന ന്യായം അംഗീകരിക്കാൻ കഴിയില്ലെന്ന് രണ്ടംഗ ബെഞ്ചിലെ ജഡ്ജിമാരും അഭിപ്രായപ്പെട്ടതും എസ്ജിയുടെ വാദത്തിന്റെ ദുർബലത വ്യക്തമാക്കുന്നു. ഈ ന്യായം പരാജയപ്പെട്ടപ്പോൾ അടുത്ത ന്യായത്തിലേക്കാണ് എസ്.ജി പ്രവേശിച്ചത്. അത് ഏറെ ചർച്ച ചെയ്യപ്പെട്ട എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റീസ് വിഷയമാണ്.

### അജ്മീർ ദർഗാ കേസും എസ്ജിയുടെ വാദവും

എസ്ജി തുടരുന്നു: ‘എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റീസ് എന്നാൽ എന്താണ്? മതപരമായ എല്ലാ ആചാരങ്ങളും സംരക്ഷിക്കപ്പെടണമെന്ന മറുപക്ഷത്തിന്റെ വാദം ഭരണഘടനാ വിരുദ്ധമാണ്.’ ഇതിന് ഉപോദ്ബലകമായി എസ്ജി കൊണ്ടുവന്നത് 1961 ലെ അജ്മീർ ദർഗാ കമ്മിറ്റി സയ്യിദ് ഹുസൈൻ അലി കേസിൽ ജസ്റ്റിസ് ഗജേന്ദ്രഗഡ്കറുടെ വിധിയെ ആയിരുന്നു. എസെൻഷ്യൽ അല്ലാത്ത ആചാരങ്ങൾ സംരക്ഷിക്കൽ അനിവാര്യമല്ല എന്നാണ് ദർഗാ കേസിലെ വിധിന്യായത്തിൽനിന്ന് മനസ്സിലാവുന്നത് എന്നായിരുന്നു എസ്ജിയുടെ വാദം. അതേസമയം എല്ലാ മതാചാരങ്ങളും അതത് മതവിശ്വാസികൾക്ക് എസെൻഷ്യൽ ആണെന്ന ശിരൂർ മഠം കേസ് വിധിയെ എസ്ജി സ്പർശിച്ചതേയില്ല. അപ്പോൾ ജസ്റ്റിസ് ഗുപ്ത ഇടപെട്ടു: ‘ശിരൂർ മഠം കേസും ദർഗാ കേസും തമ്മിൽ വൈരുധ്യമുണ്ടെന്നാണല്ലോ മറുഭാഗം പറയുന്നത്?’ ഒരു വൈരുധ്യവുമില്ലെന്നും അവ രണ്ടും എസെൻഷ്യൽ പ്രാക്റ്റീസുകൾ ആണെന്നും തെളിയിക്കപ്പെട്ട ആചാരങ്ങൾക്ക് മാത്രമാണ് സംരക്ഷണം നൽകുന്നത് എന്നുമായിരുന്നു എസ്ജിയുടെ മറുപടി.

സുപ്രീംകോടതി അഭിഭാഷകനായ അഡ്വ.എം.ആർ. ഷംസാദ് അപ്പോൾ ഇടപെട്ടു. ശിരൂർ മഠം കേസിലെയും ദർഗാ

**അജ്മീർ ദർഗയിൽ സൂഫി വിഭാഗത്തിലെ ചിശ്ത്തികളുടെ ആരാധനാരീതികളായിരുന്നു നടന്നുവന്നിരുന്നത്. അജ്മീർ ദർഗയുടെ നടത്തിപ്പിലും അവിടെ നടക്കുന്ന ആചാരങ്ങളിലും ഹനഫികൾക്ക് കൂടി അവകാശം നൽകിക്കൊണ്ട് സർക്കാർ 1955ൽ ‘ദർഗ ക്വാജ സാഹിബ് ആക്റ്റ്’ എന്ന പേരിൽ ഒരു നിയമം കൊണ്ടുവന്നിരുന്നു. ഇത് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അജ്മീർ ദർഗാ കമ്മിറ്റി സുപ്രീംകോടതിയെ സമീപിച്ചത്. എന്നാൽ കോടതി ഇത് തള്ളി. ദർഗയിൽ നടക്കേണ്ട ആചാരങ്ങൾ തങ്ങളുടെ അവകാശമാണ് എന്ന ചിശ്ത്തികളുടെ ആവശ്യത്തോട് പ്രതികരിച്ചുകൊണ്ട് അങ്ങനെ എസെൻഷ്യൽ പ്രാക്ടിസിനെ പരിമിതപ്പെടുത്താൻ സാധിക്കില്ലെന്നും മറ്റുള്ളവരുടെ ആചാരാവകാശങ്ങളെ തള്ളിക്കളയാൻ പറ്റില്ലെന്നും മാത്രമാണ് കോടതി പറഞ്ഞത്. ഇത് ഒരിക്കലും ശിരോവസ്ത്ര നിരോധനവുമായി ബന്ധപ്പെടുത്തി ഒരു റഫറൻസ് ആയി ഉദ്ധരിക്കാൻ കഴിയുന്ന കേസല്ല എന്ന് പ്രത്യക്ഷത്തിൽ തന്നെ ബോധ്യപ്പെടുന്നതാണ്.**



കേസിലെയും വിധികളിൽ പ്രത്യക്ഷ വൈരുധ്യമുണ്ടെന്ന് ശബരിമല കേസിൽ സുപ്രീം കോടതി നിരീക്ഷിച്ചിട്ടുണ്ടെന്ന് അദ്ദേഹം പ്രസ്തുത വിധി കോടതിയെ വായിച്ച് കേൾപ്പിച്ചുകൊണ്ട് പറഞ്ഞു. ഒരു മതാചാരം എസെൻഷ്യൽ ആണോ അല്ലേ എന്ന് മതനിരപേക്ഷ സങ്കൽപങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാമെന്ന് ദർഗാ കേസ് വിധിയെ വ്യാഖ്യാനിച്ച് പറയപ്പെടുന്നുണ്ടെങ്കിലും ശിരൂർ മഠം കേസിൽ എസെൻഷ്യൽ പ്രാക്റ്റീസ് മതപ്രമാണങ്ങളുടെ അടിസ്ഥാനത്തിലാണ് തീരുമാനിക്കേണ്ടത് എന്ന് വ്യക്തമായി പറയുന്നുണ്ടെന്ന് അഡ്വ.ഷംസാദ് സമർഥിച്ചു.



**വിശദീകരണം**

ഒരു മതാചാരം 'എസെൻഷ്യൽ' അഥവാ നിർബന്ധമാവണമെങ്കിൽ മതപ്രമാണം അത് നിർബന്ധമാണെന്ന് പറയണമെന്നും ഇല്ലെങ്കിൽ അത് ഭരണഘടനാപരമായി അനുവദിക്കാൻ സാധിക്കില്ലെന്നുമാണ് എസ്ജിയുടെ വാദം. എന്നാൽ ശിരൂർ മഠം കേസിൽനിന്നും പ്രത്യക്ഷത്തിൽ തന്നെ വ്യക്തമായതും നിയമപണ്ഡിതർ നിർധാരണം ചെയ്തെടുത്തതും ഒരു ആചാരം മതപരമായി ആചരിക്കപ്പെടുന്നതാണെങ്കിൽ അതെല്ലാം ഓരോ വ്യക്തിയെ സംബന്ധിച്ചും 'എസെൻഷ്യൽ' എന്നതിന്റെ പരിധിയിൽ വരുമെന്നാണ്. ശിരൂർ മഠം കേസിന്റെ വിധിന്യായത്തിൽ സുപ്രീംകോടതി നിരീക്ഷണം ഇങ്ങനെയാണ്: 'ഒരു മതത്തിന്റെ തത്ത്വസംഹിതകൾ മാത്രം ആധാരമാക്കിയാണ് പരാമർശവിധേയമായ ആചാരമോ രീതിയോ ആ മതത്തിന്റെ അനിവാര്യമായ ഭാഗമാണോ എന്ന് കണ്ടെത്തേണ്ടത്.'

**അജ്മീർ കേസിന്റെ പശ്ചാത്തലവും വിധിയും**

എസ്ജി തന്റെ വാദം സ്ഥാപിക്കാൻ കൊണ്ടുവന്നത് 1951 ലെ അജ്മീർ ദർഗാ കേസാണ്. ഈ കേസിന്റെ പശ്ചാത്തലം പരിശോധിക്കുമ്പോൾ എസ്ജി ഉന്നയിച്ച വാദത്തിന്റെ നിരർഥകത ബോധ്യപ്പെടും. അജ്മീർ ദർഗയിൽ സൂഫി വിഭാഗത്തിലെ ചിശ്ത്തികളുടെ ആരാധനാരീതികളായിരുന്നു നടന്നുവന്നിരുന്നത്. അജ്മീർ ദർഗയുടെ നടത്തിപ്പിലും അവിടെ നടക്കുന്ന ആചാരങ്ങളിലും ഹനഫികൾക്ക് കൂടി അവകാശം നൽകിക്കൊണ്ട് സർക്കാർ 1955ൽ 'ദർഗ ഖ്വാജ സാഹിബ് ആക്റ്റ്' എന്ന പേരിൽ ഒരു നിയമം കൊണ്ടുവന്നിരുന്നു. ഇത് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അജ്മീർ ദർഗാ കമ്മിറ്റി സുപ്രീംകോടതിയെ സമീപിച്ചത്. എന്നാൽ കോടതി ഇത് തള്ളി. ദർഗയിൽ നടക്കേണ്ട ആചാരങ്ങൾ തങ്ങളുടെ അവകാശമാണ് എന്ന ചിശ്ത്തികളുടെ ആവശ്യത്തോട് പ്രതികരിച്ചുകൊണ്ട് അങ്ങനെ എസെൻഷ്യൽ പ്രാക്ടീസിനെ പരിമിതപ്പെടുത്താൻ സാധിക്കില്ലെന്നും മറ്റുള്ളവരുടെ ആചാരാവകാശങ്ങളെ തള്ളിക്കളയാൻ പറ്റില്ലെന്നും മാത്രമാണ് കോടതി പറഞ്ഞത്. ഇത് ഒരിക്കലും ശിരോവസ്ത്ര നിരോധനവുമായി ബന്ധപ്പെടുത്തി ഒരു റഫറൻസ് ആയി ഉദ്ധരിക്കാൻ കഴിയുന്ന കേസല്ല എന്ന് പ്രത്യക്ഷത്തിൽ തന്നെ ബോധ്യപ്പെടുന്നതാണ്.

ഒരു മതത്തിന്റെ തത്ത്വസംഹിതകൾ മാത്രം ആധാരമാക്കിയാണ്

> **പൊതുവഴികളിലും തെരുവുകളിലും താണ്ഡവനൃത്തങ്ങൾ നടത്തിക്കൊണ്ടുള്ള ആനന്ദമാർഗികളുടെ ആചാരങ്ങളും എസെൻഷ്യൽ റിലീജിയസ് പ്രാക്ടിസിന്റെ പേരിൽ അനുവദിക്കേണ്ടിവരില്ലേ എന്ന ചോദ്യമാണ് സോളിസിറ്റർ ജനറൽ പിന്നീട് ചോദിച്ചത്. വളരെ ദുർബലമായ ഒരു ചോദ്യമായിരുന്നു അത്. അതുകൊണ്ടുതന്നെ ജസ്റ്റിസ് ധൂലിയ എസ്ജിയുടെ വാദത്തെ ക്രോസ് ചെയ്തു. മൗലികാവകാശം വഴി അനുവദിക്കപ്പെട്ട ഏതൊരു കാര്യവും ക്രമസമാധാനത്തിന് (Public order) ഭംഗം വരുത്തുന്നുണ്ടെങ്കിൽ അത് നിയന്ത്രിക്കാനുള്ള വകുപ്പ് ഭരണഘടനയിൽ ഉണ്ടല്ലോ എന്നായിരുന്നു ധൂലിയയുടെ മറുചോദ്യം.**

പരാമർശവിധേയമായ ആചാരമോ രീതിയോ ആ മതത്തിന്റെ അനിവാര്യമായ ഭാഗമാണോ എന്ന് കണ്ടെത്തേണ്ടത് എന്നാണ് ഈ കേസിൽ സുപ്രീംകോടതിയുടെ നിരീക്ഷണം എന്ന കാര്യം കേസിന്റെ പ്രാരംഭഘട്ടത്തിൽ അഡ്വ.നിസാം പാഷ കോടതിയെ ബോധ്യപ്പെടുത്തിയിരുന്നു എന്ന കാര്യം ഇതോടൊപ്പം നാം മനസ്സിലാക്കേണ്ടത്. (നേർപഥം ലക്കം 304,19/11/2022 വായിക്കുക). ഇതെല്ലാം മറച്ചുവെച്ച് എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റീസ് എന്നതിനെ ഏതാനും ചില ആചാരങ്ങളിലേക്ക് ചുരുക്കിക്കെട്ടാനുള്ള ശ്രമമാണ് സോളിസിറ്റർ ജനറൽ നടത്തിയത്.

**ആനന്ദമാർഗികളുടെ ആചാരങ്ങൾ അനുവദിക്കാമോ?**

പൊതുവഴികളിലും തെരുവുകളിലും താണ്ഡവനൃത്തങ്ങൾ നടത്തിക്കൊണ്ടുള്ള ആനന്ദമാർഗികളുടെ ആചാരങ്ങളും എസെൻഷ്യൽ റിലീജിയസ് പ്രാക്ടിസിന്റെ പേരിൽ അനുവദിക്കേണ്ടിവരില്ലേ എന്ന ചോദ്യമാണ് സോളിസിറ്റർ ജനറൽ പിന്നീട് ചോദിച്ചത്. വളരെ ദുർബലമായ ഒരു ചോദ്യമായിരുന്നു അത്. അതുകൊണ്ടുതന്നെ ജസ്റ്റിസ് ധൂലിയ എസ്ജിയുടെ വാദത്തെ ക്രോസ് ചെയ്തു. മൗലികാവകാശം വഴി അനുവദിക്കപ്പെട്ട ഏതൊരു കാര്യവും ക്രമസമാധാനത്തിന് (Public order) ഭംഗം വരുത്തുന്നുണ്ടെങ്കിൽ അത് നിയന്ത്രിക്കാനുള്ള വകുപ്പ് ഭരണഘടനയിൽ ഉണ്ടല്ലോ എന്നായിരുന്നു ധൂലിയയുടെ മറുചോദ്യം.

**നിർബന്ധം: എസ്ജിയുടെ ദുർവ്യാഖ്യാനം**

എസ്ജി തുടരുന്നു: 'ഒരു ആചാരം അത്രമാത്രം നിർബന്ധ സ്വഭാവമുള്ള അനിവാര്യകാര്യമാണെങ്കിൽ മാത്രമേ നിരോധിക്കാൻ പാടില്ലാത്തതായുള്ളൂ. സിഖ് മതക്കാരുടെ പഗ്ഡി, കരാ തുടങ്ങിയവ അതിന് ഉദാഹരണങ്ങളാണ്. അവ രണ്ടും ധരിക്കാതെ ലോകത്തെവിടെയെങ്കിലും ഒരു

> **'എസെൻഷ്വലുമായി ബന്ധപ്പെട്ട കാര്യത്തിലേക്ക് ഹൈക്കോടതി പ്രവേശിക്കേണ്ടതുണ്ടായിരുന്നില്ല. എന്നാൽ അതിലേക്ക് വഴിതുറന്നത് പരാതിക്കാരാണ്. പരസ്യമായി മദ്യപിക്കുന്നത് മതത്തിന്റെ അവിഭാജ്യ ആചാരമാണെന്ന് അവകാശപ്പെട്ട് ആരെങ്കിലും കടന്നുവന്നാൽ അതെങ്ങനെ അനുവദിക്കാൻ സാധിക്കും?' 19ാം അനുച്ഛേദത്തിൽ പറയപ്പെട്ട public order അങ്ങനെയുള്ള കാര്യങ്ങളെ നിയന്ത്രിക്കുവാനുള്ളതാണെന്ന് ജസ്റ്റിസ് ധൂലിയ പറഞ്ഞപ്പോൾ എസ്ജിക്ക് പിന്നീടൊന്നും പറയാനുണ്ടായിരുന്നില്ല.**

സിഖുകാരനെ സങ്കൽപ്പിക്കാൻ നമുക്ക് കഴിയുമോ? ഇവിടെ പരാതിക്കാർക്ക് ശിരോവസ്ത്ര ആചാരം മതവുമായി ബന്ധപ്പെട്ട് നിൽക്കുന്ന അനിവാര്യഘടകമാണെന്ന് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ തുടക്കത്തിൽ അവർക്ക് എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ആചാരം അത്രമാത്രം നിർബന്ധസ്വഭാവമുള്ളതാണെന്ന അപേക്ഷകൾ കോടതിയിൽ അവർ സമർപ്പിക്കാതിരുന്നത്. ശിരോവസ്ത്രം പണ്ടുമുതലേ ഉള്ള വസ്ത്രമായിരുന്നുവെന്നും അത് ധരിച്ചില്ലെങ്കിൽ മതത്തിൽനിന്നും തങ്ങളെ പുറത്താക്കുമെന്നും പരാതിക്കാർ പറയുന്നില്ല.'



ഈ സന്ദർഭത്തിൽ ജസ്റ്റിസ് ഗുപ്ത ഇടപെട്ടു. അദ്ദേഹം പറഞ്ഞു: 'അങ്ങനെയല്ല, പരാതിക്കാർ ഈ വിഷയത്തിൽ പരാതിയോടൊപ്പം ക്വുർആൻ വചനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്.' എന്നാൽ അത് കേവലം വ്യാഖ്യാനം മാത്രമാണെന്നായിരുന്നു എസ്ജിയുടെ മറുപടി. പക്ഷേ, വ്യാഖ്യാനമല്ല; ക്വുർആൻ വചനം തന്നെയാണ് ഉദ്ധരിച്ചതെന്ന് ഗുപ്ത വ്യക്തമാക്കി. എന്നാൽ ശിരോവസ്ത്രം എസെൻഷ്യൽ റിലീജിയസ് പ്രാക്ടിസിന്റെ ഭാഗമാണെന്നാണ് അവർ തെളിയിക്കേണ്ടതെന്നായിരുന്നു എസ്ജിയുടെ പ്രതികരണം. പക്ഷേ, ഇത് എസെൻഷ്യൽ ആണെന്ന് തീരുമാനിക്കേണ്ടത് കോടതിയാണോ എന്നായിരുന്നു ജസ്റ്റിസ് ധൂലിയയുടെ ചോദ്യം.

എസ്ജി വീണ്ടും ദുർബലവാദങ്ങളിലേക്ക് പ്രവേശിക്കുന്നു: 'എസെൻഷ്യലുമായി ബന്ധപ്പെട്ട കാര്യത്തിലേക്ക് ഹൈക്കോടതി പ്രവേശിക്കേണ്ടതുണ്ടായിരുന്നില്ല. എന്നാൽ അതിലേക്ക് വഴിതുറന്നത് പരാതിക്കാരാണ്. പരസ്യമായി മദ്യപിക്കുന്നത് മതത്തിന്റെ അവിഭാജ്യ ആചാരമാണെന്ന് അവകാശപ്പെട്ട് ആരെങ്കിലും കടന്നുവന്നാൽ അതെങ്ങനെ അനുവദിക്കാൻ സാധിക്കും?' 19ാം അനുച്ഛേദത്തിൽ പറയപ്പെട്ട public order അങ്ങനെയുള്ള കാര്യങ്ങളെ നിയന്ത്രിക്കുവാനുള്ളതാണെന്ന് ജസ്റ്റിസ് ധൂലിയ പറഞ്ഞപ്പോൾ എസ്ജിക്ക് പിന്നീടൊന്നും പറയാനുണ്ടായിരുന്നില്ല.

(തുടരും)

ലേഖനം

# പ്രവാചകന്മാരും അദൃശ്യകാര്യങ്ങളും വ്യാജ ആദർശവാദികളുടെ ദുർവ്യാഖ്യാനങ്ങളും

മൂസ സ്വലാഹി കാര
:97473 45768

സമൂഹത്തിന് നിർഭയത്വവും നേർമാർഗവും നൽകുന്ന ഉത്തമ ആദർശമാണ് ഇസ്‌ലാം വിളംബരം ചെയ്തിട്ടുള്ളത്. മനുഷ്യനിർമിത മതങ്ങളിൽനിന്നും മറ്റു ആശയധാരകളിൽനിന്നും ഇസ്‌ലാമിക വിശ്വാസത്തിന്റെ വ്യതിരിക്തതയെപ്പറ്റി ക്വുർആൻ ഉണർത്തുന്നു:

"(നബിയേ,) ചോദിക്കുക: സാക്ഷ്യത്തിൽവെച്ച് ഏറ്റവും വലിയത് ഏതാകുന്നു? പറയുക: അല്ലാഹുവാണ് എനിക്കും നിങ്ങൾക്കും ഇടയിൽ സാക്ഷി. ഈ ക്വുർആൻ എനിക്ക് ദിവ്യബോധനമായി നൽകപ്പെട്ടിട്ടുള്ളത് അത് മുഖേന നിങ്ങൾക്കും അത് (അതിന്റെ സന്ദേശം) ചെന്നെത്തുന്ന എല്ലാവർക്കും ഞാൻ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാകുന്നു. അല്ലാഹുവോടൊപ്പം ആരാധനക്കർഹനായി മറ്റു വല്ലവരുമുണ്ടെന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുമോ? പറയുക: ഞാൻ സാക്ഷ്യം വഹിക്കുകയില്ല. പറയുക: അവൻ ഏക ഇലാഹ് മാത്രമാകുന്നു. നിങ്ങൾ അവനോട് പങ്കുചേർക്കുന്നതുമായി എനിക്ക് യാതൊരു ബന്ധവുമില്ല" (6:19).

വിശ്വാസ വിശുദ്ധിയെയും അതിന്റെ മാഹാത്മ്യത്തെയും കളങ്കപ്പെടുത്തി സ്വയം പിഴക്കാനും മറ്റുള്ളവരെ പിഴപ്പിക്കാനും കച്ചകെട്ടിയവർ ആദർശ ശക്തിയെക്കാൾ ആൾബലത്തിൽ കണ്ണും നട്ടിരുന്ന് ആക്രാശിക്കുന്ന അവസ്ഥയാണ് നാം കാണുന്നത്. അല്ലാഹുവിന്റെ മുന്നറിയിപ്പും നബി(സ്വ)യുടെ പ്രഥമ അഭിസംബോധിതരായ മുശ്‌രിക്കുകൾ അനുഭവിച്ച പരാജയവും അല്ലാഹുവിൽ പങ്കുചേർക്കുന്നവരുടെ ആധിക്യത്തിൽ വിശ്വാസികൾ വ്യാകുലപ്പെടേണ്ടതില്ലെന്ന ബോധ്യപ്പെടുത്തലാണ്.

അല്ലാഹു പറയുന്നു: "അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് (മറ്റുള്ളവരെ) പങ്കുചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്" (12:106).

ലോകത്ത് നിയോഗിക്കപ്പെട്ട മുഴുവൻ പ്രവാചകന്മാരും അവരുടെ സമൂഹത്തെ കേൾപിച്ച ഈ സത്യസന്ദേശത്തെ അവഗണിക്കുന്നവർ വ്യാപിക്കുമ്പോൾ അവർക്കുള്ള പിഴവ് പരസ്യപ്പെടുത്തലും പ്രാമാണികമായി അവരെ തിരുത്തലും അഹ്‌ലുസ്സുന്ന വൽജമാഅയെ പിന്തുടരുന്നവരുടെ ബാധ്യതയാണ്. കടുത്ത നിഷേധികളോട് നബി(സ്വ) ചോദിച്ച ചോദ്യമാണ് ഇവരോടും ആവർത്തിക്കാനുള്ളത്:

"അതല്ല, അവന്ന് പുറമെ അവർ ചില ആരാധ്യരെ സ്വീകരിച്ചിരിക്കുകയാണോ? പറയുക: എങ്കിൽ നിങ്ങൾ ക്കതിനുള്ള പ്രമാണം കൊണ്ടുവരിക. ഇതുതന്നെയാകുന്നു എന്റെ കൂടെയുള്ളവർക്കുള്ള ഉൽബോധനവും എന്റെ മുമ്പുള്ളവർക്കുള്ള ഉൽബോധനവും. പക്ഷേ, അവരിൽ അധികപേരും സത്യം അറിയുന്നില്ല. അതിനാൽ അവർ തിരിഞ്ഞുകളയുകയാകുന്നു" (21:24).

അന്ധവിശ്വാസങ്ങളുടെ വക്താക്കളായ സമസ്ത ഇ.കെ വിഭാഗം 2023 ജനുവരി 8 ന് കോഴിക്കോട് കടപ്പുറത്തുവെച്ച് സംഘടിപ്പിച്ച സമ്മേളനത്തിൽ സംഘടനയുടെ പ്രസിഡന്റ് ശിർക്കിനെ ന്യായീകരിക്കാനും നിലനിർത്താനും വേണ്ടി അവതരിപ്പിച്ച വ്യാജ തെളിവുകൾക്ക് പ്രാമാണികമായൊരു വിശകലനം അനിവാര്യമാണ്.

ലോകത്ത് എവിടെനിന്നാണെങ്കിലും നബി(സ്വ)ക്ക് മഗാഈബുകൾ(അദൃശ്യങ്ങൾ) അറിയാൻ കഴിയുമെന്ന ശുദ്ധനുണ സ്ഥാപിക്കാനാണ് ടിയാന്റെ ആദ്യശ്രമം. ശിയാക്കൾ അവരുടെ ഇമാമുമാർക്ക് ഉണ്ടെന്ന് അവകാശപ്പെടുന്നതിന്റെ തനി പകർപ്പാണിത്. സമസ്ത ഇതിനെ അവരുടെ അടിസ്ഥാന കാര്യമായി കാണുന്നു എന്നതിന് ധാരാളം തെളിവുകളുണ്ട്.

മുഹ്‌യിദ്ദീൻ മാലക്ക് മുസ്തഫൽ ഫൈസി എഴുതിയ വ്യാഖ്യാനത്തിൽ ഇപ്രകാരം കാണാം: "ഇവിടെ അല്ലാഹും റസൂലും സത്യവിശ്വാസികളും കാണുമെന്നു പറഞ്ഞ പ്രവർത്തനത്തിൽ ബാഹ്യവും ആന്തരികവുമായ പ്രവർത്തനങ്ങൾ മുഴുവനും പെടും. ഹൃദയത്തിന്റെ പ്രവർത്തനങ്ങളാകുന്ന രഹസ്യങ്ങൾ മുഴുവനും ആന്തരിക പ്രവർത്തനങ്ങളുടെ ഭാഗമാണ്. അതുകൊണ്ടുതന്നെ ഹൃദയത്തിന്റെ പ്രവർത്തനങ്ങളാകുന്ന ആ രഹസ്യങ്ങൾ മഹാത്മാക്കൾ അറിയുന്നുവെന്നും കാണുമെന്നും സ്ഥിരപ്പെട്ടു കഴിഞ്ഞു" (പേജ്: 459).

"അല്ലാഹുവിന്റെ ഔലിയാക്കൾക്കും ആരിഫീങ്ങൾക്കും അല്ലാഹു പലവിധ ഗൈബിയായ അറിവുകളും നൽകുന്നുണ്ട്. അതിനാൽ വരാൻ പോകുന്ന പലതിനെക്കുറിച്ചും അവർ മുൻകൂട്ടി പ്രവചിക്കുകയും ചെയ്യും" (സുന്നിവോയ്സ്, 1981 ഫെബ്രുവരി 6, പേജ് 1).

അല്ലാഹുവിനോട് പരലോകത്തുവെച്ച് എല്ലാ പ്രവാചകന്മാരും

പറയുന്ന കാര്യമാണ് 'തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ' എന്നത്.

സൂറതുത്തൗബയിലെ 78ാം വചനം കാണുക: "അവരുടെ രഹസ്യവും അവരുടെ ഗൂഢമന്ത്രവും അല്ലാഹു അറിയുന്നുണ്ടെന്നും അല്ലാഹു അദൃശ്യകാര്യങ്ങൾ നന്നായി അറിയുന്നവനാണെന്നും അവർ മനസ്സിലാക്കിയിട്ടില്ലേ?"

ഇബ്നു കസീർ(റഹി) ഇതിന്റെ വിശദീകരണത്തിൽ പറഞ്ഞത് കാണുക: 'അവൻ അദൃശ്യവും ദൃശ്യവും എല്ലാ രഹസ്യവും സ്വകാര്യവും അറിയുന്നു, പ്രത്യക്ഷവും മറഞ്ഞിരിക്കുന്നതും അവൻ അറിയുന്നു.'

അല്ലാഹുവിന്റെ മാത്രമായിട്ടുള്ള ഈ കഴിവിനെ തോന്നും വിധം വ്യാഖ്യാനിച്ച് സൃഷ്ടികളെ അവനിൽ പങ്കുചേർക്കുന്ന ഇക്കൂട്ടരോട് ക്വുർആൻ നൽകിയ മറുപടിയാണ് ഉണർത്താനുള്ളത്. അല്ലാഹു പറയുന്നു: "അവൻ അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു. അതിനാൽ അവൻ അവർ പങ്കുചേർക്കുന്നതിനെക്കാളെല്ലാം ഉന്നതനായിരിക്കുന്നു" (23:92).

നമസ്കാര വേളയിൽ നബി(സ്വ) സ്വഹാബികളോട് പറഞ്ഞതായി വന്ന ഹദീസിൽനിന്ന് 'എന്റെ പിന്നിലൂടെയും ഞാൻ നിങ്ങളെ കാണുന്നു' എന്ന ഭാഗം മാത്രമാണ് മുസ്‌ലിയാർ തെളിവായി വായിച്ചത്. ഇമാമുമാരായ ബുഖാരി(റഹി), മുസ്‌ലിം(റഹി), നസാഈ(റഹി), മാലിക്(റഹി), അഹ്മദ്(റഹി) എന്നിവർ അവരുടെ ഗ്രന്ഥങ്ങളിൽ വ്യത്യസ്ത സ്ഥലങ്ങളിൽ ഈ ഹദീസ് കൊണ്ടുവന്നിട്ടുണ്ട്. അവരിൽ ആരും ഇതിന്റെ അടിസ്ഥാനത്തിൽ നബി(സ്വ) എല്ലാ അദൃശ്യവും അറിയുമെന്ന് സ്ഥാപിച്ചിട്ടില്ല. ഹദീസിന്റെ പൂർണരൂപം ഇതാണ്:

അബൂഹുറയ്റ(റ)യിൽനിന്ന്; നബി(സ്വ) പറഞ്ഞു: "ഞാൻ ക്വിബ്‌ലക്ക് നേരെ തിരിഞ്ഞ് നിൽക്കുന്നതിനാൽ നിങ്ങളെ കാണുന്നില്ല എന്ന് വിചാരിച്ചുക്കുന്നുണ്ടോ? അല്ലാഹു തന്നെ സത്യം! നിങ്ങളുടെ നമസ്കാരകർമങ്ങളും റുകൂഉമൊന്നും എനിക്ക് ഗോപ്യമല്ല. എന്റെ പിന്നിലൂടെയും ഞാൻ നിങ്ങളെ കാണുന്നു."

നബി(സ്വ)യുടെ പുറകിലാണ് സ്വഹാബത്ത് നമസ്കരിക്കുന്നതെങ്കിലും അവരുടെ നമസ്കാരം അദ്ദേഹത്തിന് അല്ലാഹു കാണിച്ച് കൊടുത്തിരുന്നു. അദ്ദേഹത്തിന് നൽകപ്പെട്ട മുഅ്ജിസത്തുകളിലാണിത് എണ്ണപ്പെടുക. ഈ ഹദീസിന് പണ്ഡിതന്മാർ നൽകിയ വിശദീകരണത്തിൽനിന്നും അത് വ്യക്തമാണ്. ഇബ്നു ഹജറുൽ അസ്ഖലാനി (റഹി) പറയുന്നു: "ഇത് നമസ്കാര സന്ദർഭത്തിൽ മാത്രമാണ് എന്നതാണ് ഇതിന്റെ ബാഹ്യാർഥം" (ഫത്ഹുൽ ബാരി).

ഇമാം നവവി(റഹി) ശർഹു മുസ്‌ലിമിൽ പറഞ്ഞതായി കാണാം: "ചിലർ ഈ കാഴ്ച മരണ ശേഷമാണെന്ന് വ്യാഖ്യാനിക്കുന്നു. ഹദീസിന്റെ സാഹചര്യം പരിഗണിച്ചാൽതന്നെ ആ അഭിപ്രായം സത്യത്തിൽനിന്ന് വളരെ അകലെയെന്ന് വ്യക്തം."

ഇമാം മുല്ല അലിയ്യുൽ ക്വാരി തന്റെ മിർക്വാത്തിൽ പറയുന്നു: "ഇതിന് വിപരീതമായി എന്റെ ചുമരിന് പിന്നിൽ എന്താണെന്ന് എനിക്കറിയില്ല എന്ന ഹദീസുള്ളതിനാൽ ഈ കാഴ്ച ശാശ്വതമായിരിക്കണമെന്നില്ല. അതിനാൽ ഇത് നമസ്കാര അവസ്ഥക്ക് പ്രത്യേകവും നമസ്കരിക്കുന്നവരെ പറ്റിയുള്ള അറിവുമാണ്."

ഈ ഹദീസിന്റെ സന്ദർഭം, ആശയം, വിശദീകരണം എന്നിവയൊന്നും പരിഗണിക്കാതെ ബാഹ്യാർഥം തന്റെ വികല വാദത്തിന് കൂട്ടാക്കാൻ പറ്റിയതാണെന്ന് കണ്ടപ്പോൾ മുസ്‌ലിയാർ അതിൽ തൂങ്ങിയതാണ് അദ്ദേഹത്തെ പരിഹാസ്യ സ്ഥിതിയിലാക്കിയത്.

ഹിജ്റ എട്ടാം വർഷത്തിലുണ്ടായ മുഅ്ത യുദ്ധ വേളയിൽ നബി(സ്വ) സൈനിക നേതൃത്വം സൈദ് ബ്നു ഹാരിസി(റ)ന് നൽകി ഇങ്ങനെ ഉപദേശിച്ചു: "സൈദ് കൊല്ലപ്പെട്ടാൽ ജഅ്ഫറും അദ്ദേഹം കൊല്ലപ്പെട്ടാൽ അബ്ദുല്ലാഹിബ്നു റവാഹയും ഉത്തരവാദിത്തം ഏറ്റെടുക്കണം." ബുഖാരി, അഹ്മദ്, ഇബ്നു ഹിബ്ബാൻ എന്നിവർ റിപ്പോർട്ട് ചെയ്ത ഈ ഹദീസാണ് മുസ്‌ലിയാർ വായിച്ച മറ്റൊരു തെളിവ്. ഒരു യുദ്ധമാകുമ്പോൾ സ്വഭാവികമായും ഉണ്ടാകാവുന്ന കാര്യം നബി(സ്വ) ഉണർത്തി എന്നല്ലാതെ ഈ സംഭവവും ഗൈബറിയലും തമ്മിലെന്ത് ബന്ധം? ഇതിലെവിടെയാണ് അദ്ദേഹം എനിക്ക് അദൃശ്യമറിയുമെന്ന് പറഞ്ഞത്? സ്വയം ഗൈബ് അറിയാൻ കഴിയുമായിരുന്നെങ്കിൽ യുദ്ധത്തിൽ അവർ മരിക്കുമെന്ന് അവിടുന്ന് ഉറപ്പിച്ച് പറയുകയല്ലേ വേണ്ടത്? കൊല്ലപ്പെട്ടാൽ എന്ന് പറയുമോ? ഇനി സൈദ്(റ), ജഅ്ഫർ(റ) എന്നീ സ്വഹാബിമാർ ശുഹദാക്കളാകും എന്ന അറിവിന്റെ അടിസ്ഥാനത്തിലാണ് ഇത് പറഞ്ഞതെങ്കിൽ തന്നെ അത് അല്ലാഹു അറിയിച്ചുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ മാത്രം പറഞ്ഞതാണ്. അല്ലാതെ മുഴുസമയത്തും അദൃശ്യം അറിയുമെന്നതു കൊണ്ട് പറഞ്ഞതല്ല. അങ്ങനെയൊരു കഴിവ് അല്ലാഹു നൽകിയിട്ടില്ല എന്നാണ് പ്രമാണങ്ങൾ വ്യക്തമാക്കുന്നത്. ഓർക്കുക, നബി(സ്വ)യുടെ പേരിൽ കളവ് പറഞ്ഞു പരത്തിയാൽ അവരുടെ ഇരിപ്പിടം നരകമാണ്.

ഇബ്റാഹീം നബി(അ)യുടെ പേരിലാണ് മുസ്‌ലിയാരുടെ അടുത്ത നുണ. സൂറതുൽ അൻആമിലെ 'അപ്രകാരം ഇബ്റാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യരഹസ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. അദ്ദേഹം ദൃഢബോധ്യമുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കാൻ വേണ്ടിയും കൂടിയാണത്' എന്ന വചനം ദുർവ്യാഖ്യാനിച്ച് ടിയാൻ പറയുന്നു; ഇബ്റാഹീം നബിയും അദൃശ്യകാര്യങ്ങൾ അറിയുമായിരുന്നു എന്ന്!

തന്റെ മുമ്പിലുള്ള ജനങ്ങളെ കബളിപ്പിക്കലും ആ മഹാപ്രവാചകനെക്കുറിച്ചുള്ള കള്ളവുമാകുന്നു ഇത്. ഈ വചനം മുസ്‌ലിയാർക്ക് തിരിച്ചടിയാണെന്നതാണ് വാസ്തവം. അല്ലാഹു കാണുച്ചു കൊടുക്കുന്നു എന്ന് പറഞ്ഞാൽ

'മഹാത്മാക്കൾ ഇഷ്ടാനുസരണം അദൃശ്യകാര്യം അറിയും, കാണും, മുൻകൂട്ടി അറിയും' തുടങ്ങിയ വാദങ്ങൾ പൊളിഞ്ഞില്ലേ?എന്താണ് ഈ ആയത്തിന്റെ താൽപര്യമെന്നെങ്കിലും പരിശോധിക്കേണ്ടേ? വ്യക്തവും ഖണ്ഡിതവുമായ തെളിവുകളിലൂടെ അല്ലാഹുവിന്റെ ഏകത്വം ഇബ്റാഹീം നബി(അ)ക്ക് ബോധ്യപ്പെടുത്തി കൊടുത്തതാണിതെന്ന് ത്വബ്രി, ക്വുർത്വുബി, ഇബ്നുകസീർ തുടങ്ങിയ മഹാന്മാരെല്ലാം വിശദീകരിച്ചതായി കാണാം.

ശിർക്കിന്റെ വൻമരമായ പിതാവിനോടും അനുയായികളോടും 'തീർച്ചയായും താങ്കളും താങ്കളുടെ ജനതയും വ്യക്തമായ വഴികേടിലാണെന്ന് ഞാൻ കാണുന്നു' എന്നും 'എന്റെ സമുദായമേ, നിങ്ങൾ (അല്ലാഹുവിനോട്) പങ്കുചേർക്കുന്നതിൽ നിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു' എന്നും 'ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല' എന്നും ഉറക്കെ പ്രഖ്യാപിച്ച ഇബ്റാഹിം നബി(അ)യെ തന്നെ ശിർക്കിന് കൂട്ടുപിടിക്കാൻ തയ്യാറായതിൽ സഹതാപമാണ് തോന്നുന്നത്. ഈ ആയത്തിന് മുസ്ല്യാർ നൽകിയതുപോലുള്ള വ്യാഖ്യാനം അഹ്ലുസ്സുന്നയുടെ ഏതെങ്കിലും പണ്ഡിതൻ നൽകിയതായി തെളിയിക്കാമോ? സ്വഹാബികളിലാരെങ്കിലും ഇബ്റാഹീം നബിക്ക് അദൃശ്യമറിയുമെന്ന് ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ നബി(സ്വ) പറഞ്ഞതായി അറിയിച്ചിട്ടുണ്ടോ?

വിശ്വാസി സമൂഹത്തിന് പ്രാമാണികമായി വിശദീകരണം കിട്ടേണ്ട ചില ചോദ്യങ്ങൾ ഇവിടെ ചേർക്കട്ടെ:

1. "അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല" (ക്വുർആൻ 6:69). ഈ വചനത്തോട് സമസ്തയുടെ നിലപാടെന്ത്?
2. "(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല; അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യം അറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (ക്വുർആൻ 7:188). അല്ലാഹുവിന്റെ നിർദേശപ്രകാരമുള്ള നബി(സ)യുടെ ഈ പ്രഖ്യാപനത്തോട് സമസ്തയുടെ സമീപനമെന്ത്?
3. 'നിശ്ചയം ഞാനൊരു മനുഷ്യനാണ്' എന്ന് നബി(സ്വ) പറഞ്ഞതിനെ വിശദീകരിച്ച് ഇബ്നുഹജറുൽ അസ്ഖലാനി(റഹി) പറയുന്നു: 'റസൂൽ(സ്വ) എല്ലാ അദൃശ്യവും അറിയും; അക്രമിക്കപ്പെട്ടവൻ മറച്ചു വെച്ചതുവരെ' എന്ന് വാദിച്ചവർക്കുള്ള മറുപടി കൂടിയായിട്ടാണ് ഈ ഹദീസ് കൊണ്ടുവരപ്പെട്ടത്.' അഹ്ലുസ്സുന്നയുടെ ഈ നിലപാട് സമസ്ത അംഗീകരിക്കുന്നുണ്ടോ?
4. തബൂക്ക് യുദ്ധത്തിൽ നബി(സ്വ)യുടെ ഒട്ടകം നഷ്ടപ്പെട്ടപ്പോൾ ഒരാൾ ഇങ്ങനെ പറഞ്ഞു: 'ആകാശത്തുനിന്നുള്ള കാര്യം നിങ്ങളോട് പറയുന്ന മുഹമ്മദിന് അദ്ദേഹത്തിന്റെ ഒട്ടകം എവിടെയെന്നറിയില്ല.' 'അല്ലാഹു എന്നെ അറിയിച്ചതല്ലാതെ ഒന്നും എനിക്കറിയില്ല' എന്നായിരുന്നു അവിടുന്ന് നൽകിയ മറുപടി. ഇത് സമസ്തയുടെആശയത്തിന്എതിരല്ലേ?
5. നബി(സ്വ)ക്ക് മറഞ്ഞ കാര്യങ്ങൾ അറിയുമായിരുന്നെങ്കിൽ അവിടുന്ന് പങ്കെടുത്തതും അല്ലാത്തതുമായ യുദ്ധങ്ങളിൽ വിജയം മുൻകൂട്ടി പ്രഖ്യാപിക്കുമായിരുന്നില്ലേ?
6. സ്വഹാബികൾക്കിടയിൽ നുഴഞ്ഞുകയറിയും മഹതി ആഇശ(റ)യുടെ പേരിൽ കെട്ടുകഥ പ്രചരിപ്പിച്ചും ഫിത്ന പരത്തിയ കപടന്മാരുടെ മനസ്സ് കാണാത്തത് പ്രവാചകന്റെ ന്യൂനതയും പരാജയവുമാണോ?
7. സൂറതുത്തഹ്രീം അവതരിപ്പിക്കപ്പെടാൻ കാരണമായ, തന്റെ ഭാര്യമാർക്കിടയിലുണ്ടായ സംഭവം നബി(സ്വ) അറിയാതിരുന്നത് എന്തുകൊണ്ട്?
8. തന്റെ മരണസമയം നബി(സ്വ)ക്ക് അറിയുമായിരുന്നെങ്കിൽ അബൂബക്ർ(റ), ആഇശ(റ) എന്നിവരോടെങ്കിലും പറയാതിരുന്നത് എന്തുകൊണ്ട്?
9. ഗൈബറിയുമായിരുന്നെങ്കിൽ ഹിജ്റയുടെ അനുമതിക്കായി കാത്തിരുന്നതും ശത്രുനീക്കങ്ങളെ ശ്രദ്ധിച്ച് നടന്നതും എന്തിനായിരുന്നു?
10. മനസ്സറിയാനുള്ള കഴിവ് നബി(സ്വ)ക്ക് ഉണ്ടായിരുന്നെങ്കിൽ പലരുടെയും ഇസ്ലാം സ്വീകരണത്തിനായി പ്രത്യേകം പ്രാർഥിച്ചതെന്തിന്?

അഹ്ലുസ്സുന്ന വൽജമാഅയുടെ പേരിൽ ശിർക്ക് സ്ഥാപിക്കുവാനായി വ്യാജമായി തെളിവുണ്ടാക്കാൻ ശ്രമിക്കുമ്പോൾ അത് ഇസ്ലാമിനോട് കാണിക്കുന്ന കൊടുംക്രൂരതയാണെന്ന് ഇനിയെങ്കിലും പുരോഹിതന്മാർ തിരിച്ചറിയണം. ആൾക്കൂട്ടമാണ് വിജയത്തിന്റെയും ആദർശമഹിമയുടെയും നിദാനമെന്ന് ധരിച്ചെങ്കിൽ ക്വുർആൻ ഉണർത്തിയത് ഓർക്കുക: "(നബിയേ,) പറയുക: ദുഷിച്ചതും നല്ലതും സമമാകുകയില്ല. ദുഷിച്ചതിന്റെ വർധനവ് നിന്നെ അത്ഭുതപ്പെടുത്തിയാലും ശരി. അതിനാൽ ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (ക്വുർആൻ 5:100). ■



# ചിട്ടയായ ജീവിതവും ആരോഗ്യവും

ജാസ്മിൻ കെ. പി, പാലക്കാഴി

ചിട്ടയായ ജീവിത ചര്യകളാണ് ആരോഗ്യത്തിന്റെ അടിസ്ഥാനം. ടൈം മാനേജ്മെന്റിന് ഇതിൽ പ്രധാന പങ്കുണ്ട്. പലരും ഓരോ ദിവസവും ഓരോ നേരത്ത് എഴുന്നേൽക്കുന്നവരാണ്. അത് ശരിയായ ചര്യയല്ല. എന്നും എഴുന്നേൽക്കുന്നത് ഒരേ സമയത്തായിരിക്കണം. ഒരു മുസ്‌ലിം സ്വുബ്ഹി നമസ്കാരത്തിന് ഉണരേണ്ടവനാണ്/ഉണരേണ്ടവളാണ്. നേരത്തെ എഴൂന്നൽക്കുക എന്നത് മതപരമായ കടമയാണ്. അത് മാനസികവും ശാരീരികവുമായ ആരോഗ്യമുള്ള ജീവിതത്തിനും അനിവാര്യമാണ്.

രാത്രി ഏറെ വൈകി ഉറങ്ങുന്നതും വൈകി എഴുന്നേൽക്കുന്നതും നമ്മുടെ ശരീരത്തെ ദോഷകരമായി ബാധിക്കും. ഉറക്കക്കുറവ്, ദഹനമില്ലായ്മ തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങളിലേക്ക് ഇത് നയിക്കും. അതുകൊണ്ട് രാവിലെ എഴുന്നേൽക്കുന്നതിലും രാത്രി കിടക്കുന്നതിലും ഭക്ഷണം കഴിക്കുന്നതിലുമെല്ലാം കൃത്യമായ സമയം പാലിക്കാൻ ശ്രമിക്കുക.

അലസതയാണ് ഈ വിഷയത്തിൽ പരരെയും പിന്നിലേക്കു വലിക്കുന്നത്. ഇഹലോകത്തും പരലോകത്തും നഷ്ടമുണ്ടാക്കുന്ന ഒന്നാണ് അലസത.

‘അല്ലാഹുവേ, എന്റെ സമുദായത്തിന്റെ പ്രഭാതസമയത്ത് നീ അവർക്ക് അനുഗ്രഹം ചൊരിയണേ’ എന്ന് നബി(സ്വ) പ്രാർഥിച്ചതായി കാണാം.

പക്ഷിമൃഗാതികളൊന്നും മനുഷ്യരെ പോലെ അലസത കാണിക്കാറില്ല. വിശിഷ്യാ പക്ഷികൾ. അവ വളരെ നേരത്തെ അവയുടെ കൂടുവിട്ട് അന്നം തേടി പുറത്തു പോകുന്നു. സന്ധ്യാസമയത്ത് നിറവയറുമായി കൂടണയുന്നു.

ഓരോ കാര്യം ചെയ്യുമ്പോഴും വ്യക്തമായ പ്ലാനിങ്ങ് ഉണ്ടായിരിക്കണം. ഓരോ ദിവസവും ചെയ്യേണ്ടേതും ഒഴിവാക്കേണ്ടതുമായ കാര്യങ്ങൾ മനസ്സിൽ കണക്കുകൂട്ടണം. ചെയ്യേണ്ട കാര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ചെയ്യുവാൻ ശ്രമിക്കണം.

ജീവിതത്തിൽ നാം പാലിക്കുന്ന അച്ചടക്കം നമ്മുടെ വ്യക്തിത്വത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. അച്ചടക്കം ആരോഗ്യകരമായ ബന്ധങ്ങൾ നിലനിർത്തുവാൻ സഹായിക്കുന്ന ഘടകം കൂടിയാണ്.

ദിവസവും ചെയ്യേണ്ട കാര്യങ്ങൾ ലിസ്റ്റ് ചെയ്യൽ ഏറെ ഗുണം ചെയ്യും. ഇത് ഓർമക്കുറവ് പരിഹരിക്കും. ഭൂരിഭാഗം ആളുകളും മറവിയെ പഴിക്കുന്നവരാണ്. രാവിലെ എഴുന്നേൽക്കുമ്പോൾ തന്നെ തലേദിവസം നടന്ന കാര്യങ്ങൾ ഓർമിച്ചെടുക്കാൻ ശ്രമിക്കുന്നത് ഓർമശക്തി വർധിപ്പിക്കാൻ സഹായിക്കും.

വീട്ടിലായാലും ഓഫീസിലായാലും എല്ലാം കൃത്യമായി അടുക്കിവെക്കുന്ന ശീലം വളർത്തിയെടുക്കണം. അടുക്കി വൃത്തിയായി വെക്കുന്ന ശീലമുണ്ടെങ്കിൽ എല്ലാ കാര്യങ്ങളിലും അത് പ്രതിഫലിക്കും. ഓരോന്ന് തിരഞ്ഞ് സമയം പാഴാക്കാതിരിക്കാൻ അത് സഹായിക്കും.

സ്വന്തം കാര്യങ്ങളിൽ പൂർണമായ ഉത്തരവാദിത്തമുണ്ടായിരിക്കണം. കാര്യങ്ങളെല്ലാം മറ്റുള്ളവരെ ഏൽപിച്ച് മാറിനിൽക്കുന്ന സ്വഭാവം നന്നല്ല.

ഓഫീസിലെയും വീട്ടിലെയും കാര്യങ്ങൾ ഇടകലർത്തരുത്. ഇത് കുടുംബത്തെ ബാധിക്കും. മാനസികമായ സന്തോഷം ഇല്ലാതാക്കും

ജോലിസ്ഥലത്തായാലും വീട്ടിലായാലും കാര്യങ്ങൾ കൃത്യസമയത്തു തന്നെ ചെയ്തു തീർക്കാൻ ശ്രമിക്കണം. ആവശ്യമില്ലാതെ ജോലികൾ നാളേക്കു നീട്ടിവെക്കുന്നത് പ്രയാസമുണ്ടാക്കും.

ആരാധനാകാര്യങ്ങളിൽ കൃത്യതയും സമയനിഷ്ഠയും പാലിക്കാൻ ബോധപൂർവമായ ശ്രമം ആവശ്യമാണ്. അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം നിർവഹിക്കുന്നതിൽനിന്നും അലസത പലരെയും പിന്തിരിപ്പിക്കാറുണ്ട്. ജീവിതത്തിൽ ചിട്ടയില്ലാത്തവർ എല്ലാ മേഖലകളിലും അലസത കാണിക്കുന്നവരായിരിക്കും.



# സത്യവിശ്വാസിനിയായ ഭാര്യ

ഉസ്മാൻ പാലക്കാഴി
: 9656292244

നവാൽ ബിൻത് അബ്ദില്ല തന്റെ 'സത്യവിശ്വാസിനി' എന്ന പുസ്തകത്തിൽ എഴുതുന്നു: "ജീവിതായോധനത്തിന് പുറത്തിറങ്ങുന്ന കുടുംബനാഥനോട് ദൈവബോധം മുറുകെ പിടിക്കാനും നല്ല സമ്പാദ്യം മാത്രം ആർജിക്കാനും ഉപദേശിക്കുന്നത് സത്യവിശ്വാസിനിയല്ലാതെ മറ്റാരാണ്? സച്ചരിതകളായ മുൻകാല മുസ്‌ലിം വനിതകൾ തന്റെ ഭർത്താവോ, സഹോദരനോ, പിതാവോ ധനസമ്പാദനത്തിനായി വീടുവിട്ടിറങ്ങുമ്പോൾ ഉപദേശിക്കുമായിരുന്നു: "നോക്കൂ, ഹറാമായ സമ്പാദ്യത്തെ സൂക്ഷിക്കണേ, വിശപ്പും അതിന്റെ ക്ലേശങ്ങളും ഞങ്ങളെത്ര വേണമെങ്കിലും സഹിക്കാം. പക്ഷേ, നാളെ നരകാഗ്നിയുടെ ചൂടു താങ്ങാൻ ഞങ്ങൾക്കാവില്ല."

സദ്‌വൃത്തയായ ഒരു ഭാര്യ ഒരു പുരുഷന് ഇഹലോകത്ത് ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹങ്ങളിൽ ഒന്നാണ്. കാരണം അവൾക്കാണ് പരലോകത്തിന്റെ വിഷയത്തിൽ തന്റെ ഭർത്താവിനെ ആത്മാർഥമായി സഹായിക്കുവാൻ കഴിയുക. എന്നാൽ അധിക സ്ത്രീകളും ഇതിനു വിപരീതമായാണ് ജീവിതം നയിക്കുന്നത്. അത് ഒരുപക്ഷേ, വിവരമില്ലായ്മകൊണ്ടാകാം. അല്ലെങ്കിൽ ഭൗതിക സുഖസൗകര്യങ്ങളോടും ആർഭാടങ്ങളോടുമുള്ള അമിതമായ ആർത്തികൊണ്ടാകാം.

അബൂസഈദിൽ ഖുദ്‌രിയ്യ്(റ) പറയുന്നു: "ഒരിക്കൽ അല്ലാഹുവിന്റെ ദൂതൻ(സ്വ) പ്രസംഗപീഠത്തിൽ കയറിയിരുന്നു. ഞങ്ങൾ അതിന്റെ ചുറ്റുമിരുന്നു. അന്നേരം അവിടുന്ന് പറഞ്ഞു: 'എന്റെ കാലശേഷം ആർഭാട പൂർണവും അലംകൃതവുമായ ജീവിതം നിങ്ങൾക്കു മുമ്പിൽ തുറക്കപ്പെടുന്നത് ഞാനേറ്റവും ഭയപ്പെടുന്നു" (ബുഖാരി, മുസ്‌ലിം).

ഐഹികാഡംബരങ്ങളിൽ ഉൻമത്തരായ മനുഷ്യർ സ്രഷ്ടാവുമായുള്ള ബന്ധത്തിൽനിന്ന് അകലുമെന്നതിൽ സംശയമില്ല. പരമമായ ലക്ഷ്യം സമ്പത്ത് വാരിക്കൂട്ടലും ആർഭാട ജീവിതം നയിക്കലുമായി കാണുന്നവർക്ക് ദൈവത്തെക്കുറിച്ചുള്ള ചിന്തതന്നെ അരോചകമായിരിക്കും. ഭൗതിക സുഖസൗകര്യങ്ങൾ എത്രകണ്ട് വർധിക്കുന്നുവോ അത്രകണ്ട് ദൈവചിന്തയിൽനിന്ന് മനുഷ്യൻ അകന്നുപോകും എന്നർഥം. അതുകൊണ്ടാണ് "എന്റെ കാലശേഷം ആർഭാട പൂർണവും അലംകൃതവുമായ ജീവിതം നിങ്ങൾക്കു മുമ്പിൽ തുറക്കപ്പെടുന്നത് ഞാനേറ്റവും ഭയപ്പെടുന്നു" എന്ന് നബി(സ്വ) പ്രസ്താവിച്ചത്. ഭൗതിക സുഖസൗകര്യങ്ങൾ ദൈവം തന്ന അനുഗ്രഹമാണെന്നു മനസ്സിലാക്കി നന്ദി കാണിച്ച് ജീവിക്കുവാൻ കഴിയുക എന്നത് പണത്തെ മാത്രം സ്‌നേഹിക്കുന്നവർക്ക് കഴിയുന്ന കാര്യമല്ല.

കുടുംബസമേതം സ്വർഗത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവളാകണം ഒരു ഭാര്യ. എങ്കിൽ മതവിഷയത്തിൽ അലസത കാണിക്കുന്ന ഭർത്താവിനെ ഉപദേശിക്കുവാനും നന്നാക്കുവാനും അവൾ പരിശ്രമിക്കും. പട്ടിണി കിടന്നാലും അന്യായമായി പണം സമ്പാദിക്കുവാൻ അവൾ ഭർത്താവിനെ അനുവദിക്കില്ല. ഭർത്താവിന്റെ പക്കൽ കാശില്ലെങ്കിലും വസ്ത്രവും ആഭരണവും മറ്റും വാങ്ങുവാൻ അവൾ നിർബന്ധിക്കില്ല. ഭർത്താവിന്റെ വരുമാനമറിഞ്ഞ് ചെലവഴിക്കുവാനുള്ള പക്വത അവൾ കാണിക്കും. മക്കളെ മതത്തിന്റെ ചട്ടക്കൂടിനുള്ളിൽ വളർത്തുന്നതിൽ അവൾ ശ്രദ്ധ പുലർത്തും.

എന്നാൽ പരലോകബോധമില്ലാത്ത, ഭൗതിക ലോകത്തെ ആസ്വാദനങ്ങളിൽ ഭ്രമിച്ചുവശായ ഒരു ഭാര്യ നിഷിദ്ധമായ വഴികളിലൂടെയാണെങ്കിലും പണം കണ്ടെത്തുവാൻ ഭർത്താവിനെ പ്രേരിപ്പിക്കും. കടമായിട്ടാണെങ്കിലും വേണ്ടതും വേണ്ടാത്തതുമായ സാധനങ്ങൾ വാങ്ങിക്കൂട്ടുവാൻ ഭർത്താവിൽ സമ്മർദം ചെലുത്തും. മക്കളെ മതബോധമുള്ളവരാക്കി വളർത്തുന്നതിൽ അവൾക്ക് യാതൊരു താൽപര്യവുമുണ്ടായിരികകില്ല.

ഐഹിക ജീവിതത്തിന്റെ ക്ഷണികതയും മനുഷ്യന്റെ നിസ്സാരതയും മനസ്സിലാക്കുന്നവർക്ക് ഭൗതികതയുടെ വർണശബളിമയിൽ മയങ്ങി ജീവിക്കുവാൻ കഴിയില്ല. അല്ലാഹു പറയുന്നു: "(നബിയേ) നീ അവർക്ക് ഐഹിക ജീവിതത്തിന്റെ ഉപമ വിവരിച്ചുകൊടുക്കുക: ആകാശത്തുനിന്ന് നാം വെള്ളമിറക്കി. അതുമൂലം ഭൂമിയിൽ സസ്യങ്ങൾ ഇടകലർന്നു വളർന്നു. താമസിയാതെ അത് കാറ്റുകൾ പറത്തിക്കളയുന്ന തുരുമ്പായിത്തീർന്നു. (അതുപോലെയത്രെ ഐഹിക ജീവിതം). അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു" (ക്വുർആൻ 18:45).

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

വില: ₹280+₹360+₹420=₹1060
ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക്: ₹860

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

മൂന്ന് വാല്യങ്ങൾ




# വഹാബി നവോത്ഥാനം

## വിമർശകരും വസ്തുതകളും

ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ


WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
21 JANUARY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANISATION

മാനവ രക്ഷയ്ക്ക്
ദൈവിക ദർശനം

# വിസ്ഡം ഇസ്‌ലാമിക് കോൺഫറൻസ്

2023 ഫെബ്രുവരി
12
ഞായർ
4.00 PM

## കോഴിക്കോട്
## കടപ്പുറം

LIVE STREAMING
wisdomglobaltv
wisdomyouth

WISDOM ISLAMIC ORGANIZATION
C.V.COMPLEX, P.V.SWAMI ROAD,
KOZHIKODE - 673 002. PH: 0495 4019437